# എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളേ!



സി. ഹാരിയറ്റ് സി.എം.സി.

K, 867
7766

# എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ!

സിസ്റ്റർ ഹാരിയറ്റ് സി.എം.സി.

CARMEL JYOTHI ALWAYE THAIKATTUKARA

*'Ente Thampuranteyum Karthavinteyum Manavattikalaya Maharajasthreekale'*

Malayalam

First Edition : 3rd January 2013

Copies : 1000

Author : Sr. Harriet C.M.C.

Rights reserved by the author

Printed at : Jesus Printers, Angamaly - 683 572

Mob : 9961202374

Published by :

C.M.C. Mary Matha Province, Angamaly

Price Rs. 35/-

## ള്ളടക്കം


പേജ്

ആമുഖം ........................................................................ 5

ആശംസ ........................................................................ 7

ന്ന് ചാവറ പിതാവും സി.എം.സി.യും .................................. 9

ണ്ട് സ്ഥാപകൻ ........................................................... 11

a. ചാവറ പിതാവിന്റെ സ്വന്തം കൈപ്പടയിൽ

b. സഹസ്ഥാപകനായ ബ. ലെയോപോൾദ് മൂപ്പച്ചന്റെ കൈപ്പടയിൽ

c. പെ. ബ. പോരൂക്കര കുര്യാക്കോസ് ഏലീശാച്ചന്റെ കൈപ്പടയിൽ

d. മാർ ലൂയീസ് പഴേപറമ്പിലിന്റെ കൈപ്പടയിൽ

e. ചങ്ങനാശ്ശേരി മെത്രാൻ മാർ മാത്യു കാവുകാട്ട് അയച്ച സർക്കുലറിൽ നിന്ന്

f. പരി. പിതാവ് ജോൺപോൾ രണ്ടാമൻ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച ഡിക്രിയിൽനിന്ന്

ൂന്ന് ചാവറ വിശുദ്ധ ജീവിതത്തിനുടമ ...................................... 20

നാല് തിരുസഭാസ്നേഹം ...................................................... 23

അഞ്ച് നൂറുമേനി ഫലം വിളയുന്ന വയൽ...................................... 26

ആറ് സ്ഥാപകന്റെ ദൈവാനുഭവം - സവിശേഷതകൾ ......... 34

a. ആബ്ബാനുഭവം
- പേരു ചൊല്ലി വിളിക്കുന്ന ദൈവം
- ആ തിരുവാക്യം?
- അപ്പൻ-മകൻ ബന്ധത്തിന്റെ ആഴം

b. സദാ കൺമുമ്പിൽ

c. 'അപ്പൻ' സ്തുതിയുടെ സിംഹാസനത്തിൽ
- കന്യാസ്ത്രീ മഠം സ്ഥാപിച്ചുകഴിഞ്ഞപ്പോൾ
- ധ്യാന ഒരുക്കത്തിലെ നന്ദിപ്രകടനം
- ധ്യാനത്തിനിടയിലും നന്ദി
- പൗരോഹിത്യം എന്ന വലിയ ദാനത്തിനു നന്ദി

# ആമുഖം

സി.എം.സി. സിസ്റ്റേഴ്സ് എല്ലാവരും വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചനെ സ്നേഹത്തോടെ, ബഹുമാനത്തോടെ സ്ഥാപകനായി അംഗീകരിക്കുന്നവരാണ്. അദ്ദേഹം ഒരു വിശുദ്ധനായി പ്രഖ്യാപിക്കപ്പെടാൻ ആഗ്രഹിക്കുന്നവരുമാണ്. എന്നാൽ 'സ്ഥാപകനെ ഒരു വിശുദ്ധനായി സ്വീകരിക്കുവാൻ ഒരുങ്ങിയോ' എന്ന ചോദ്യത്തിന് എന്തുത്തരം പറയും? അതായത് സ്ഥാപകനെക്കുറിച്ച് പഠിക്കുകയും അദ്ദേഹം നൽകുന്ന സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയും, അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥശക്തി ദൈവജനത്തിന് പകർന്നു കൊടുക്കത്തക്കവണ്ണം അറിവും ഭക്തിയും വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ടോ? വിശുദ്ധിയിലേക്കുള്ള പ്രയാണത്തിൽ നമ്മൾ എവിടെ നില്ക്കുന്നു? ഈ ചോദ്യങ്ങൾക്ക് നല്ല രീതിയിൽ ഉത്തരം കൊടുക്കുവാൻ നമ്മളെല്ലാം ബാദ്ധ്യസ്ഥരാണ്. ഈ ചിന്തയോടെ, സി.എം.സി. സിസ്റ്റേഴ്സിനുവേണ്ടിയാണ് പ്രധാനമായും ഈ ചെറിയ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്. സ്ഥാപന ചരിത്രം, അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയെക്കുറിച്ച് ഒരു ചെറിയ വിവരണം, അദ്ദേഹം നമുക്ക് നൽകിയിട്ടുള്ള ഉപദേശങ്ങൾ; അങ്ങനെ, നമുക്ക് ചാവറ പിതാവിനെക്കുറിച്ച് പൊതുവായ ഒരു അറിവ് ലഭിക്കണം എന്നതാണ് എന്റെ ലക്ഷ്യം. കൂടാതെ, ചാവറയച്ചന്റെ മക്കൾ മറ്റുള്ളവർക്ക് ക്ലാസുകൾ എടുക്കുകയോ, പ്രാർത്ഥന നടത്തുകയൊ ചെയ്യുമ്പോൾ ചാവറ പിതാവിനെ ആവശ്യാനുസരണം ഉദ്ധരിക്കുവാൻ ഇതിലെ ആശയങ്ങൾ ഉപകാരപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ചാവറയച്ചന്റെ ജീവചരിത്രപുസ്തകങ്ങൾ, അദ്ദേഹത്തിന്റെ കൃതികൾ-നാല് വാല്യങ്ങൾ (കത്തുകൾ 2011-ലെ എഡിഷൻ), മാന്നാനം ആലോചന പുസ്തകം, ആഭ്യന്തരഹർമ്മ്യം എന്നിവയാണ് ഈ പുസ്തക രചനയിൽ പ്രമാണ ഗ്രന്ഥങ്ങളായി പ്രധാനമായും സ്വീകരിച്ചിരിക്കുന്നത്.

**ഇതൊരു തുടക്കം മാത്രം.**

ചാവറ പിതാവിന്റെ ആദ്ധ്യാത്മികാനുഭൂതി, സിസ്റ്റേഴ്സിന് നൽ ഉപദേശങ്ങൾ തുടങ്ങിയവ വളരെ ആഴത്തിൽ പഠിക്കേണ്ട വി ങ്ങളാണ്. അദ്ദേഹത്തിന്റെ കൃതികളോടനുബന്ധിച്ച് പല പുസ്തകങ്ങ അച്ചടിച്ച് പ്രസിദ്ധം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എങ്കില സ്ഥാപകന്റെ ആദ്ധ്യാത്മികതയുടെ ആഴങ്ങളിലേക്കിറങ്ങ സാധിക്കുന്ന തരത്തിലുള്ള പഠനങ്ങൾ ഇനിയും നടത്തേ യിരിക്കുന്നു. അതിനായി ചാവറ മക്കളെ ആഹ്വാനം ചെയ്യാൻകൂടി ഉ അവസരം വിനിയോഗിക്കട്ടെ.

**കൃതജ്ഞതയുടെ കൂപ്പുകൈ!**

ഈ പുസ്തകം അച്ചടിച്ച് പ്രസിദ്ധം ചെയ്യാൻ അനുവാ നൽകുകയും ഒരു ആശംസ എഴുതി തരികയും ചെയ്ത പ്രൊവിൻഷ്യ മ്മയോട് ഏറെ നന്ദിയുണ്ട്. ഇതു മുഴുവൻ വായിച്ച് തിരുത്തലുക നൽകിയ സി. മരിയ ആന്റോ (അങ്കമാലി), സി. മരീന (തലശ്ശേര സി. ജോസ്സി (ഡറാഡൂൺ), സി. സോഫിറോസ് (ചങ്ങനാശ്ശേരി), സ നവ്യ (കോതമംഗലം) തുടങ്ങിയവരോടുള്ള കൃതജ്ഞത വള പ്രത്യേകമായി അറിയിക്കുന്നു. പുസ്തകത്തിന്റെ കവർ ഡിസൈ ചെയ്ത തോമസ് കണ്ണമ്പുഴയേയും ഭംഗിയായി പ്രിന്റ് ചെയ്ത ജീസ്സ പ്രിന്റേഴ്സിലെ (അങ്കമാലി) സഹോദരങ്ങളെയും നന്ദിയോ ഓർക്കുന്നു. കൂടാതെ ഞാൻ ആയിരിക്കുന്ന സമൂഹത്തിലെ മദറിനോട (സി. ബോറോമിയോ), സിസ്റ്റേഴ്സിനോടും ഈ പുസ്തക രച യിലുള്ള കടപ്പാട് ഞാൻ ഇവിടെ രേഖപ്പെടുത്തട്ടെ.

ഞാനല്ല, എന്നിലുള്ള ദൈവകൃപയാണ് ഈ പുസ്കത്തിന് രൂപവു ഭാവവും നൽകിയിരിക്കുന്നത്. അതുകൊണ്ട്, ഇത് വായിക്കുന്നവ ക്കെല്ലാം നല്ല ഫലം പുറപ്പെടുവിക്കുവാൻ കഴിയുമെന്ന് ഞാൻ പ്രത്യാശ ിക്കുന്നു; അതിനായി പ്രാർത്ഥിക്കുന്നു.

സി. ഹാരിയറ്റ് സി.എം.സി.

അങ്കമാലി



# ആശംസ

"ഓരോ സന്യാസസമൂഹത്തിൻെറയും സ്ഥാപകചൈതന്യത്തിന് അനുയോജ്യമാംവിധം സ്വർഗ്ഗീയമഹത്വത്തെ വിളിച്ചറിയിക്കുന്ന അടയാളങ്ങളാണ് സന്ന്യാസികൾ" (കാനൻ 410). ഉറവിടങ്ങളിലേക്ക് പിൻതിരിഞ്ഞ്, ഓരോ കാലഘട്ടത്തിലും സന്ന്യാസ ജീവിതനവീകരണം സാധിതമാക്കുവാൻ 'പെർഫെക്ത കാരിത്താത്തിസ്' എന്ന വത്തിക്കാൻ കൗൺസിൽ ഡിക്രി ആഹ്വാനം ചെയ്യുമ്പോൾ സ്ഥാപക പിതാവായ വാ. ചാവറപ്പിതാവിന്റെ ആത്മീയതയെ ജീവിതത്തിലും പ്രവർത്തനത്തിലും ഉൾക്കൊള്ളുക എന്നതാണ് നമ്മുടെ കടമ. ശ്ലീഹായായ കേരളസഭയെ വിശുദ്ധരുടെ മാതാവാക്കുവാനുള്ള ദൈവഹിതം ഏറ്റുവാങ്ങി, 19-ാം നൂറ്റാണ്ടിൽ ആത്മീയ ചൈതന്യമായി നിറഞ്ഞുനിന്ന ചാവറപ്പിതാവ് ഇന്നിന്റെ സംസ്ക്കാരത്തിലും ആവിഷ്കൃതനാകുമ്പോൾ നൽകുന്ന സന്ദേശം ഇതാണ്-ആഴമായ ദൈവികതയിൽനിന്ന് ഉയിർക്കൊള്ളുന്ന ദർശനങ്ങളാണ് നൂറുമേനി ഫലം പുറപ്പെടുവിക്കുന്നത്. ദൈവത്തിന്റെ സന്നിധിയിൽ സ്നേഹത്തിൽ പരിശുദ്ധരും കളങ്കമില്ലാത്തവരുമായിരിക്കുവാൻ ലോകസ്ഥാപനത്തിന് മുമ്പുതന്നെ നടന്ന നമ്മുടെ തിരഞ്ഞെടുപ്പിന് (എഫേ. 1:4) മാർഗ്ഗദീപമായി വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനെ നൽകിയ ദൈവത്തിന് നന്ദി പറയാം.

ഈ അവസരത്തിൽ, നാം സ്വീകരിച്ചിരിക്കുന്ന ഈ ജീവിതാന്തസ്സിന്റെ ശ്രേഷ്ഠതയെയും ചുമതലകളെയും ആഴത്തിൽ ഉൾക്കൊ

ളളുവാൻ സഹായകമാകുംവിധം ചാവറപ്പിതാവിന്റെ ദർശനങ്ങളെ പങ്കുവയ്ക്കുവാൻ ശ്രമിക്കുകയാണ് ഈ ചെറുഗ്രന്ഥത്തിലൂടെ സി. ഹാരിയറ്റ്. "എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ!" എന്ന ശീർഷകത്തിലൂടെ ഈ ഗ്രന്ഥം നമുക്കായി തുറക്കപ്പെടുമ്പോൾ, ഭക്തി-കർമ്മ മാർഗ്ഗത്തെ ഒന്നിപ്പിച്ച ചാവറപ്പിതാവിന്റെ സ്ഥാപകത്വത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെടുന്ന ഇന്നിന്റെ സാഹചര്യങ്ങളിൽ വളരെ ആധികാരികമായും ചരിത്രപരമായ തെളിവുകളോടുംകൂടി 'സഭാസ്ഥാപകൻ' എന്ന ദൈവനിയോഗത്തെ ഇതിൽ പ്രതിപാദിക്കുന്നു. ചാവറ ആദ്ധ്യാത്മികതയെ അതിന്റെ എല്ലാ ഭാവങ്ങളെയും ഉൾച്ചേർത്തുകൊണ്ട് ആഴത്തിൽ വിശകലനം ചെയ്തിരിക്കുന്നു എന്നത് സന്തോഷകരമാണ്. ഇതിനായി ഏറെനാൾ അദ്ധ്വാനിച്ച്, പിതാവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ലിഖിതങ്ങളെയും സൂക്ഷ്മതയോടെ പരിശോധിച്ച് പുസ്തക രൂപത്തിൽ നമുക്കായി സമാഹരിച്ച സിസ്റ്ററിന് അഭിനന്ദനങ്ങൾ!

"ഹാ! കർത്താവേ! നിന്നോട് ഞങ്ങൾ ഒന്നാകുംവരെ ഞങ്ങളിൽ നിന്നും അകലല്ലെ" (ചാ. കത്ത് VII/6) എന്ന അപേക്ഷയിലൂടെ ദൈവൈക്യത്തെ ജീവിതലക്ഷ്യമായി പിതാവ് കാണിച്ചുതരുമ്പോൾ ഈ ദർശനത്തെ സ്വന്തമാക്കി നാം കരേറിയിരിക്കുന്ന ജീവിതാവസ്ഥയെ ഉന്നതവും സ്തുത്യർഹവുമാക്കുവാൻ ഈ ഗ്രന്ഥം എല്ലാവർക്കും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

**സി. ആനി ഡേവിസ്**
പ്രൊവിൻഷ്യൽ സുപ്പീരിയർ
മേരിമാതാ പ്രൊവിൻസ്, അങ്കമാലി

ഒന്ന്



# ചാവറപിതാവും സി.എം.സി.യും

സിസ്റ്റേഴ്സിനുവേണ്ടി ചാവറപിതാവ് എഴുതിയ ഒരു കത്തിൽ, സിസ്റ്റേഴ്സിനോട് അദ്ദേഹം ഇങ്ങനെ ചോദിക്കുകയുണ്ടായി: "ഹാ ഒന്നോർത്തു നോക്കുക! നമ്മൾ തമ്മിൽ എന്തു ബന്ധം? നിങ്ങൾ എവിടെയാണ്? ഞാൻ എവിടെയാണ്? നിങ്ങളെ ഞാൻ അറിയുമോ? എന്നെ നിങ്ങൾ അറിയുമോ?"

അതായത്, കുറെ നാൾ മുമ്പ് ചാവറ പിതാവും സിസ്റ്റേഴ്സും പല സ്ഥലങ്ങളിലായിരുന്നു; പരസ്പരം അറിയുകയില്ലായിരുന്നു. എന്നാൽ ഇപ്പോഴോ?

"ഇപ്പോൾ നിങ്ങളുടെ രക്തസംബന്ധക്കാരെക്കാൾ നിങ്ങൾ എന്നെയും അപ്രകാരം ഞാൻ നിങ്ങളെയും സ്നേഹിക്കാൻ എന്താണ് കാരണം?"[1]

ചാവറ പിതാവും ആദ്യഅംഗങ്ങളും തമ്മിൽ ഗാഢമായ സ്നേഹ ബന്ധം ഉണ്ടായിരുന്നു. അത് ചാവറ പിതാവു തന്നെ സമ്മതിക്കുന്നുണ്ട്. എന്നാൽ നമുക്കോ? സി.എം.സി. സിസ്റ്റർ എന്ന നിലയിൽ ചാവറ പിതാവുമായുള്ള ബന്ധം എങ്ങനെ? സി.എം.സി.യുടെ സ്ഥാപകൻ ആണ് എന്ന് പറയുന്നുവെങ്കിൽ അതിന് തെളിവുകളുണ്ടോ? അദ്ദേഹത്തിന്റെ ആത്മീയാനുഭവങ്ങളെക്കുറിച്ച് അറിയാമൊ? അദ്ദേഹം സിസ്റ്റേഴ്സിനോട് നേരിട്ട് പറഞ്ഞവയും കത്തുകളിലൂടെ നല്കിയവയുമായ

രണ്ട്



# സ്ഥാപകൻ

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സി.എം.സി.യുടെ സ്ഥാപകൻ ആണ് എന്നതിൽ നമുക്ക് സംശയമില്ല. പക്ഷെ ലത്തീൻ സമുദായത്തിലെ നമ്മുടെ സഹോദരി–സന്യാസ സമൂഹം തന്നെ (സി.റ്റി.സി.) അക്കാര്യത്തിൽ വെല്ലുവിളികൾ ഉയർത്തുകയും എതിർ പ്രചാരണങ്ങൾ നടത്തുകയും ചെയ്യുന്നതിനാൽ, സ്ഥാപകനാര് എന്നതിനുള്ള ചരിത്രപരമായ തെളിവുകൾ ഇവിടെ രേഖപ്പെടുത്തുകയാണ്. സന്യാസസമൂഹം തുടങ്ങുന്നതിന് ആദ്യമായി ഉൾക്കാഴ്ച കിട്ടിയ വ്യക്തിയെയാണ് 'സ്ഥാപകൻ' ആയി കണക്കാക്കുക. ചരിത്ര രേഖകളിലൂടെയുള്ള തെളിവുകൾ പരിശോധിക്കാം. ഒന്നാമതായി ചാവറപിതാവ് എഴുതിയിട്ടുള്ള ചില വാക്യങ്ങളും വാക്കുകളും സമകാലീന ചരിത്രസാക്ഷ്യങ്ങളോട് ചേർത്ത് വായിച്ചുനോക്കുക.

**a) ചാവറപിതാവിന്റെ സ്വന്തം കൈപ്പടയിൽ**

1. *കൂനമ്മാവ് കന്യാസ്ത്രീ മഠം നാളാഗമ*ത്തിന്റെ ആദ്യത്തെ 16 പേജ് എഴുതിയത് ചാവറയച്ചൻ തന്നെയാണ്. അതിന്റെ തുടക്കം: 'ഏറിയനാൾ മുമ്പിനാലെ സത്യവേദം നടന്നുവരുന്ന ഈ മലയാളത്തിൽ കൊവേന്തകളും, കന്യാസ്ത്രീ മഠങ്ങളും ഉണ്ടാകാതെയും... ആൺവർഗ്ഗക്കാർക്ക് പട്ടസുഖം എന്നതിനാൽ കന്നിസുഖക്കാരാകുന്നു എന്നല്ലാതെ സ്ത്രീ വർഗ്ഗത്തിന് വിവാഹം കൈകൊണ്ട്, സംസാരികൾ ആകുക എന്നല്ലാതെ കന്യാത്വം കാത്തിരിപ്പാൻ മനസ്സുള്ളവരുണ്ടായാലും ആയതിന് ഒരു പോംവഴിയും നിർവ്വാഹവും കൂടാതെ ഈ ദുഃഖത്തിൽ തന്നെ ദീർഘകാലമായി നടന്നു വരികയിൽ...." (പേജ് 1)

ഈ വാചകത്തിൽ കാണുന്ന 'ഏറിയ നാൾ മുമ്പിനാലെ' എന്നതുകൊണ്ട് നാം മനസ്സിലാക്കേണ്ടത് എന്താണ്? ഏ. ഡി. 52 മുതൽ മലയാളത്തിൽ ക്രൈസ്തവർ ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടായിട്ടും ഇവിടെ കൊവേന്തകളുണ്ടായില്ല; മഠങ്ങളും ഉണ്ടായില്ല. ഈ ഹൃദയദുഃഖം 1829-ൽ 'കുർബാനപട്ടം ഏറ്റപ്പോൾ മെത്രാനച്ചനോടുകൂടിയുള്ള ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വേലയും നിറവേറാനുള്ള ദൈവാനുകൂല്യം ഉണ്ടാകണെ''[2] എന്ന പ്രാർത്ഥനയോടെ നിത്യപിതാവിന് കാഴ്ചവെച്ചു.

'ഈ ദുഃഖത്തിൽ ദീർഘകാലം നടന്നുവരികയിൽ' എന്ന് അതേ വാചകത്തിൽ കാണുന്നു. ദീർഘകാലം ദുഃഖിച്ചു. എത്രകാലം? 1866-ലാണല്ലൊ ഈ നാളാഗമം എഴുതുന്നത്. 1829 നവംബറിൽ തന്റെ ഈ ആഗ്രഹപൂർത്തീകരണത്തിനായി പ്രാർത്ഥിച്ചു. 1831 മെയ് 11-ാം തീയതി സി.എം.ഐ. സഭയ്ക്ക് തുടക്കം കുറിച്ചപ്പോൾ ഒരു ദുഃഖത്തിന് ശമനമായി. എങ്കിലും 1866 ഫെബ്രുവരിയിലാണ് കന്യാസ്ത്രീമഠം സ്ഥാപിക്കാൻ കഴിഞ്ഞത്. ഏകദേശം 35 വർഷങ്ങൾ-ദീർഘകാലം-ഈ ദുഃഖത്തിൽ അതായത് കന്യാസ്ത്രീ മഠം ഇല്ലാത്ത ദുഃഖത്തിൽ കഴിഞ്ഞുകൂടി.

2. 'ആൺവർഗ്ഗക്കാർക്ക് പട്ടസുഖം' എന്നതിനാൽ അതായത് ഇടവക വൈദികർ ഇവിടെ ഉണ്ടായിരുന്നതിനാൽ പുരുഷന്മാർക്ക് പൗരോഹിത്യം സ്വീകരിക്കാൻ കഴിഞ്ഞിരുന്നു. 1855 ഡിസംബർ 8-ാം തീയതി അവർക്കുവേണ്ടി സന്യാസസഭയും ഔദ്യോഗികമായി സ്ഥാപിച്ചു. അപ്പോഴും സ്ത്രീകൾക്ക് സംസാരികളായി കഴിയേണ്ടിവന്നു. കന്യാത്വം സ്വീകരിക്കണമെന്നാഗ്രഹിച്ചാലും ഒരു പോംവഴിയും നിർവ്വാഹവും ഉണ്ടായിരുന്നില്ല.

1859-ൽ ആലങ്ങാട്ട് കുന്നേൽ എന്ന സ്ഥലത്ത് ഒരു കന്യാസ്ത്രീ മഠം സ്ഥാപിക്കാൻ ശ്രമിച്ചുവെന്നും തൃശ്ശിനാപ്പിള്ളിയിലെ കാനൂസ് മെത്രാന്റെ നിർദ്ദേശപ്രകാരം വരാപ്പുഴയിൽ നിന്നൊ, കൂനമ്മാവിൽ നിന്നൊ വളരെ അകലെ ആയതിനാൽ ആ യത്നം വേണ്ടെന്ന് വച്ചുവെന്നും ചരിത്രത്തിൽ കാണുന്നുണ്ട്.[3] ഈ കാര്യത്തെക്കുറിച്ച് ചാവറയച്ചൻ എങ്ങും എഴുതിയിട്ടുള്ളതായി അറിവില്ല. കന്യാസ്ത്രീ മഠം ഉണ്ടായിക്കാണുവാനുള്ള അദ്ദേഹത്തിന്റെ തീവ്രമായ ആഗ്രഹത്തെക്കുറിച്ച് പാറപ്പുറം വർക്കിയച്ചൻ (ചാവറയച്ചന്റെ സമകാ

ലികൻ) തന്റെ നാളാഗമത്തിൽ എഴുതിയിട്ടുണ്ട് (പേജ് 656 - 657).

3. കൂനമ്മാവ് കന്യാസ്ത്രീ മഠത്തിന്റെ നാളാഗമം വാല്യം 1, ആദ്യത്തെ രണ്ടു പേജുകളിലായി പുത്തമ്പള്ളിയിൽ മഠം സ്ഥാപിക്കാനുള്ള പരിശ്രമത്തെക്കുറിച്ച് പറയുന്നുണ്ട്. 'വരാപ്പുഴെ പുത്തൻപള്ളിയുടെ കുരിശിന് കിഴക്കു പുറത്തുള്ള പറമ്പിൽ ഇതിന്നടിസ്ഥാനമിട്ട്, ഏറിയ ദ്രവ്യം ചെലവു ചെയ്ത് അഞ്ചേമുക്കാൽ കോൽ പൊക്കത്തിൽ നാലു വശവും മതിൽ കെട്ടിപ്പൊക്കി വരികയിൽ...", റോക്കോസ് ശീശ്മയുടെ അനന്തരഫലമായി നല്ല പട്ടക്കാർ ഇല്ലായ്കയിലുള്ള ആത്മനാശം കണ്ട് ആയത് മാറ്റി സെമിനാരി യെന്ന് നിശ്ചയിച്ചു.

4. അന്നത്തെ വരാപ്പുഴ അപ്പസ്തോലിക്ക മാർ ബർണ്ണർദ്ദീനോസ് റോമിലേക്ക് എഴുതിയ ഒരു കത്തിൽ (29-06-1860) സിസ്റ്റേഴ്സിന് പാർക്കാനുള്ള ഒരു മഠം പണിയുന്നതിനെക്കുറിച്ച് പരാമർശി ക്കുന്നുണ്ട്.[4] അവിടെയും വിവക്ഷ പുത്തൻപള്ളിയിലെ മഠം പണിയാണ്.

5. *മാന്നാനം ആലോചന പുസ്തകത്തിൽ* പുത്തമ്പള്ളിയിൽ മഠം തുടങ്ങുന്നതിന് മെത്രാനും പിതാക്കളും ആഗ്രഹിച്ച വർത്തമാനം എഴുതി കാണുന്നുണ്ട് (പേജ് 95). പ്രസ്തുത മഠത്തിന്റെ രണ്ടാം നിലവരെ എത്തിയപ്പോഴാണ് റോക്കോസ് ശീശ്മയുടെ ഫലമായി പട്ടക്കാരുടെ കുറവ് നിമിത്തം അത് സെമിനാരിയാക്കാൻ മെത്രാൻ നിശ്ചയിക്കുന്നത്.

6. 1859 ധനു മാസത്തിൽ 5-ാം പട്ടക്കാരനായ ബ്രദർ ലെയോപോൾ ഡിന്റെ വരവിനെക്കുറിച്ച് *കൂനമ്മാവ് മഠം നാളാഗമ*ത്തിൽ ചാവറ യച്ചൻ എഴുതുമ്പോൾ, തന്റെ മാനസികാവസ്ഥ എങ്ങനെയെന്ന് വെളിവാക്കുന്നു; അതായത്, "പുത്തൻപള്ളിയിൽ മഠം സ്ഥാപിക്കാൻ സാധിക്കാത്തതിനാൽ ശരണവും കെട്ട് മുമ്പിലത്തെ പോലെയുള്ള ദുഃഖാവസ്ഥയിൽ ജീവിച്ച് വരുമ്പോൾ..." (പേജ് 2). മുൻകാലങ്ങളിൽ ഉണ്ടായ ദുഃഖാവസ്ഥ-കന്യാസ്ത്രീമഠം സ്ഥാപിക്കാൻ സാധിക്കാത്ത തിലുള്ള ദുഃഖാവസ്ഥ - തുടർന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ദലഗാത്തച്ചന്റെ വരവ്. "ഇപ്പോൾ ഞങ്ങൾക്ക് - ദെലഗാത്തായിരിക്കുന്ന എത്രയും പെ. ബ. ലെയോ പോൾഡ് മര്യ ദെ സാം ജൂസെ എന്ന മൂപ്പച്ചൻ ചെയ്ത വേലയാലും സഹായത്താലും ഇതിന്നിടയായി" എന്ന് സന്തോഷത്തോടെ എഴുതിയിരിക്കുന്നു.

7. *കൂനമ്മാവ് മഠം നാളാഗമം* പേജ് 5-ൽ ചാവറയച്ചൻ എഴുതുന്നു: "ഈ വിവരങ്ങളൊക്കെയും (പനമ്പുമഠം, അതിലെ അംഗങ്ങൾ) പെ. പെ. ബ. മെത്രാപ്പോലീത്തച്ചനെ ബോധിപ്പിച്ചാറെ, അഞ്ച് കോൽ പൊക്കത്തിലുള്ള മതിലിനകത്ത് പാർപ്പിക്കണം എന്ന് നിശ്ചയിച്ച് മെത്രാനച്ചൻ പനമ്പുകൊണ്ടുള്ള പുരയിൽ പാർപ്പിക്കുന്നതിന് ഒരു തടസ്സവും കല്പിക്കാതെ 'നല്ലത്' എന്നും ആയതിനുള്ള ക്രമപുസ്തകം തരാമെന്നും ആയത് മലയാളത്തിൽ പകർത്തി ചെയ്യണമെന്ന് കല്പിച്ച് പുസ്തകം കൊടുക്കുകയും..." ചെയ്തു.

*മാന്നാനം ആലോചന പുസ്തകത്തിൽ* ഈ സംഭവം വിവരിക്കുന്നുണ്ട്. "ഈ മലയാളത്തിൽ കന്യാസ്ത്രീമഠം ഇല്ലായ്കയാൽ ആയതും കൂടെ നടത്തണമെന്നും പെ. പെ. ബ. മെത്രാപ്പോലിത്താ അച്ചനും ശേഷം പിതാക്കളും ആഗ്രഹിച്ച് ആയതിന് പണി തുടങ്ങി, നടന്നു വരുമ്പോൾ നല്ല പട്ടക്കാരുടെ ദിഷ്ടതി അതിലും വലുതായി കാൺകകൊണ്ട് ആയത് സെമിനാരിയാക്കേണ്ടുന്നതിനായിട്ട് നിശ്ചയിച്ചതിനാൽ ഈ അപേക്ഷ ദീർഘമായിട്ടും, പിതാവിന് വയസ്സും ക്ഷീണവുമായിട്ടും ആയിരിക്കകൊണ്ടും കോട്ടപോലെ മതിൽ കെട്ടി മഠം ഉണ്ടാക്കുവാൻ നിശ്ചയിച്ച പിതാവ് തൽക്കാലം വേലിയായും പനമ്പും മുളയുംകൊണ്ട് സ്ഥലമുണ്ടാക്കി സ്ഥാപിപ്പാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ..." (പേജ് 95-96).

ഇവിടെ "മെത്രാപ്പോലീത്താച്ചനും ശേഷം പിതാക്കളും" എന്ന് കാണുന്നു. മാർ ബർണ്ണർദീനോസ് മെത്രാപോലീത്തായാണ് അന്ന് മലയാളത്തിലെ സുറിയാനിക്കാരെ ഭരിച്ചിരുന്നത്. മാന്നാനം ആലോചന പുസ്തകത്തിൽ 'പിതാക്കൾ' എന്ന പദത്തിൽ പ്രിയോരായ ചാവറയച്ചനും ഉൾപ്പെടുന്നുണ്ട് (പേജ് 97).

മേൽപ്പറഞ്ഞവയിൽനിന്നും ഒരു കാര്യം വ്യക്തമാണ്. കന്യാസ്ത്രീമഠം സ്ഥാപിക്കുന്ന കാര്യത്തിൽ ഒരു സുറിയാനി വൈദികനായ ചാവറയച്ചൻ നേതൃനിരയിൽത്തന്നെ വരുന്നുണ്ട്. സുറിയാനിക്കാരുടെ മേലുള്ള ഭരണാധികാരം ലത്തീൻകാർക്ക് ആയതിനാൽ, അവരോട് ചേർന്നുനിന്ന്, അവർക്ക് വിധേയപ്പെട്ട് ആണ് തന്റെ ആഗ്രഹപൂർത്തീകരണത്തിനായുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

8. പുത്തൻപള്ളിയിൽ കെട്ടിടം പണിയാനുള്ള സ്ഥലത്തിന്റെ ആധാരത്തിൽ ഇപ്രകാരം വായിക്കുന്നു: "അമലോത്ഭവ വിശുദ്ധ കർമ്മലദേവമാതാവിന്റെ കന്യാസ്ത്രീമഠം വച്ചു നടത്തുന്നതിന്

ങ്ങളുടെ പള്ളി വക അട്ടിപ്പേറ്റ് അങ്ങാടിയിൽ കിഴക്കുവശത്തുള്ള 68, 69, 70, 71 നാല് ലക്കമായിട്ട് പറമ്പ് രണ്ടു മുറിയും, ഇതിന് കിഴക്കുവശം കാണം വകയിൽ 76-ാം ലക്കത്തിൽ തെക്കെ മുറി പറമ്പ് ഒന്നും, ഈ വക പറമ്പുകൾ മൂന്ന് മുറിയും വെറും പാട്ടമായി കൊടുക്കണമെന്നും ആ വകയുള്ള പാട്ടം പള്ളിക്ക് തരുവിച്ച് കൊള്ളാമെന്നും എ. പെ. പെ. ബ. മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക ആ. പ്ര. ബർണ്ണർദീനോസ്, ദെസാന്തത്രേസ്യാ എരാപ്പ എന്ന ദിക്കിന്റെ മെത്രാനച്ചൻ കല്പിക്കക്കൊണ്ട് മലെഴുതിയ കന്യാസ്ത്രീമഠം വയ്ക്കുന്നതിന്, പറമ്പ് മൂന്നു മുറിയും പാട്ടമായി എഴുതി തന്നതിന് സാക്ഷി... 1859 കുംഭം 4 ന്.[6]

9. ചാവറയച്ചൻ ആൺവർഗ്ഗക്കാർക്ക് കൊവേന്ത പണിയിച്ചപ്പോൾ നൽകിയ പേരുതന്നെ കന്യാസ്ത്രീമഠത്തിനും നൽകിയിരിക്കുന്നു. 'അമലോത്ഭവ വിശുദ്ധ കർമ്മലദേവ മാതാവിന്റെ' കന്യാസ്ത്രീമഠം. അതുകൊണ്ടുതന്നെ ചാവറയച്ചന്റെ ഉൾക്കാഴ്ചയാണ് പ്രസ്തുത മഠത്തിന്റെ (ഇടയ്ക്ക് സെമിനാരിയാക്കേണ്ടിവന്നു) തുടക്കത്തിന് ഹേതു എന്നതിൽ സംശയം വേണ്ട. അന്നത്തെ മെത്രാന്റെ പേരിലാണ് സ്ഥലം വാങ്ങുന്നത്; കാരണം അന്നത്തെ രീതി അതായിരുന്നു.

10. 1866 ഫെബ്രുവരി 13-ാം തീയതി പനമ്പുമഠം ഉദ്ഘാടനം ചെയ്യും എന്ന നിശ്ചയം വന്നപ്പോൾ വൈക്കത്ത് പുത്തനങ്ങാടി ഏലീശ്വയെ ചാവറയച്ചൻ വരുത്തുന്നുണ്ടല്ലോ. ഏലീശ്വ, കൊച്ചുവർക്കി വൈദ്യന്റെ മകളാണെന്നും 14-ാം വയസ്സിൽ വിവാഹം ചെയ്ത് 10 വർഷം ഭർത്താവിന്റെ കൂടെ ജീവിച്ചുവെന്നും, ഭർത്താവിന്റെ മരണശേഷം സഹോദരൻ ഇസഹാക്ക് വൈദ്യന്റെ വീട്ടിൽ ആയിരുന്നുവെന്നും, കുമ്പസ്സാരം, കുർബ്ബാന എന്നീ കൂദാശകളി ലൂടെയും ധ്യാന നമസ്കാരങ്ങളിലൂടെയും ഭക്തജീവിതം നയിച്ചി രുന്നുവെന്നും അറിയാമായിരുന്ന ചാവറയച്ചനാണ് അവളെ മഠത്തി ലേക്ക് ക്ഷണിച്ചത്. ഫെബ്രുവരി 11-ാം തീയതി അവൾ വികാരിയ പ്പന്റെയും ഇളയപ്പന്റെയുംകൂടെ കൂനമ്മാവിലെത്തുകയും ചെയ്തു.[7]

ചാവറയച്ചന് അവളുടെ ആത്മസ്ഥിതി നന്നായി അറിയാമാ യിരുന്നുവെന്നും, കന്യാസ്ത്രീ മഠത്തിലേക്കുള്ള അംഗമായി അവളെ ഒരുക്കി നിർത്തിയിരുന്നുവെന്നും ഇവിടെ നമുക്ക് ഊഹിക്കാം.

11. സ്ഥാപകന്റെ ദുഃഖം

"സർവ്വേശ്വരൻ എന്റെ ചുമതലയിൽ ഏൽപ്പിച്ചിരിക്കുന്ന പൈതങ്ങൾക്കും എന്റെ തമ്പുരാന്റെ മണവാട്ടികളായ നിങ്ങൾക്കും ഞാൻ വരുത്തിയിരിക്കുന്ന എന്റെ സൂക്ഷ്മതയില്ലാത്ത ഉതപ്പുകൾമൂലം വിധിയിൽ വരാനിരിക്കുന്ന വലിയ കുറ്റപ്പാടുകൾ എന്നോട് കരുണാപൂർവ്വം ക്ഷമിക്കുന്നതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ" [8]

"നിങ്ങളോടും (സിസ്റ്റേഴ്സ്) ബോർഡിംഗിലെ കുട്ടികളോടും ഒരു ഉപദേശവും ഞാൻ പറയുന്നില്ല എന്നതിൽ എനിക്ക് ദുഃഖമുണ്ട്. എന്റെ ശരീരത്തിന്റെ ക്ഷീണം മൂലമാണ്" [9]

b) **സഹസ്ഥാപകനായ ബ. ലെയോപോൾഡ് മൂപ്പച്ചന്റെ കൈപ്പടയിൽ**

1. മൂപ്പച്ചന്റെ ഡയറിയിൽനിന്ന്

"...അദ്ദേഹം മലബാറിലെ കർമ്മലീത്താ മൂന്നാം സഭയുടെ സ്ഥാപകനും ആദ്യ പ്രിയോരുമായിരുന്നു. പല പ്രതിസന്ധികളേയും തരണം ചെയ്ത് കന്യാസ്ത്രീകൾക്കുവേണ്ടി മഠവും അദ്ദേഹം സ്ഥാപിച്ചു".[10]

2. ചാവറയച്ചൻ രചിച്ച 'ആത്മാനുതാപം' എന്ന കൃതിയിലെ കുറെ ഭാഗങ്ങൾ ആദ്യമായി പ്രസിദ്ധം ചെയ്തപ്പോൾ അതിന് മുഖവുരയായി വന്ദ്യ ലെയോപോൾഡ് മൂപ്പച്ചൻ എഴുതുന്നു.

"...ഇതിൽ പ്രത്യേകമായിട്ട് മലയാളത്തിലെ പെൺ പൈതങ്ങൾക്ക് ഒരു പുണ്യസങ്കേതം, വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ട് വളരുന്നതിനും ഒരു കന്യാസ്ത്രി മഠം ഉണ്ടാകണമെന്ന് എത്രയും ആഗ്രഹവുമായി. ആയതിന് സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ അതിനെ നിറവേറ്റുന്നതിന് എത്രയൊ പ്രയത്നം ചെയ്തുവെന്ന് ഈ ചുരുങ്ങിയ വിവരണത്തിന് അടങ്ങുന്ന കാര്യമല്ല. കന്യാസ്ത്രീമഠം നടത്തി തുടങ്ങിയതിന്റെ ശേഷവും അതിനെ വേണ്ടുന്ന ക്രമത്തോടും പുണ്യത്തോടും കൂടെ നടത്തുന്നതിന് എത്രയോ ആഗ്രഹവും താല്പര്യവുമായിരുന്നുവെന്ന് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കുന്നു.." (Page xviii, Published by the Postulator 1959).

3. ചാവറയച്ചൻ മരണാസന്നനായി കിടക്കുമ്പോൾ, അദ്ദേഹത്തിന്റെ ആത്മീയമക്കളായ പട്ടക്കാർ സന്ദർശിക്കയും വാഴ്‌വ് വാങ്ങിച്ച് പോകുകയും ചെയ്തിരുന്നു. അവരിൽ പലരും വിദൂരസ്ഥലങ്ങളിലെ വികാരിമാരായതുകൊണ്ട് സംസ്കാരത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞില്ല. കബറിടത്തിൽ പ്രാർത്ഥിക്കാൻവേണ്ടി വന്നു. അവർ ബ. ബ. ലെയോപോൾഡ് മൂപ്പച്ചനെ കണ്ട് സംസാരിച്ചപ്പോൾ, പരേതൻ ചെയ്ത പുണ്യങ്ങളെക്കുറിച്ചും മറ്റും ശ്ലാഘ്യമായി പറഞ്ഞതല്ലാതെ 'അദ്ദേഹം മുഖാന്തിരം ഈ കന്യാസ്ത്രിമഠം ഇവിടെ ഉണ്ടാക്കാൻ ഇടയായി' എന്നു പറഞ്ഞു. അവർ ഇതെല്ലാം കേട്ട് സംതൃപ്തിയോടെ മടങ്ങി.[11]

4. ലെയോപോൾഡച്ചൻ മഠത്തിൽ പോകുമ്പോൾ ചാവറയച്ചന്റെ കൂടെയാണ് സാധാരണയായി പോവുക (ചാവറയച്ചൻ മരിക്കുന്നതുവരെ). വേറൊരു വൈദികനും മഠത്തിലേക്ക് വരുന്നത് മൂപ്പച്ചന് ഇഷ്ടമല്ല. വരുവാൻ അനുവദിക്കുകയുമില്ല. *കൂനമ്മാവ് മഠം നാളാഗമത്തിൽ* (വാല്യം 2, പേജ് 54) വായിക്കുന്നു: "എന്റെ മക്കളെ.... ഇവിടെ നിങ്ങളെ കാണുന്നതിന് എന്തുമാത്രം മൂപ്പച്ചന്മാര് ആഗ്രഹിച്ച് എന്റെ പക്കൽ വരുന്നു. എന്നാൽ ഏറ്റിക്കപ്പെട്ട ആവശ്യത്തെക്കുറിച്ച് ചിലരെ കയറ്റുന്നതുതന്നെ എത്രയോ സങ്കടത്തോടുകൂടെയാകുന്നു..." എന്തുകൊണ്ട് ഒരു സുറിയാനി വൈദികനെമാത്രം മഠത്തിൽ കയറ്റുന്നു? ചിലപ്പോൾ തനിച്ചും ചാവറയച്ചൻ വരാറുണ്ട്. സ്ഥാപകൻ എന്ന സ്ഥാനമല്ലാതെ വേറൊരു അധികാരവും ചാവറയച്ചന് സിസ്റ്റേഴ്സിന്റെമേൽ ഉണ്ടായിരുന്നില്ല. ആ യാഥാർത്ഥ്യം ലെയോപോൾഡച്ചൻ അവസരം കിട്ടിയപ്പോഴെല്ലാം സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

**c) ബ. ബ. പോരൂക്കര കുര്യാക്കോസ് ഏലിശാച്ചന്റെ* കൈപ്പടയിൽ**

"1864 മകരം 12-ൽ ... പ്രിയോരച്ചൻ മാന്നാനത്തുനിന്ന് കൂനമ്മാവ് കൊവേന്തയിൽ വന്ന് പാർത്തു തുടങ്ങി. അവിടെവച്ച് പ്രത്യേകമായിട്ട് മലയാളത്തിലെ പെൺ പൈതങ്ങൾക്ക് ഒരു പുണ്യസങ്കേതമായി വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളാ

* *സി.എം.ഐ. സഭയുടെ സ്ഥാപകരിൽ ഒരാളായ പോരൂക്കര തോമ മല്പാനച്ചന്റെ അനുജനാണ് പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻ. ചാവറ പിതാവിന്റെ മരണശേഷം അദ്ദേഹം സി.എം.ഐ. സഭയുടെ പ്രിയോർ ജനറാളും സുറിയാനിക്കാരുടെ വികാരി ജനറാളുമായി 1871 ഫെബ്രുവരി 22-ാം തീയതി തെരഞ്ഞെടുക്കപ്പെട്ടു.*

യിട്ട് വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് ആഗ്രഹിച്ച് സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് അതിനുള്ള അടിസ്ഥാനക്കാരായിട്ട് അസ്തമായിരുന്നവരെ കൈക്കൊണ്ട് തൽക്കാലം പനമ്പുകൊണ്ട് വീടുണ്ടാക്കി പാർപ്പിച്ചു. അതിന്റെ ശേഷം അത്ഭുതമേ! എട്ടുമാസത്തിന്റെ ഇടകൊണ്ട് എണ്ണായിരം രൂപവരെയും പലവഴിയായി ധർമ്മം വരുത്തി കന്യാസ്ത്രീ മഠവും അതിനുവേണ്ടുന്നതൊക്കെയും ഉണ്ടാക്കി, അതിൽ അവരെ പാർപ്പിക്കുകയും, അവരുടെ അടക്കജീവിതവും പുണ്യവുംകണ്ട് സന്തോഷിച്ച്, അവരെ പറഞ്ഞൊപ്പ് ചെയ്യിക്കയും, കടശി, വി. കുർബാന അവരുടെ കപ്പേളയിൽ സ്ഥാപിക്കുകയും ചെയ്തു.[12]

d) **മാർ ലൂയീസ് പഴയപറമ്പിൽ* 1917-ൽ നമ്മുടെ സിസ്റ്റേഴ്സിന് നൽകിയ ന്യായപ്രമാണത്തിന്റെ മുഖവുരയിൽനിന്ന് :**

ചാവറ പിതാവും ലെയോപോൾഡ് മൂപ്പച്ചനുംകൂടി ചെയ്ത കാര്യങ്ങളാണ് മുഖവുരയിൽ എഴുതിയിരിക്കുന്നത്. "1866-ൽ ഈ ആലോചനയോടുകൂടെ മേൽപ്പറഞ്ഞ രണ്ടും അച്ചന്മാരും... ഏതാനും വിധവകളേയും പെൺ പൈതങ്ങളേയും എടുത്ത് ഈ വീട്ടിൽ ആക്കി ഒരു മഠം സ്ഥാപിച്ചു. അതിന്റെ ശേഷം അവർക്കായിട്ട് ഒരു മഠം പണിയണമെന്നുള്ള ആഗ്രഹത്തോടുകൂടെ കുറെ പണം സമ്പാദിക്കുവാൻ നോക്കി. പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും... പണം പിരിക്കുകയും പെ.ബ. ചാവറ കുര്യാക്കോസച്ചൻ തന്റെ പഴയ ശിഷ്യന്മാരിൽനിന്നും ഒരു നല്ല തുക പിരിക്കുകയും ചെയ്തു. ഈ പണംകൊണ്ട് തെക്കുവടക്കായിട്ട് രണ്ടു നിലയിൽ ഒരു ചെറിയ മഠവും വടക്കെ അറ്റത്ത് ഒരു നല്ല ഊട്ടുമുറിയും, തെക്കെ അറ്റത്ത് ഒരു ഹാളും, നടുവിൽ ഒരു കപ്പേളയും പണിയിച്ചു. 1867 മാർച്ച് മാസത്തിൽ ഈ രണ്ട് അച്ചന്മാരും ഈ എഴുത്തുകാരനായിരിക്കുന്ന ഞാൻ അന്ന് ശെമ്മാശനായിരു

** ചാവറ പിതാവിനെ നേരിൽ കണ്ടിട്ടുള്ള, അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ അതേ സന്യാസസമൂഹത്തിൽ ജീവിച്ച വ്യക്തിയാണ് എഴുത്തുകാരൻ. സുറിയാനി ക്കാർക്ക് മെത്രാനെ കിട്ടുവാൻവേണ്ടി റോമിലേക്ക് എഴുത്തുകൾ അയച്ചതിന്റെ പേരിൽ സി.എം.ഐ. സഭയിൽനിന്നും ലത്തീൻ ഭരണകൂടം 1877-ൽ പുറത്താക്കിയ ഏഴുപേരിൽ (ഏഴ് വ്യാകുലങ്ങൾ) ഒരാളാണ് ഇദ്ദേഹം. 1896-ൽ എറണാകുളം വികാരിയാത്ത് ആരംഭിച്ചപ്പോൾ ആദ്യമെത്രാനായി നിയമിതനായി. റോമിൽ പോകാൻ അവസരം കിട്ടിയപ്പോൾ ബ. ലെയോപോൾഡ് മൂപ്പച്ചനെകണ്ട്, കൂനമ്മാവ് മഠത്തിലെ സിസ്റ്റേഴ്സിനുള്ള ന്യായപ്രമാണത്തിന്റെ കാര്യം ചർച്ച ചെയ്തു. അവിടെയുള്ള കർമ്മലീത്ത മഠത്തിലെ ഒരു കന്യാസ്ത്രീയിൽനിന്ന് കിട്ടിയ ന്യായപ്രമാണം തർജ്ജിമ ചെയ്ത് കാലഭേദങ്ങൾക്കനുസരിച്ച് തിരുത്തി 1917-ൽ നമ്മുടെ സിസ്റ്റേഴ്സിന് നൽകുകയുണ്ടായി.*

ന്നെങ്കിലും മേൽപറഞ്ഞ വിധവകളേയും പെൺ പൈതങ്ങളേയും അവർ താമസിച്ചിരുന്ന ചെറിയ വീട്ടിൽനിന്നും ഈ മഠത്തിലേക്ക് കൊണ്ടുവന്നു" (പേജ് 1-2).

**e) ചങ്ങനാശ്ശേരി മെത്രാൻ മാർ മാത്യു കാവുകാട്ട് തിരുമേനി കേരളത്തിൽ അന്നുണ്ടായിരുന്ന പത്ത് രൂപതകളിലേക്ക് അയച്ച സർക്കുലറിൽനിന്ന് :**

കേരള സുറിയാനി കർമ്മലീത്താ സഭയുടെയും സന്യാസിനി സഭയുടെയും സ്ഥാപകനും പൊതുശ്രേഷ്ഠനും, മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക ആയിരുന്ന ബർണ്ണർദീനോസ് മെത്രാപോലീത്തായുടെ കീഴിൽ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളുമായിരുന്ന ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ധന്യനെന്നും വിശുദ്ധനെന്നും നാമകരണം ചെയ്യുന്നതിനുള്ള രൂപത നടപടികൾ നടത്തുന്നതിന് തിരുസിംഹാസനം നമ്മെ അധികാരപ്പെടുത്തിയതനുസരിച്ച്..."

മാത്യു കാവുകാട്ട്
ചങ്ങനാശ്ശേരി അതിരൂപത
1958 ജനുവരി 25

(Archives of the Archbishop's house, chenganassery, Chavara Causes)

**f) പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കേരളത്തിൽ വന്ന് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച ഡിക്രിയിൽനിന്ന്:**

"...with the help of an Italian missionary, Fr. Leopold Beccaro, he (Blessed Chavara) started an Indian Religious Congregation for women; the congregration of Mother of Carmel. This Congregation grew and flourished and religious vocations became better understood and appreciated..."

**പനമ്പുമഠത്തിൽവച്ച് ആദ്യ അമ്മമാരുടെ ഡ്രസ്സ്**

*"ഇവരുടെ ഉടുപ്പ് വെള്ളനിറത്തിൽ പുടക നീട്ടി ഉടുക്കുകയും, കുറെ അധികം ഇറക്കവും വിസ്താരമുള്ള ചട്ടയും, തലമുടി കണ്ടിച്ചിട്ടില്ലായെങ്കിലും മുത്താക്ക് കെട്ടി തലയും ദേഹവും ഒക്കെയും മൂടുന്ന പൊതമുണ്ടും"*

*(മാന്നാനം ആലോചന. പേജ് 96)*

# മൂന്ന്



## ചാവറ - വിശുദ്ധ ജീവിതത്തിനുടമ

ചാവറയച്ചന്റെ ജീവിതത്തെക്കുറിച്ചു സമകാലീകർ എന്തുപറയുന്നു എന്ന് നോക്കാം. സ്ഥാപകനെക്കുറിച്ചുള്ള മറ്റുള്ളവരുടെ അഭിപ്രായങ്ങൾ അറിയുന്നത് നല്ലതാണല്ലോ. അദ്ദേഹത്തിന്റെ ആത്മീയാനുഭവങ്ങളെക്കുറിച്ചുള്ള പഠനത്തിന് ഈ അറിവ് ഒരു മുന്നൊരുക്കവുമായിരിക്കും.

ക. നി. മു. സ. ലൂയീസച്ചൻ* പറയുന്നു :

a) വന്ദ്യ പ്രിയോർ പിതാവ് പല വത്സരത്തേക്ക് ഈയുള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണ കൃത്യത ദൈവത്തോടുള്ള സ്നേഹഐക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തരശ്രദ്ധ ഇത്യാദി സർവ്വതാല്പര്യത്തടെ പരിശീലിപ്പിച്ചുവന്നു.

പട്ടക്കാരുടെ ജീവിതം, അവരുടെ ഉടുപ്പ് മുതലായവയിൽ വളരെ ശ്രദ്ധയുണ്ടായിരുന്നു. പട്ടക്കാർക്ക് അദ്ദേഹത്തിന്റെ നേരെ ദേവനെപ്പോലെ വണക്കമുണ്ടായിരുന്നു. മാന്നാനം സെമിനാരിയിൽ ചെന്നാൽ പിന്നെ അവർക്ക് മിണ്ടാട്ടമില്ല.

b) മുട്ടത്തുപാടത്തു വർക്കിയച്ചൻ ചാവറയച്ചന്റെ തലമുടികൾ എടുത്തുസൂക്ഷിച്ചു. അതുവഴി പിന്നീട് പല അത്ഭുതങ്ങളും നടന്നു. ഇപ്പോഴും മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നു.

---

* ക. നി. മു. സ. ലൂയീസച്ചൻ ചാവറ പിതാവിന്റെ ആത്മീയ ശിഷ്യരിൽ ഒരുവനായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടനുബന്ധിച്ചുള്ള ശുശ്രൂഷകൾ ചെയ്യുവാൻ ലൂയീസച്ചന് ഭാഗ്യം ലഭിച്ചിട്ടുണ്ട്. (ക. നി. മു. സ. - കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ). കൂനമ്മാവ് മഠത്തിന്റെ ആദ്യ അംഗങ്ങളിൽപ്പെട്ട ഏലീശ്വാമ്മയുടെയും ത്രേസ്യാമ്മയുടെയും സഹോദരനാണ് അദ്ദേഹം.

c) വലിയ പ്രിയോരച്ചനെ കണ്ടാൽ ഒരു മാലാഖയാണെന്നേ പറയുകയുള്ളൂ എന്നത്രെ പാലാക്കുന്നേൽ വലിയ യാക്കോബച്ചൻ പറയുക. വി. കുർബാനയുടെ മുമ്പിൽ ഇദ്ദേഹത്തിന്റെ നില എത്രയും മനോഹരമായ കാഴ്ചയായിരുന്നു. ഈ അവസരത്തിൽ മനുഷ്യൻ എന്നതിനേക്കാൾ മാലാഖ എന്ന് തോന്നിപ്പോകും.

d) സ്വന്തം മുറിയിൽ അഥവാ ദിവ്യകാരുണ്യ സന്നിധിയിൽ തന്റെ ആത്മീയ മണവാളനോട് സൈ്വര്യസല്ലാപം ചെയ്യുന്നതിൽ സ്നേഹാബ്ധിയിൽ നിമഗ്നനായി, പരവശനായി മുറിയിൽ നില്ക്കുന്നത് പലരും കണ്ടിട്ടുണ്ട് [13]

നിവേശിത പ്രസംഗശേഷിയുള്ളതായി പലരും പറഞ്ഞിട്ടുണ്ട്. പ്രസംഗപീഠത്തിൽ നിന്നുള്ള പ്രിയോരച്ചന്റെ വചനങ്ങൾ ദൈവസ്നേഹത്തിന്റെ അസ്ത്രങ്ങളായിരുന്നു. ശ്രോതാക്കളുടെ ഹൃദയങ്ങളെ ഇളക്കുന്നതിനുള്ള ശക്തി ജന്മസിദ്ധമായിത്തന്നെ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. "ഇവൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ സിംഹമായിരിക്കും"[14] എന്നത്രെ പാലയ്ക്കൽ മല്പാനച്ചൻ* ഇദ്ദേഹത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. പുളിങ്കുന്നിൽ ഇദ്ദേഹത്തിന്റെ (നവ പൂജാർപ്പണശേഷം) ഒന്നാമത് ധ്യാനപ്രസംഗത്തിൽ ജനങ്ങൾക്കുണ്ടായ അനുതാപ വികാരങ്ങളെപ്പറ്റി വൃദ്ധന്മാർ സംസാരിക്കുന്നതുകേട്ടാൽ നമുക്കുതന്നെ ഭക്തി തോന്നിപ്പോകും.

മുട്ടുചിറ ഇടവക മാണികുഞ്ഞൻ പറയുന്നു: "വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുള്ള ഭാഗ്യവും എനിക്ക് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തെ കാണുന്നതു

* കുത്തിയതോട് അബ്രഹാം മല്പാനച്ചന്റെ ശിഷ്യനായിരുന്ന പാലയ്ക്കൽ തോമാ മല്പാനച്ചൻ പള്ളിപ്പുറം (ചേർത്തല അടുത്ത്) സെമിനാരിയിൽ വൈദിക പരിശീലനശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന വ്യക്തിയാണ്. ചാവറ കുടുംബത്തിലെ കൊച്ചുകുര്യാക്കോസുമായി ബന്ധപ്പെട്ടപ്പോൾ, അവന് ദൈവവിളിയുണ്ടെന്ന് മനസ്സിലാക്കി, സെമിനാരിയിലേക്ക് കൊണ്ടുപോയത് അദ്ദേഹമാണ്. ചാവറ കുര്യാക്കോസ് ശമ്മാശന്റെ മാതാപിതാക്കളും ഏകജ്യേഷ്ഠനും മരിച്ചതിനുശേഷം അദ്ദേഹം ചാവറ കുര്യാക്കോസിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തു. വൈദിക പരിശീലനം പൂർത്തിയാക്കി, വൈദികനായശേഷം സി.എം.ഐ. സഭ സ്ഥാപനകാര്യത്തിൽ മല്പാനച്ചനോടൊപ്പം പ്രയത്നിച്ചു. 1841-ൽ മല്പാനച്ചൻ മരിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രം ചാവറയച്ചൻ എഴുതിയിട്ടുണ്ട്.

തന്നെ ആനന്ദദായകമാണ്. റൂഹാദക്കുശയിൽ നിറഞ്ഞയാൾ, ചെറിയ മണി സ്വരം അദ്ദേഹത്തിന്റെ ഇമ്പമായ പ്രസംഗം ഞാൻ മറന്നിട്ടില്ല".[15]

വിശ്വാസികളായ ജനങ്ങൾ പ്രിയോരച്ചനെ അക്കാലത്തുതന്നെ വിശുദ്ധനായി കണക്കാക്കിയിരുന്നു. അദ്ദേഹം വരുന്നുണ്ടെന്നറിഞ്ഞാൽ ജനം ഓടിക്കൂടും - ഒരു നോക്ക് കാണുന്നതിനും, പ്രസംഗം കേൾക്കുന്നതിനും അതിയായ ആഗ്രഹത്തോടെയാണ് അവർ വരുന്നത്. ചാവറയച്ചന്റെ മരണശേഷം ശവകുടീരത്തിൽ ജനാവലി ഇടമുറിയാതെ പ്രാർത്ഥനകൾ നടത്തുകയും മെഴുകുതിരികൾ കത്തിക്കയും ചെയ്തുവന്നു.

ബർണ്ണർദീനോസ് മെത്രാൻ തിരുമനസ്സിലെ സംസ്കാര കർമ്മത്തിൽ ഈ വന്ദ്യദേഹം ചെയ്ത ചരമ പ്രസംഗത്തിനിടയ്ക്ക് പ്രസംഗകനും കേൾവിക്കാരും വാവിട്ട് കരഞ്ഞുപോയി.[16]

അന്ത്യകൂദാശകൾ സ്വീകരിക്കുന്നതിനു തൊട്ടുമുമ്പായി ഈശോമിശിഹായുടെ പങ്കപ്പാടിനെക്കുറിച്ചും ദേവമാതാവിന്റെ സ്തുതിയെക്കുറിച്ചും പ്രിയോരച്ചൻ ചെയ്ത പ്രസംഗം ഏവരുടേയും അത്ഭുതത്തിന് വിഷയമായതായി ലെയോപ്പോൾദ് മിഷനറി സക്ഷ്യപ്പെടുത്തുന്നു.[17]

ചാവറ അച്ചനെ ഒരു പുണ്യവാനായി കരുതിയിരുന്ന, ആദ്ധ്യാത്മിക പിതാവായ ലെയോപോൾഡ് മൂപ്പച്ചൻ ഇദ്ദേഹത്തെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തു കിട്ടുന്നതിന് ആവശ്യമായ പ്രാരംഭശ്രമങ്ങൾ നടത്തുകയുണ്ടായി. ജീവചരിത്രവും അത്മാനുതാപത്തിന്റെ ഒരു ഭാഗവും അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തി. പരേതന്റെ ഉപയോഗസാധനങ്ങൾ - പൂജ്യാവശിഷ്ടങ്ങൾ എന്നോണം മറ്റ് ആശ്രമങ്ങളിലേക്ക് കൊടുത്തുവിട്ടു. നവസന്യാസികൾ, കന്യാസ്ത്രീകൾ എന്നിവരോട് ഈ നിയോഗാർത്ഥം പ്രാർത്ഥിപ്പാൻ പറഞ്ഞിരുന്നു.[18]

എന്നാൽ 1873 മേയ് മാസത്തിൽ സുറിയാനിക്കാരുമായുള്ള ബന്ധങ്ങളെല്ലാം വേർപ്പെടുത്തിയതിനാൽ താദൃശശ്രമങ്ങൾ തുടർന്നുകൊണ്ടു പോകാൻ സാധിച്ചില്ല. 1876 ജനുവരി 1-ാം തീയതി ഇറ്റലിയിലേക്ക് പറഞ്ഞുവിടുകയും ചെയ്തു.[19]

ചാവറയച്ചനുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവരും അദ്ദേഹത്തെക്കുറിച്ച് നല്ല അഭിപ്രായങ്ങൾമാത്രം രേഖപ്പെടുത്തുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സമൂഹത്തിലെ, സമുദായത്തിലെ ജീവിതം എത്രമാത്രം ശ്രേഷ്ഠമായിരുന്നുവെന്ന് നമുക്ക് ഊഹിക്കാമല്ലോ.

*നാല്*



# തിരുസഭാസ്നേഹം

അനുസ്മരണ പ്രാർത്ഥനകളിൽ ചാവറയച്ചന്റെ 'തിരുസഭാമനോഭാവം' നമുക്കും ലഭിക്കാൻ നമ്മൾ എന്നും പ്രാർത്ഥിക്കുന്നുണ്ടല്ലൊ. തിരുസഭയോടുള്ള അദ്ദേഹത്തിന്റെ സ്നേഹം എങ്ങനെയെന്ന് പരിശോധിക്കാം. തിരുസഭയെ സ്വന്തം അമ്മയെപ്പോലെ സ്നേഹിക്കുകയും തിരുസഭയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനുമായി അക്ഷീണം പരിശ്രമിക്കുകയും ചെയ്യുകയെന്നത് അദ്ദേഹത്തിന്റെ ജീവിതലക്ഷ്യമായിരുന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പിതാവ് എഴുതിയ ജീവചരിത്രത്തിലെ ചില വാക്യങ്ങൾ ഉദ്ധരിക്കാം. "ശുദ്ധപള്ളിയുടെമേലും ശുദ്ധ മാർപ്പാപ്പയുടെമേലും എത്രയും എരിവുള്ള വിശ്വാസവും പ്രിയവുമായിരുന്നു. ശു. പള്ളിയുടെ വെളിവും പ്രകാശവും എല്ലായിടത്തും എത്തിപ്പാനും മഹാ ആഗ്രഹമായി, അതിലെ ഞെരുക്കങ്ങൾ കേൾക്കുമ്പോൾ കരയുവാൻ തക്കവണ്ണം സങ്കടപ്പെടുകയും അതിന്റെ ജയസന്തോഷമുള്ള കാലം കാണുവാൻ ഏറ്റിക്കപ്പെട്ട ആഗ്രഹുമായിരുന്നു. ശുദ്ധ മാർപ്പാപ്പയുടെ വർത്തമാനം കേൾപ്പാൻ സംഗതി വരുമ്പോഴൊക്കെയും ഇരക്കത്താലെയും സന്തോഷത്താലെയും കരയുമായിരുന്നു. പരിശുദ്ധ മാർപ്പാപ്പയുടെ പ്രതിനിധിയായ മേൽപ്പട്ടക്കാരന്റെ നേരേയും പരിശുദ്ധ പള്ളിയുടെ അറിയിപ്പുകാരായിരിക്കുന്ന മിഷനറിമാരുടെ നേരേയും മഹാ ആചാരവും, വിശേഷ പ്രിയവും കീഴ്‌വഴക്കവുമായിരുന്നു" (പേജ് 11-12).

റോക്കോസ് ശീശ്മയുടെ കാലത്താണ് ചാവറ പിതാവിന്റെ തിരുസഭാസ്നേഹം ഏറ്റവും കൂടുതലായി വെളിവാക്കപ്പെട്ടത്. ഉപവാസവും പ്രാർത്ഥനയുമാകുന്ന ആയുധങ്ങളുമേന്തി 'ചെന്നായ്ക്കളുടെ

ഇടയിലേക്ക് (മത്തായി 10:16) സധൈര്യം നീങ്ങിയത് തിരുസഭയാകുന്ന തന്റെ അമ്മയെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കാനായിരുന്നു. "ഇന്നലെ വരെ നമ്മുടെമേൽ മഹാ ആദരവും ആചാരവും ആയിരുന്നവരിൽ പലരും... നമ്മുടെ ആഹ കണിയാരകത്ത് മാണിയച്ചൻ* മുതലായിട്ടുള്ള പട്ടക്കാരും ശത്രുഭാവം നടിച്ചു. അവരെ നശിപ്പിക്കുവാനും ഉപദ്രവിക്കാനും വന്നവനാണ് ഞാൻ എന്നപോലെ ദേഷ്യം പൂണ്ട് നിന്നിരുന്നു".[20] തോമാറോക്കോസ് മെത്രാനെ കണ്ട് വിധേയത്വം കാണിക്കുവാനായി പല ക്ഷണക്കത്തുകൾ ലഭിച്ചയാളാണ് ചാവറയച്ചൻ. പക്ഷെ മാർപ്പാപ്പയുടെ അനുമതിയോടെയാണൊ പുതിയ മെത്രാൻ വന്നിരിക്കുന്നത് എന്നറിയാൻ ചാവറയച്ചൻ ചെന്നപ്പോൾ മെത്രാനെ കാണാനനുവദിച്ചില്ല, എന്നുമാത്രമല്ല. തിരിച്ചുപോരാനായി വള്ളത്തിൽ കയറിയ ഉടനെ പോലീസുകാരും ഏതാനും ശിപായികളുംകൂടി തന്നെ അറസ്റ്റ് ചെയ്യുവാൻ വന്നിരിക്കുന്നു.[21]

"ദൈവത്തിന് ഒന്നും അസാദ്ധ്യമായിട്ട് ഇല്ലല്ലൊ" (ലൂക്ക. 1:37) ജീവൻ പണയം വെച്ച് തിരുസഭയെ രക്ഷിക്കാൻ കിണഞ്ഞു പരിശ്രമിച്ച ചാവറയച്ചന്റെ പ്രവർത്തനങ്ങൾക്ക് ദൈവം നൂറുശതമാനം ഫലം നൽകി. ലാറ്റിൻ ഭരണകൂടത്തിനൊ, മിഷനറിമാർക്കൊ ചെറുവിരൽ പോലും അനക്കാൻ പറ്റാത്ത അവസ്ഥയിൽ, കേരള സഭയെ നിലംപറ്റെ നശിപ്പിക്കാൻവന്ന, ശീശ്മയെന്ന കൊടുങ്കാറ്റിനെ ശാന്തമാക്കുവാൻ കർത്താവ് തന്റെ ഉപകരണമായി തെരഞ്ഞെടുത്തത് ചാവറയച്ചനെയായിരുന്നു. അദ്ദേഹത്തിന് സുറിയാനിക്കാരുടെ വികാരി ജനറാൾ എന്ന സ്ഥാനം കൊടുത്തുകൊണ്ടാണ് ബർണ്ണർദീനോസ് മെത്രാപ്പോലീത്ത ഈ യുദ്ധത്തിനായി അയച്ചത്. പക്ഷെ, റോക്കോസ് ശീശ്മയുടെ നീണ്ട ചരിത്രം എഴുതിയ ചാവറ, തനിക്ക് കിട്ടിയ സ്ഥാനമാനങ്ങളെപ്പറ്റി ഒരു വാക്കുപോലും എഴുതിയിട്ടില്ല. അംഗീകാരങ്ങളൊന്നുമില്ലെങ്കിലും തിരുസഭ തന്റെ അമ്മയാകയാൽ അതിനെ സംരക്ഷിക്കാൻവേണ്ടി ജീവൻ ത്യജിക്കാൻപോലും തയ്യാറാണെന്ന് അദ്ദേഹം സാക്ഷ്യം നൽകി.

പ്രൊട്ടസ്റ്റന്റ് ക്രൈസ്തവ മതവിഭാഗത്തിൽപ്പെട്ടവർക്ക് സ്കൂളുകളും, മതതത്വങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നതിനായി പ്രസ്സും

* 1855 ഡിസംബർ 8-ാം തീയതി ചാവറയച്ചന്റെ മുമ്പിൽ മുട്ടുകുത്തി വ്രതം ചെയ്ത പത്തുപേരിൽ ഒരാൾ.

ണ്ടായിരുന്നതിനാൽ അവരുടെ പ്രേഷിതപ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടക്കുന്നത് കണ്ട്, ചാവറയച്ചൻ കേരള സുറിയാനി ക്കാർക്കായി വിദ്യാലയങ്ങൾ സ്ഥാപിക്കാനും ഒരു പ്രസ്സ് തുടങ്ങുവാനും ചെയ്ത പരിശ്രമങ്ങൾ ഏവരേയും അമ്പരപ്പിക്കുന്നതാണ്. [22]

**ആരാധനക്രമ പരിഷ്ക്കരണങ്ങൾ :**

സുറിയാനി പട്ടക്കാർക്കുവേണ്ടിയുള്ള കനോന നമസ്ക്കാരം, അനുദിന ദിവ്യബലിയുടെ നമസ്ക്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും, സ്തപസ്സു കുർബാന, നാല്പതുമണി ആരാധന, തിരുനാളുകൾക്കുള്ള ബേസ്പര, തുക്കാസ എന്ന സുറിയാനി ക്രമപുസ്തകം, സുറിയാനി പഞ്ചാംഗം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ - ഒരു പുരുഷായുസ്സിൽ ഇത്രയധികം ചെയ്തതോർക്കുമ്പോൾ നമുക്ക് അതിശയം തോന്നും.

ആദ്യ അമ്മമാർ ചാവറ പിതാവിന്റെ തിരുസഭാ സ്നേഹത്തക്കുറിച്ചു എഴുതുന്നു: "ഈ നമ്മുടെ പിതാവ് കേരള നാട്ടിലുള്ള ക്രിസ്ത്യാനി കളൊക്കെയ്ക്കും എത്രയും നല്ല ദീപവും കണ്ണാടിയും ആയിരുന്നതു കൂടാതെ പരിശുദ്ധ പള്ളിയുടെ വിശ്വാസത്തേയും വർദ്ധിപ്പിനേയും കുറിച്ചുള്ള ശുഷ്കാന്തിയിൽ ഈ തിരുസഭയെ താങ്ങുവാൻതക്ക തൂണുപോലെ ആയിരുന്നു". [23]

**സ്ഥാപകന്റെ വേർപാടിലുള്ള ദുഃഖം**

*"...പ്രത്യേകമായി കന്യാസ്ത്രീ മഠങ്ങളുടെ പുണ്യ സാംഗോ പാംഗത്തിന്മേലും മഹാതാല്പര്യക്കാരനും ആയിരുന്നത് കാരണത്താൽ, തങ്ങളുടെ ഈ മഠം സ്ഥാപിക്കുന്നതിനും പുണ്യവഴിയിൽ ഞങ്ങളെ നടത്തുന്നതിനും ചെയ്തതും ചെയ്തു വരുന്നതുമായ നന്മ ഉപകാരങ്ങളൊക്കെയും ഇന്ന് ഞങ്ങൾക്ക് പൊയ്പോയിരിക്കുന്നു"*

*(കൂനമ്മാവ് നാളാഗമം വാല്യം 2, പേജ് 21)*

# അഞ്ച്



# നൂറുമേനി ഫലം വിളയുന്ന വയൽ

ചാവറയച്ചന്റെ പിൻഗാമി-രണ്ടാം പ്രിയോർ ജനറൽ ബ. പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻ, ചാവറയച്ചന്റെ ജീവചരിത്രം എഴുതിയിട്ടുണ്ട്. അതിൽ, പള്ളിപ്പുറം സെമിനാരിയിലെ ചാവറയച്ചന്റെ ജീവിതത്തെക്കുറിച്ചുള്ള പരാമർശത്തിൽ,- പാലയ്ക്കൽ തോമാ മല്പാനച്ചനുപോലും അദ്ദേഹത്തിനു ഒരു തെറ്റുതിരുത്തൽ കൊടുക്കേണ്ടിവന്നിട്ടില്ല എന്ന് എഴുതിയിരിക്കുന്നു. (പേജ് 29-30) ചാവറയച്ചന്റെ ആദ്ധ്യാത്മിക പിതാവായ ലെയോപോൾദ് മൂപ്പച്ചനും അദ്ദേഹത്തിന്റെ ആത്മീയ ശിഷ്യനായ ബ. ലൂയീസച്ചൻ ക. നി. മൂ. സ.യും ഒരുപോലെ പറയുന്നു: അദ്ദേഹം മരണംവരെ ഒരു നവസന്യാസിയുടേതായ തീക്ഷ്ണത ക്രമാനുഷ്ഠാനത്തിൽ കാണിച്ചിരുന്നുവെന്ന്.[24] 1870 ഒക്ടോബറിൽ ആരോഗ്യം തീരെ ക്ഷയിച്ചു തുടങ്ങിയപ്പോഴും ഉപവാസം തുടങ്ങിയ പ്രായശ്ചിത്ത പ്രവൃത്തികളിൽ മുമ്പന്തിയിലായിരുന്നുവത്രെ. ഇത്തരത്തിലുള്ള താപസികതയിലേക്ക് അദ്ദേഹത്തിന് ആകർഷണമുണ്ടായതിന്റെ ഒരു കാരണം നിസ്സംഗത (defachment) ആണെന്നു തോന്നുന്നു. ഒരു തപസ്സുഭവനം/ദർശനഭവനം സ്ഥാപിച്ചു കാണുവാൻ ആരംഭം മുതലെ അദ്ദേഹം കാംക്ഷിച്ചിരുന്നുവല്ലോ.

## നിസ്സംഗത

ആസ്തപ്പാടു പട്ടം സ്വീകരിച്ചപ്പോൾ "ദൈവമാണ് എന്റെ ഓഹരി, എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്" (സങ്കീ. 16:5) എന്ന ആദർശവാക്യം മുറുകെ പിടിച്ചുകൊണ്ടുള്ള ഒരു ജീവിതശൈലിയാണ് സ്വീകരിച്ചത്. സ്വന്തം മാതാപിതാക്കളും ഏക സഹോദരനും മരിച്ചതി

തുടർന്ന് പള്ളിപ്പുറം സെമിനാരിയിൽനിന്ന് വീട്ടിലേക്ക് പോരേണ്ടി വന്നു. സെമിത്തേരിയിൽ തന്റെ പ്രിയപ്പെട്ടവരുടെ മൂന്ന് മൺകൂന കൾക്കു മുമ്പിൽ മുട്ടുകുത്തിനിന്ന് പ്രാർത്ഥിക്കുന്ന ചാവറയുടെ മനസ്സി ലൂടെ കടന്നുപോയ വികാര വിചാരങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് ഊഹിച്ചുനോക്കുക. ഏതായാലും ചിറ്റപ്പന്മാരുടെയും മറ്റ് ബന്ധുജന ങ്ങളുടെയും പ്രതീക്ഷയ്ക്ക് വിരുദ്ധമായി, സെമിനാരിയിലേക്ക് തിരിച്ചു പോകാനുള്ള തീരുമാനമാണ് ചാവറശെമ്മാശൻ കൈക്കൊണ്ടത്. ലോകത്തിന്റെ നൈമിഷികതയെക്കുറിച്ചുള്ള ആഴപ്പെട്ട ബോദ്ധ്യം അദ്ദേഹത്തിന്റെ ആത്മാവിൽ പുതിയ പ്രകാശവും ഉറച്ച തീക്ഷ്ണത യുമാണ് ഉളവാക്കിയത്. ലോകത്തിൽ ജീവിച്ചാൽ കിട്ടാവുന്ന സമ്പത്ത്, ശാരീരിക-മാനസിക സുഖസന്തോഷങ്ങൾ, സാമുദായിക സ്ഥാന മാനങ്ങൾ, ബഹുമാനം ഇവയൊക്കെ അദ്ദേഹത്തിന് വെറും 'ഉച്ഛിഷ്ടം' മാത്രമായി പകർന്നു. ലോകത്തിന്റെ മായാവിലാസങ്ങൾ ശാശ്വതമായവ ല്ലെന്ന് അദ്ദേഹം തന്റെ സാഹിത്യ കൃതിയിൽ വരച്ചു കാണിക്കുന്നു.[25]

*ഇന്നുകാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ*
*തളിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ*
*ചിത്രമായി കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം*
*ഇപ്പുവായതിനുള്ള ശോഭയും സുഗന്ധവു-*
*മെത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണിടുന്നു*
*ചിത്രമായിതിനുള്ളോരഴകുമെക്കെപ്പോകും.*

*ഇന്നിപ്പോൾ ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ*
*മനഹാസത്താൽ പലർ സ്നേഹിച്ചു സേവിക്കുന്നു*
*ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനു-*
*മബ്ധിയിൽ മണലുപോൽ വിത്ത സമ്പത്തുമുണ്ട്*

*വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നീടുന്നു*
*പാക്കുവെറ്റിലകളാൽ ചുവക്കും ചുണ്ടുകളും*
*സുന്ദരനിവൻ മഹാ ശോഭിതൻ കാണുന്നോർക്കു*
*സുന്ദരന്മാരായിടും പുത്രന്മാർ പുത്രികളും*

*ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം*
*അങ്ങനെ ചില നാളുകഴിഞ്ഞോരനന്തരം*
*ഒരു നാളിവൻ തന്നെ വടിയും കൈയിലേന്തി*
*വരുമാറതും കണ്ടു സൂക്ഷിക്കും ബഹുജനം*

*'ഓഹോ യീദേഹമേതെന്നാ ശങ്കതോന്നുന്നല്ലൊ*
*ആഹാ, ഹാ, സർവ്വേശ്വരായീയാൾക്കിതെന്തുവന്നു?!*
*'വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല*
*വന്നതുപോലെയുള്ളതൊക്കെയുമിപ്പാഴുണ്ട്'*

*എന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ*
*മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?*
*അന്നിവരുടെ ബുദ്ധിശക്തിയുമെത്ര ചിത്രം*
*ഇന്നതൊക്കെയുമോർത്താലെന്തൊരു വിസ്മയമെ!*

ദൈവത്തെമാത്രം തന്റെ ഓഹരിയായി സ്വീകരിച്ചും; അവിടുത്തെ കരങ്ങളിൽ തന്റെ ഭാഗധേയം മുഴുവനും അർപ്പിച്ചും ലൗകികമായവയിൽനിന്നെല്ലാം സമ്പൂർണ്ണ വിമോചനം - Complete detachment - പ്രാപിച്ചതിനാൽ തനിക്ക് ദൈവമഹത്വം, ആത്മരക്ഷ എന്നതു മാത്രമെ ലക്ഷ്യമായിട്ട് ഉണ്ടായിരുന്നുള്ളൂ. ഒരു സംഭവം: പള്ളിപ്പുറത്ത് പള്ളിയിൽ വികാരി ആയിരിക്കയാൽ കഠിനമായ മസൂരി ബാധിച്ചിരുന്ന ഒരാൾക്ക് അന്ത്യകൂദാശകൾ കൊടുക്കുന്നതിനായി അദ്ദേഹം പുറപ്പെട്ടപ്പോൾ പലരും മുടക്കിയിട്ടും "ഇത് എന്റെ കടം; തമ്പുരാൻ എന്നെ സഹായിക്കും"[26] എന്നു പറഞ്ഞുകൊണ്ട് പോകുകയാണ് ചെയ്തത്.

കൂടെപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ (സി.എം.ഐ) സ്ഥാപിക്കാൻ തിരുമനസ്സായി. അതിനാൽ ഇനിയും കൂടുതൽ ശാഖാഭവനങ്ങളും രണ്ട് നൊവിസ്യാത്തും അങ്ങനെ കൂടുതൽ പ്രവിശ്യകളും നമുക്കുണ്ടാകണം (മരണപത്രം) എന്ന് ചാവറയച്ചൻ ആഗ്രഹിക്കുന്നു.[27] പ്രസ്സ്, സ്കൂൾ തുടങ്ങിയവയ്ക്ക് ആരംഭമിട്ടപ്പോഴും തനിക്ക് വ്യക്തിപരമായ യാതൊരു നന്മയും ആഗ്രഹിക്കുന്നില്ല. കൈനകരിക്കാർക്കായി കുടുംബചട്ടം എഴുതികൊടുത്തപ്പോൾ "എല്ലാവരുംകൂടി ഇത് വായിക്ക; ഞാൻ മരിക്കുമ്പോൾ ഇതിനാലെ ഓർക്കുക. മറ്റൊരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യേണ്ട"[28] എന്നാണ് ആമുഖ കത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. നിഷ്ക്കാമകർമ്മിയായി ജീവിക്കുവാനും സദാ ദൈവമഹത്വവും ആത്മരക്ഷയുംമാത്രം ലാക്കാക്കി ജീവിക്കുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നുവെന്ന് ബ. ലയോപോൾഡച്ചൻ എഴുതിയ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സ്ഥാനമോഹം അല്പംപോലും ചാവറയിൽ ഉണ്ടായിരുന്നില്ല. തെളിവുകൾ :

1) വരാപ്പുഴ വികാരി അപ്പസ്തോലിക്ക, മാർ ബർണ്ണർദീനോസ് മെത്രാപ്പോലീത്ത ചാവറയച്ചനെ മെത്രാനാക്കാൻ വേണ്ടി എഴുതിയ കത്തിന്റെ ഒരു ഭാഗം : "...അദ്ദേഹം ഉത്തമനായ ഒരു വ്യക്തിയും വിവേകശാലിയും നല്ല കീഴ്വഴക്കമുള്ളവനും പ്രസംഗത്തിലും പരസ്നേഹകൃത്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്... എന്നുവരുകിലും ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. അമലോത്ഭവയായ കർമ്മലമാതാവിന്റെ മൂന്നാം സഭക്കാരുടെ പ്രിയോരായ ചാവറ കുര്യാക്കോസച്ചൻ എന്ന മേല്പ്പറഞ്ഞ ദേഹം എളിമയുടെ വ്രതം ചെയ്തിട്ടുള്ളയാളാണ്. അങ്ങനെ ഒരു വ്രതം ചെയ്തിട്ടില്ലാതിരുന്നാലും ഇപ്രകാരമൊരു പദവിയൊ ജോലിയൊ പ്രത്യേകമൊരു കല്പന കൂടാതെ അദ്ദേഹം സ്വീകരിക്കുകയില്ല. അദ്ദേഹത്തെ വികാരി ജനറാളായി നിശ്ചയിച്ചപ്പോൾ ആ സ്ഥാനം സ്വീകരിക്കുന്നതിന് അങ്ങനെയൊരു കല്പന ഞാൻ കൊടുക്കേണ്ടിവന്നു..." [29]

2) റോക്കോസ്ശീശ്മയുടെ കാലഘട്ടം. 'മെത്രാൻ റോക്കോസി'ന്റെ അനുഗാമി കുടമാളൂർ മെക്കാർട്ടിൽ കുന്നൻ എന്ന ശെമ്മാശ്ശൻ മാന്നാനത്തുവച്ച് പ്രിയോരച്ചന്റെ പക്കൽ ഒരു കത്തു കൊടുത്തു. അത് വായിച്ചയുടൻ വിഷാദത്തോടെ കത്ത് തിരികെ കൊടുത്തുകൊണ്ട് പറഞ്ഞു "എന്റെ കുഞ്ഞെ, മെത്രാൻപട്ടം കിട്ടണമെന്നാഗ്രഹമില്ല, രക്ഷപെടണം എന്നുമാത്രമേയുള്ളു".[30]

റോക്കാസ് മെത്രാൻ കൊച്ചിയിൽ വന്നപ്പോൾ സുറിയാനി മല്പാന്മാരും, വൈദികരും അത്മായജനവുമെല്ലാം മെത്രാനെ കണ്ട് തങ്ങളുടെ വിധേയത്വം പ്രകടിപ്പിച്ചു. ചാവറ മല്പ്പാൻ വന്നാലെ, തങ്ങളുടെ ഉദ്ദേശ്യം നടക്കൂ എന്നു മനസ്സിലാക്കിക്കൊണ്ട് തൊണ്ടനാടൻ അന്തോണി കത്തനാരും, തുടർന്ന് റോക്കോസ് മെത്രാനും കത്തുകളയച്ചു. എന്നിട്ടും വരാതായപ്പോൾ റോക്കോസ് മെത്രാനെ അനുകൂലിച്ച മല്പാന്മാരും കൂട്ടരും മാന്നാനം ആശ്രമത്തിൽ ചെന്നു. ഇതുകൊണ്ടും പ്രിയോരച്ചന് മാറ്റം വന്നില്ല. റോക്കോസിന്റെ മോതിരം മുത്താൻ ഒരിക്കലും തയ്യാറല്ല എന്നു തീർത്തുപറഞ്ഞു. കാരണം, മാർപ്പാപ്പയുടെ അനുവാദം കൂടാതെ വന്നയാളുടെ മോതിരം മുത്തിയാൽ അദ്ദേഹത്തെ താനും അനുകൂലിക്കുന്നുവെന്നാ

കുമല്ലോ. "പക്ഷെ മോതിരം നീക്കി കയ്യോ, കാലോ എളിമ എന്ന പുണ്യത്തെപ്രതി മുത്തിക്കൊള്ളാം"[31]

അന്ന് ചാവറയച്ചൻ മോതിരം മുത്തുകയും റോക്കോസ് ശീശ്മയിലാവുകയും ചെയ്തിരുന്നെങ്കിൽ, നമ്മുടെ മുൻ മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ പറഞ്ഞതുപോലെ "ഇന്ന് ഞാൻ ഇരിക്കുന്ന കസേര ഉണ്ടാകുകയില്ലായിരുന്നു".[32] സ്ഥാനമാനങ്ങളോടോ, പ്രശസ്തി പത്രങ്ങളോടോ, ഒട്ടും ആകർഷണമില്ലാത്ത, നിസംഗതയിൽ ഉത്തരോത്തരം വളർന്നുവരുന്ന ഒരു വ്യക്തിത്വത്തിനുടമയായതിനാൽ കേരള കത്തോലിക്ക തിരുസഭ ഇന്നും എല്ലാ തലത്തിലും എവിടെയും തലയുയർത്തി നില്ക്കുന്നു.

## ഹൃദയ എളിമയും ക്ഷമിക്കുന്ന സ്നേഹവും

"നമ്മുടെ ദിവ്യരാജാവിനെ ശീഘ്രത്തിൽ അധീനപ്പെടുത്തുവാൻ എളിമയെപ്പോലെ ത്രാണിയുള്ള റാണി വേറെയില്ല... എളിമയുണ്ടെങ്കിൽ നമ്മുടെ ഒരു തലനാരുകൊണ്ട് അവിടുത്തെ നമുക്ക് നമ്മുടെ ആത്മാവിലേക്ക് വശീകരിക്കാം. അധികം എളിമയുള്ളവർ അവിടുത്തെ അധികം സ്വായത്തമാക്കുന്നു; കുറച്ചുള്ളവർ കുറച്ചും. സ്നേഹം കൂടാതെ എളിമയും എളിമയില്ലാതെ സ്നേഹവും എപ്രകാരം ഉണ്ടായിരിക്കുമെന്നോ അഥവാ ഉണ്ടാകണമെന്നോ എനിക്ക് നിശ്ചയമില്ല. സമസ്ത സൃഷ്ടികളിൽ നിന്നും സമ്പൂർണ്ണമായ നിസ്സംഗതയില്ലെങ്കിൽ ഈ രണ്ടു പുണ്യങ്ങളും നിലനിൽക്കുക അസാദ്ധ്യമത്രെ"[33]

ചാവറയച്ചൻ എളിമ എന്ന ഒരു നാലാം വ്രതം എടുത്തിരുന്നു. 1855 ഡിസംബർ എട്ടാം തീയതി ചാവറയച്ചന്റെ വ്രതം സ്വീകരിച്ചത് ബ. മർസലീനോസ് മൂപ്പച്ചനായിരുന്നു. അദ്ദേഹമാണ് ചാവറയച്ചന്റെ ഈ നാലാം വ്രതത്തെക്കുറിച്ച് ഔപചാരികമായി എഴുതിയതിയിരിക്കുന്നത്. "1855-ാം കാലം സന്യാസജീവിതവും, കർമ്മലീത്ത മൂന്നാം സഭയുടെ ക്രമവും ആരംഭിച്ചപ്പോൾ മാർ ബർണ്ണർദീനോസ് മെത്രാപ്പോലീത്ത ഈ കാര്യത്തിന് നിയമിച്ച മിഷനറി വൈദികന്റെ കൈകളിൽ അനുസരണം, കന്യാവ്രതം, ദാരിദ്ര്യം, എളിമ എന്ന നാലു വ്രതങ്ങളെ ഒന്നാമത്തവനായിട്ട് ചെയ്തശേഷം വ്രതം ചെയ്യാൻ തയ്യറായി നിന്നിരുന്ന മറ്റ് പത്ത് വൈദികരുടെ വ്രതങ്ങളെ പ്രിയോർ (ചാവറയച്ചൻ) ഏൽക്കുകയും ചെയ്തു".[34] അന്ന് മർസലീനോസ്

...ച്ചൻ പറഞ്ഞ നീണ്ട പ്രസംഗസമയം മുഴുവൻ ചാവറയച്ചൻ മൂപ്പച്ചന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കുകയായിരുന്നുവെന്ന് ഫാ. വലേറിയൻ O.C.D. സാക്ഷിക്കുന്നു.[35] എളിമയുടെ വ്രതം ചെയ്തിട്ടുള്ള വ്യക്തിയാണ് ചാവറയെന്ന് ബിഷപ്പ് ബണ്ണർദീനോസ് റോമിലേക്ക് എഴുതിയ കത്തിലുമുണ്ടല്ലോ. ചാവറയെ സുറിയാനിക്കാരുടെ മെത്രാനാക്കണമെന്ന് അപേക്ഷിക്കുന്ന കത്താണത് (പേജ് 29 നോക്കുക).

### 8) ദൈവതിരുമുമ്പിൽ എളിമപ്പെട്ടു നിൽക്കുന്ന ചാവറ

ചാവറയച്ചൻ ദൈവത്തിൽനിന്നും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ എണ്ണിയെണ്ണി പറയുന്നു: തന്റെ വീട്ടിൽ നിന്നും വിളിച്ചുകൊണ്ടു പോന്നു, തിരുപ്പട്ടം നൽകി, സന്യാസ സഭയുണ്ടാക്കി, കൊവേന്തയിൽ ചേർത്തു, പ്രിയോർ ജനറലാക്കി.... എന്നിട്ടും ചാവറ സ്വയം ചോദിക്കുന്നു - ഇതിൽ ഏതൊന്നിന് നിന്നെ കൊള്ളാമോ? തന്റെ അയോഗ്യതാഭാവത്തിൽ, വിനീതഭാവത്തിൽ പറയുന്നു : 'ഇല്ല, ഇല്ല, നിശ്ചയം'. ഒന്നിനും കൊള്ളുകയില്ലാത്ത തനിക്ക് വലിയ സ്ഥാനമാനങ്ങൾ നൽകിയതിൽ സ്വയം വിസ്മയം പൂണ്ട് നിൽക്കുന്നു. അവിടുന്ന് തിരുമനസ്സായതിനാലാണ് ഈ അനുഗ്രഹങ്ങൾ തന്റെമേൽ വാരി വർഷിച്ചത്; അല്ലാതെ അല്പംപോലും യോഗ്യത തനിക്കുണ്ടായിട്ടല്ല എന്ന യാഥാർത്ഥ്യബോധത്തോടെയാണ് അദ്ദേഹം ദൈവതിരുമുമ്പിൽ നിൽക്കുന്നത്. എളിമ സത്യമാണ്. ചാവറയച്ചൻ സത്യസന്ധമായി, ആത്മാർത്ഥമായി തന്റെ അയോഗ്യത ഏറ്റുപറയുന്നു.[36]

ദൈവം തരുന്ന കഴിവുകളും അനുഗ്രഹങ്ങളും ദൈവദാനങ്ങളായി നന്ദിയോടെ സ്വീകരിക്കുന്നതാണ് ഹൃദയ എളിമ. അവയെല്ലാം ദൈവമക്കളുടെ അഭ്യുന്നതിക്കായി വിനിയോഗിക്കുക. അതും ദൈവമഹത്വ വർദ്ധനവിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി മാത്രം. അപ്പോഴാണ് ഹൃദയ എളിമ വളർന്നുവരിക. 'എളിമ' എന്ന പുണ്യം ഒരു വ്രതമായി എടുത്തുകൊണ്ട് ചിന്തകളിൽ, നാവിന്റെ സംസാരത്തിൽ, മുഖഭാവത്തിൽ, മനോഭാവങ്ങളിൽ, പ്രവർത്തനങ്ങളിൽ ഹൃദയ എളിമ പാലിക്കുന്നതിന് സർവ്വദാ ശ്രമിച്ചിട്ടുള്ള ഒരു വ്യക്തിത്വത്തിനുടമയാണ് അദ്ദേഹം.

ഇങ്ങനെയുള്ളവർക്ക് നിന്ദിക്കപ്പെടുമ്പോൾ അനുഗ്രഹിക്കുവാനും, പീഡിപ്പിക്കപ്പെടുമ്പോൾ അടിപതറാതെ നിൽക്കുവാനും,

ദൂഷണം പറയുന്നവരോട് നല്ല വാക്കുപറയാനും (1 കൊറി 4:12-13 കഴിയും.

ii) **ക്ഷമിക്കുന്ന സ്നേഹത്തിലൂടെ മനുഷ്യരുടെ മുമ്പിൽ എളിമപ്പെടുന്ന ചാവറ**

മാന്നാനം കൊവേന്തക്കാർ മുട്ടുചിറ ഇടവകയിലെ മാഞ്ഞൂർ കളപ്പുരയ്ക്കൽ മാത്തൻ എന്നയാളിന്റെ തറവാട്ടിന്ന് കഴിയുന്നത്ര ഉപകാര സഹായം ചെയ്യണം എന്ന് മരണപത്രത്തിൽ എഴുതിയപ്പോൾ ചാവറയച്ചൻ ചെയ്തതും വി. ശ്ലീഹാ പറഞ്ഞിട്ടുള്ളതു തന്നെയാണ്. മാത്തൻ ചെയ്ത തെറ്റ് എന്തെന്ന് ആരും അറിയരുത് എന്ന് ചാവറ പിതാവിന് നിർബന്ധമുണ്ട്. അതാണ് ഹൃദയഎളിമയുള്ളവന്റെ, ക്ഷമിക്കുന്ന സ്നേഹം കാണിക്കുന്നവന്റെ ലക്ഷണം മാത്തനെ മാന്നാനം കൊവേന്തയ്ക്ക് കടപ്പാടുള്ളവനെപ്പോലെ ഗണിക്കുന്നു.[37]

ചെയ്യാത്ത തെറ്റിന് ശിക്ഷ സ്വീകരിക്കുമ്പോഴും സ്വയം ന്യായീകരണങ്ങൾക്ക് കീഴ്പ്പെടാതെ ശ്രദ്ധിക്കുന്നതും ഹൃദയ എളിമ കൊണ്ടാണ്. ഉദാ: മാന്നാനം കൊവേന്ത പണിയുന്നതിനിടയിലാണ് ഫ്രാൻസീസ് സേവ്യർ മെത്രാൻ വരാപ്പുഴ അപ്പസ്തൊലിക്ക ആകുന്നത്. പോരൂക്കര തോമാച്ചനും ചാവറയച്ചനുമാണ് പണികൾക്ക് നേതൃത്വം കൊടുക്കുന്നത്. ചില തെറ്റിദ്ധാരണകൾ നിമിത്തം മെത്രാൻ അവരെ അവിശ്വസിക്കുന്നു, ഉടൻ ശിക്ഷാനടപടികൾ എടുക്കുന്നു. സ്ഥലം മാറ്റത്തിന് കല്പന വരുന്നു. കാരണമെന്തെന്നറിയാതെ, മാന്നാനം ആശ്രമത്തിന്റെ പണികൾ നിന്നുപോയതിലുള്ള വേദന മെത്രാനെ അറിയിക്കാൻവേണ്ടി അരമനയിലെത്തിയ ചാവറയ്ക്കു ലഭിച്ചത് ഭയങ്കര ശകാരമായിരുന്നു. മുട്ടുകുത്തി, മോതിരം ചുംബിച്ച് എഴുന്നേറ്റ് പുറത്തുവന്ന ചാവറ "എന്റെ അറിവുകേടും കൊവേന്ത ഉണ്ടാക്കണം എന്ന താല്പര്യവും കൊണ്ടത്രെ ഇങ്ങനെ പറയുന്നതെന്ന് നിരൂപിച്ചു". [38]

ഒരു ശമ്മാശനായിരിക്കെ, വരാപ്പുഴയിൽ ലത്തീൻ പഠിക്കാൻ വേണ്ടി മല്പാനച്ചൻ (പാലയ്ക്കൽ തോമാച്ചൻ) പറഞ്ഞുവിട്ട സംഭവം ചാവറതന്നെ എഴുതിയിട്ടുണ്ട്. അന്നത്തെ മെത്രാൻ, മിലെസ് പ്രെൻഡർ ഗാസ്റ്റിനോട് അനുവാദം വാങ്ങി, അരമനയിലെ നിക്ലാവോസ് അച്ചന്റെ സഹായസഹകരണങ്ങൾ ഉറപ്പാക്കിയ ശേഷമാണ് ചാവറയും കൂട്ടരും വരാപ്പുഴയിലെത്തിയത്. പക്ഷെ "ഞങ്ങളെ സെമിനാരിയിൽ കയറ്റുന്നതിനും, കൂടെ ഇരുത്തുന്നതിനും അവർക്ക് സമ്മതമില്ലാഞ്ഞു" കുറെ ദിവസം അവിടെ

കഴിച്ചുകൂട്ടി. കിടക്കാനും, ഭക്ഷണത്തിനും മറ്റും ഏറെ സൗകര്യക്കേടുണ്ടായി. അവസാനം നടപ്പുദീനം പരന്നതിനാൽ പള്ളിപ്പുറത്തേക്ക് കൊണ്ടുപോയി. ആഗ്രഹിച്ച കാര്യം നടന്നുമില്ല; എന്നു തന്നെയല്ല കുറെ മാനക്കേടും സങ്കടവുമുണ്ടായി".[39]

ഇങ്ങനെ നിന്ദാവമാനങ്ങളും പീഡകളുമുണ്ടായിട്ടും തന്റെ മരണം വരെ ലത്തീൻ ഭരണകൂടത്തോട് വിനയത്തോടെ വിധേയത്വത്തോടെ പെരുമാറി. അങ്ങനെ ക്ഷമിക്കുന്ന സ്നേഹത്തിന് ഏവർക്കും മാതൃകയായി പരിലസിച്ചു.

മാർ ബർണ്ണർദീനോസ് മെത്രാപ്പൊലീത്തായ്ക്ക് ചാവറയച്ചനോട് ഏറെ സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. "അയാളെ കണ്ടോ? അയാളാണ് ഇന്ന് മലയാളം ഭരിക്കുന്നത്"[40] എന്ന് ചാവറയച്ചനെക്കുറിച്ച് പറയുമായിരുന്നുവത്രെ. അദ്ധ്യാത്മിക പിതാവായ ലെയോപോൾദ് മൂപ്പച്ചൻ ചാവറയച്ചനെയാണോ, അതൊ ചാവറയച്ചൻ മൂപ്പച്ചനെയാണോ കൂടുതൽ ബഹുമാനിക്കുന്നത് എന്ന് കാണികൾക്ക് നിശ്ചയിക്കാൻ പറ്റാത്ത വിധത്തിലുള്ള ഹൃദയ ഐക്യമാണ് അവർ തമ്മിലുണ്ടായിരുന്നത്. കന്യാസ്ത്രീമഠ സ്ഥാപനത്തോടനുബന്ധിച്ചാണ് ഈ ഹൃദയ ഐക്യം കൂടുതൽ വെളിവാക്കപ്പെടുന്നത്. എളിമയെന്ന പുണ്യം നിരന്തരം അഭ്യസിച്ചാൽ അപരനോട് ക്ഷമിക്കുന്ന സ്നേഹം കാണിക്കാതിരിക്കാനാകുമോ? ദൈവികമല്ലാത്തവയോടെല്ലാം നിസംഗത പുലർത്തി, എളിമയിലും സ്നേഹത്തിലും വളർന്നുവന്നപ്പോൾ ചാവറ പിതാവിന്റെ ഹൃദയവയലിൽ വീണ വിത്തുകളെല്ലാം നൂറുമേനി ഫലം പുറപ്പെടുവിക്കുന്നതിന്റെ പ്രത്യക്ഷലക്ഷണങ്ങളാണ് ചാവറയുടെ ജീവിതത്തിലുടനീളം കാണുന്നത്.

### വി. കുർബാന സ്വീകരണത്തിനൊരുക്കം

*"എന്നിൽ എഴുന്നെള്ളിവരുവാൻ തിരുമനസ്സായ കർത്താവെ, ഇതാ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയും പ്രിയമുള്ള ഇരിപ്പിടമായ എന്റെ ദൈവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നെള്ളി ഇരിക്കണമേ! അമ്മയുടെ മടിയിൽ ഇരിക്കുന്ന കുഞ്ഞുമകൻ എത്രയൊ സന്തോഷത്തോടുകൂടെ അവിടെ ഇരുന്നുകൊണ്ട് തെളിയുന്നു! എന്റെ രക്ഷിതാവെ, അമ്മയുടെ മടിയിൽ ഇരിക്കുന്ന നേരത്തിൽ, പ്രിയമുള്ള അമ്മ, ഈ കുര്യാക്കോസിനുവേണ്ടി യാചിക്കുന്നതെല്ലാം തരേണമെ*

*(ധ്യാനസല്ലാപങ്ങൾ പേജ് 43)*



# ആറ്

# സ്ഥാപകന്റെ ദൈവാനുഭവം : സവിശേഷതകൾ

ചാവറയച്ചൻ എഴുതിയ സാഹിത്യകൃതികളിൽ ആത്മാനുതാപവ ആദ്ധ്യാത്മിക കൃതികളിൽ ധ്യാനസല്ലാപങ്ങളും പഠന വിഷയമാക യപ്പോൾ കിട്ടിയ ചിന്തകളാണ് പ്രധാനമായും ഇവിടെ വിവരിക്കുക. നമുക്കറിയാവുന്നതുപോലെ അദ്ദേഹത്തിന്റെ 'ആബ്ബാനുഭവം' ഏറ്റവ ആഴപ്പെട്ടതാകയാൽ, ആദ്യം അതേകുറിച്ച് വിചിന്തനം ചെയ്യാം.

## a) ആബ്ബാനുഭവം

ഞാനും പിതാവും ഒന്നാകുന്നു (യോഹ. 10:30) "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14:7-11) തുടങ്ങ പിതൃ-പുത്ര ബന്ധത്തെക്കുറിച്ച് ഈശോമിശിഹാ പറഞ്ഞിട്ടുള്ള നിഗൂഢ രഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങി അവരുടെ ഐക്യാനുഭവത്തിൽ ലയിച്ചിരിക്കുന്ന ചാവറയെയാണ് ഇവിടെ നമ്മൾ ദർശിക്കുക (ജെറ. 33:3). ഒരിക്കലും വേർപിരിയാൻ പറ്റാത്ത ഒരു സ്നേഹബന്ധമാണത്. ദിവ്യകാരുണ്യസന്നിധിയിലായിരി ക്കുമ്പോഴും, ക്രൂശിത ധ്യാനം നടത്തുമ്പോഴുമെല്ലാം 'അപ്പാ' 'അപ്പാ' എന്നാണ് വിളിക്കുക. "ഹാ എത്രനാളായി ഞാൻ എന്റെ അപ്പന്റെ മുഖം കണ്ടിട്ട്. ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ" "ആ പ്രിയമുള്ള അപ്പാ, നീ എഴുന്നെള്ളിയിരിക്കുന്ന കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കയാൽ" തന്നെ അനുഗ്ര

ഹിക്കാതെ വിട്ടുപോകരുതെന്ന് യാക്കോബ് പിതാവ് മാലാഖയോട് അപേക്ഷിച്ചതുപോലെ (ഉല്പ 22:22-32) താനും ഈ തൃപ്പാദത്തിൽ നിന്ന് പിടി വിടുകയില്ലെന്ന് വത്സല മകനെപ്പോലെ ശാഠ്യം പിടിച്ച് പ്രാർത്ഥിക്കുന്നു.[42]

**പേരുചൊല്ലി വിളിക്കുന്ന ദൈവം**

അപ്പൻ-മകൻ ബന്ധത്തിന്റെ അടിസ്ഥാനപരമായ കാരണം എന്താണ് എന്ന് ചാവറ പിതാവ് ആത്മാനുതാപം ഏഴാം പാദത്തിൽ വിവരിക്കുന്നുണ്ട്. അതായത്, ഒരു സ്വരം തന്റെ ഹൃദയാന്തരാളത്തിൽ കേൾക്കുന്നു. എന്താണ് ആ സ്വരത്തിന്റെ പ്രത്യേകതകൾ ?

എന്നുടെ ചങ്കിൽ നീയ് കുന്തത്തെ പതിക്കുന്നൊ
അയ്യയ്യൊ സ്നേഹപിതാ സൃഷ്ടിനാഥനെ മമ
അയ്യത്താലധോഭാഗെ താഴ്ത്തുന്നേൻ മമാനനം
എന്നുതന്നെയുമല്ലാ പിന്നെയും മമ ബുദ്ധി (ആത്മാ. VII, 333 - 336)

ചങ്കിൽ കുന്തം കൊണ്ട് കുത്തിയ അനുഭവമാണ് ആ സ്വരത്തിനുണ്ടായിരുന്നത്... എന്റെ ആത്മാവിന്റെ കൊടിയ പാപങ്ങൾ നിറഞ്ഞു നില്ക്കുന്നത് കണ്ടിട്ടും, എന്റെ ആത്മാവിനെ സൂക്ഷിച്ചു നോക്കിയിട്ട് എന്റെ ഹൃദയത്തിൽ തിരുവാക്യം പതിയുംവണ്ണം അരുളിച്ചെയ്യുന്നു. (ആത്മാ. VII, 329-331)

**ആ തിരുവാക്യം ?**

" നിന്നുടെ താതനുമെ സ്നേഹ ദേവനും നാമെ (ആത്മാ.VII, 332)

ചങ്കിൽ കുന്തംകൊണ്ട് എഴുതിയാലെന്നപോലിരിക്കുന്നത്, ഇനി തന്റെ നാവിലും അധരത്തിലും മറ്റെല്ലാ ഇന്ദ്രിയങ്ങളിലും ബുദ്ധി, മനസ്സ്, ഓർമ്മ, ഭാവന, ചിന്ത, വികാരങ്ങളിലെല്ലാം ഈ 'അപ്പൻ' വിളി തുടർന്നുകൊണ്ടിരിക്കും. അപ്പനിൽ തന്റെ എല്ലാ കഴിവുകളും വലയം ചെയ്യപ്പെട്ടിരിക്കുന്നു.

ചാവറപിതാവിന്റെ ഹൃദയത്തിൽ തന്റെ അപ്പനായ ദൈവം അല്ലെങ്കിൽ ദൈവമായ അപ്പൻ എങ്ങനെ ജീവിക്കുന്നു, ചരിക്കുന്നു? "അയ്യയ്യൊ ! സ്നേഹ പിതാവേ, സൃഷ്ടാവേ എന്റെ നാഥാ, ലജ്ജയാൽ

എന്റെ മുഖം ഞാൻ താഴ്ത്തുന്നു. മാത്രമല്ല, എന്റെ ബുദ്ധി, ഭൗമി കാര്യങ്ങളിൽ മുഴുകി, പാപം ചെയ്യാനാശിച്ചു ചരിക്കവെ, നീ അത്യ കമായ ഭയത്തോടെ എന്റെ പിന്നാലെ നടന്ന്, സന്തോഷം കാണിച്ച തന്നു. നീ എന്നെ അനുകമ്പയോടെ വിളിച്ചു (ആത്മാ.VII, 337-339 "ഇനി, ഈ സ്നേഹത്തിൽനിന്ന് ആര് എന്നെ വേർപ്പെടുത്തും ക്ലേശമോ, ദുരിതമോ, പീഡനമോ, നഗ്നതയോ, ആപത്തോ, വാളോ (റോമ. 8:35).

എന്റെ പിതാവ് എന്നപോലെ, നീ എന്റെ പിന്നാലെ നടന്നുവന്ന നീ എന്നോട് പറഞ്ഞു: "ഞാനാണ് നിന്റെ സ്നേഹപിതാവ്, നിനക്ക നല്ല അമ്മയും ഞാനാകുന്നു. അല്ലയോ മകനെ, നീ ഇതെല്ലാ സ്മരിക്കുക. ഇങ്ങനെ ഓരോ കാര്യവും എന്റെ മനസ്സിൽ നീ തോന്നിച്ച (ആത്മാ. VII, 342-346).

അപ്പനോടുള്ള സ്നേഹം വഴിഞ്ഞൊഴുകുമ്പോൾ മകന്റെ ഹൃദയത്തിൽനിന്ന് അപ്പന്റെ നാമങ്ങൾ ഒഴുകി വരുന്നുണ്ട്.

അനാദ്യ ഗുണനിധെ, സർവ്വേശാ, പരാപരാ
അനന്തദയാന്വിതാ, സർവ്വമംഗലദേവാ (ആത്മാ. II, 159 - 160).

അപ്പന്റെ വിശേഷണങ്ങൾ ഏറെയുണ്ട്-നരവർഗ്ഗത്തിൻ രാജൻ അമലഗാമി, നാഥാ, താതാ, പിതാവെ, നീതീശ്വരാ, നായകാ, പരാപ നാഥനെ, പരമദേവാ, സർവ്വത്തിൻ നാഥനെ, സർവ്വജ്ഞൻ, സർവ്വേശ്വര ദയാനിധെ, മംഗലനാഥൻ, നിർമ്മലഗുണനിധെ, ദാവീദിൻ സുതൻ രാജൻ, പരാപര, അനന്തഗുണനിധെ, കരുണാനിധെ, പിതൃസമകുടസ്ഥ സമസ്തേശാ, സ്നേഹപിതാ, ആദ്യന്തൻ, നിർമ്മലാ, മമദേവാ സുന്ദരശരീരിയെ തുടങ്ങിയവ ഏഴാംപാദത്തിലെ നാമവിശേഷ ണങ്ങളാണ്.

ആബ്ബാനുഭവത്തിൽ മുങ്ങിക്കളിക്കുമ്പോൾ, 'അപ്പ'നെ വിളിച്ച പാടുന്നു.

മമ പിതാവു നിയെ ഭാഗ്യവുമെനിക്കുനീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കുനീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.

എന്റെ മുഖം ഞാൻ താഴ്ത്തുന്നു. മാത്രമല്ല, എന്റെ ബുദ്ധി, ഭൗമിക കാര്യങ്ങളിൽ മുഴുകി, പാപം ചെയ്യാനാശിച്ചു ചരിക്കവെ, നീ അത്യധികമായ ഭയത്തോടെ എന്റെ പിന്നാലെ നടന്ന്, സന്തോഷം കാണിച്ചു തന്നു. നീ എന്നെ അനുകമ്പയോടെ വിളിച്ചു (ആത്മാ.VII, 337-339). "ഇനി, ഈ സ്നേഹത്തിൽനിന്ന് ആര് എന്നെ വേർപ്പെടുത്തും? ക്ലേശമോ, ദുരിതമോ, പീഡനമോ, നഗ്നതയോ, ആപത്തോ, വാളോ" (റോമ. 8:35).

എന്റെ പിതാവ് എന്നപോലെ, നീ എന്റെ പിന്നാലെ നടന്നുവന്നു. നീ എന്നോട് പറഞ്ഞു: "ഞാനാണ് നിന്റെ സ്നേഹപിതാവ്, നിനക്ക് നല്ല അമ്മയും ഞാനാകുന്നു. അല്ലയോ മകനെ, നീ ഇതെല്ലാം സ്മരിക്കുക. ഇങ്ങനെ ഓരോ കാര്യവും എന്റെ മനസ്സിൽ നീ തോന്നിച്ചു (ആത്മാ. VII, 342-346).

അപ്പനോടുള്ള സ്നേഹം വഴിഞ്ഞൊഴുകുമ്പോൾ മകന്റെ ഹൃദയത്തിൽനിന്ന് അപ്പന്റെ നാമങ്ങൾ ഒഴുകി വരുന്നുണ്ട്.

അനാദ്യ ഗുണനിധെ, സർവ്വേശാ, പരാപരാ
അനന്തദയാന്വിതാ, സർവ്വമംഗലദേവാ (ആത്മാ. II, 159 - 160).

അപ്പന്റെ വിശേഷണങ്ങൾ ഏറെയുണ്ട്-നരവർഗ്ഗത്തിൻ രാജൻ, അമലഗാമി, നാഥാ, താതാ, പിതാവെ, നീതീശ്വരാ, നായകാ, പരാപര നാഥനെ, പരമദേവാ, സർവ്വത്തിൻ നാഥനെ, സർവ്വജ്ഞൻ, സർവ്വേശ്വരാ ദയാനിധെ, മംഗലനാഥൻ, നിർമ്മലഗുണനിധെ, ദാവീദിൻ സുതൻ, രാജൻ, പരാപര, അനന്തഗുണനിധെ, കരുണാനിധെ, പിതൃസമകുടസ്ഥ, സമസ്തേശാ, സ്നേഹപിതാ, ആദ്യന്തൻ, നിർമ്മലാ, മമദേവാ, സുന്ദരശരീരിയെ തുടങ്ങിയവ ഏഴാംപാദത്തിലെ നാമവിശേഷണങ്ങളാണ്.

ആബ്ബാനുഭവത്തിൽ മുങ്ങിക്കളിക്കുമ്പോൾ, 'അപ്പ്'നെ വിളിച്ചു പാടുന്നു.

മമ പിതാവു നിയെ ഭാഗ്യവുമെനിക്കുനീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കുനീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.

ശ്വാസവുമെനിക്കുനീ യാവന പാനം നീയെ
ആശ്വാസം നിന്നിലല്ലാതെവിടെ എനിക്കയ്യോ (ആത്മ.11, 141–146).

അപ്പന്റെ പാപികളോടുള്ള സ്നേഹം പ്രകീർത്തിക്കുന്ന മകൻ പറയുന്നു : "പാപികളോടുള്ള അപ്പന്റെ സ്നേഹത്താൽ 50 ൽ കൂടുതൽ വായ്കൊണ്ട് അപ്പൻ പാപികളെ വിളിച്ചുകൊണ്ടിരിക്കുകയാണ്. പാപികൾ തങ്ങളെ, അപ്പൻ സ്വീകരിക്കാതിരിക്കുമോ എന്ന സംശയം ഉണ്ടാകാതിരിക്കാനും, പാപികൾ ചെന്നാലുടനെ സ്വീകരിക്കാനുമായി എപ്പോഴും ഇരു കൈകളും വിരിച്ചു പിടിച്ചിരിക്കുന്നു. അവരെ പ്രിയത്താൽ മുത്തുവാനായി എപ്പോഴും തന്റെ തിരുമുഖം ചായിച്ചിരിക്കുന്നു".[43]

അപ്പനും മകനും തമ്മിലുള്ള കണ്ടുമുട്ടലിന്റെയും സ്നേഹ സംഭാഷണത്തിന്റെയും വിലപ്പെട്ട സമയങ്ങളായിരുന്നു ചാവറപിതാവിന്, ദിവ്യകാരുണ്യ സന്നിധിയിലെ നീണ്ട മണിക്കൂറുകൾ. "വി. കുർബ്ബാനയുടെ മുമ്പിൽ ഇദ്ദേഹത്തിന്റെ നില എത്രയും മനോഹരമായ ഒരു കാഴ്ചയായിരുന്നു. ഒരു മനുഷ്യൻ എന്നതിനെക്കാൾ ഒരു മാലാഖ എന്നു തോന്നിപ്പോകും"[44] എന്ന് സ്വശിഷ്യൻ ക.നി.മൂ.സ. ലൂയിസച്ചൻതന്നെ എഴുതി വച്ചിട്ടുണ്ടല്ലോ. ആത്മാനുതാപത്തിലും ധ്യാനസല്ലാപങ്ങളിലും ഇത്തരം സംഭാഷണ ശൈലി നമുക്ക് കാണാം. ആത്മാനുതാപത്തിൽ നിന്ന്: a) VII, 265-296.

മകൻ : ഈശ്വരനായിരിക്കുന്ന നീ എന്തു തേടി നടക്കുന്നു?

അപ്പൻ : മമ സുതാ, കഴിഞ്ഞ മൂപ്പത്തിമൂന്നു വർഷവും നിന്നെ തേടി വലഞ്ഞു. മലകളും ആഴികളും വീഥികളും താണ്ടി, കല്ലുകളും, മുള്ളുകളും ചവിട്ടി ഏറെ നടന്നു. നീ വേഗത്തിൽ വരിക, ഞാൻ നിന്റെ പിതാവാണ്.

മകൻ : അയ്യയ്യൊ സ്നേഹപിതാവായ ദൈവമേ, സർവ്വേശ്വരാ, അങ്ങേ തിരുമുഖം കാണുവാൻ ഞാൻ ദാഹിക്കുന്നു. പക്ഷേ മഹാപാപി, ഞാൻ അങ്ങയുടെ പക്കലേക്ക് നടന്നടുക്കുവാൻ ശങ്കിക്കുന്നല്ലോ.

അപ്പൻ : ഞാൻ കരുണാമയനായ പിതാവാണെന്ന് നീ ചിന്തിക്കുക. എന്റെ കരത്താൽ നിന്നെ കഴുകി വിശുദ്ധീകരിക്കട്ടെ.

മകൻ : അടിയന്റെ ദുഷ്ടതയാൽ നിന്നെ മുത്തുവാൻ സാധിക്കു

ന്നില്ല. നീ ഒരു വാക്ക് അരുൾ ചെയ്താൽ അടിയന് ദേഹീ ഗുണം ലഭിക്കും. തിരുമേനിയിൽ നിന്നൊഴുകുന്ന രക്തത്താൽ എന്റെ പാപമാലിന്യം കഴുകി വെളുപ്പിക്കും.

b) VII, 341 - 368.

മകൻ : അയ്യയ്യോ, പാപവഴിയെ ഞാൻ നടന്നപ്പോൾ, അപ്പനെപ്പോലെ, എന്റെ പിന്നാലെ നടന്ന്, നിന്റെ സ്നേഹത്തെ എനിക്ക് തന്നിട്ടും ഞാൻ പാപം ചെയ്തുപോയി. ഞാൻ നന്ദിഹീനനാണ്. എന്നെ ഉപേക്ഷിച്ചുകളയല്ലെ.

അപ്പൻ : മകനെ, എന്റെ കരുണ എത്ര വലുതെന്ന് കാണുവാൻ നീ എന്റെ പിന്നാലെ വരിക. ബുദ്ധിയും ഓർമ്മയും ഉപയോഗിച്ച് ഗാഗുൽത്താ മലയിലേക്ക് ധ്യാനത്താൽ കയറി, എന്റെ സ്നേഹം അനുഭവിക്കുക.

മകൻ : എന്റെ പ്രതീക്ഷ നിന്നിൽ മാത്രമാണ്, നിന്നിൽ നിന്നും അകന്നുപോയ ആടിനെ തേടിയാണ് നീ വന്നത്. നീ എനിക്ക് വൈദ്യനാണ്. എനിക്ക് മാത്രമല്ല, നിന്റെ പക്കലേക്ക് കടന്നുവരുന്ന സർവ്വപാപികൾക്കും നിന്റെ കരുണയനുഭവിക്കുവാൻ കഴിയും. കർത്താവേ, എന്റെ പാപാഗ്നി ഞാൻ കാണുന്നു. തപസ്സു ചെയ്യാൻ എനിക്ക് കഴിവില്ല.

*ധ്യാനസല്ലാപങ്ങളിൽ* (പേജ് 26–27) മേൽപറഞ്ഞ ആശയങ്ങൾ തന്നെ, കൂടുതൽ സ്നേഹതീവ്രതയോടെ വിവരിക്കുന്നുണ്ട്.

അപ്പൻ : "എന്റെ മകനെ നീ വരിക, എന്തെ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ പക്കൽ വരാതിരിക്കുന്നു. നീ ഭയപ്പെടേണ്ട. എന്നെവിട്ട് നീ അകന്നുപോയ നാഴികമുതൽ എന്റെ ഹൃദയം ക്ലേശിച്ചിരിക്കുന്നു. നിന്നെ കണ്ടെത്തുവാൻ എന്റെ സിംഹാസനത്തിൽ നിന്നിറങ്ങി, നീ ഭയപ്പെടാതിരിക്കുവാൻ നിന്നെപ്പോലെ സൃഷ്ടിയുടെ മകനായി ഞാൻ പിറന്നു..." തുടർന്ന് ജനന സമയത്ത് സ്വീകരിച്ച ദാരിദ്ര്യ ചൈതന്യവും പരസ്യ ജീവിതകാലത്ത് കാട്ടിലും മേട്ടിലും കടലിലും മലയിലും ചുറ്റി നടന്നതും, സ്വന്തം ശരീരത്തിലെ ക്ഷതങ്ങളും ക്ഷതജങ്ങളുംകൊണ്ട് ഔഷധമുണ്ടാക്കി രോഗം പൊറുപ്പിച്ചതും, ഭക്ഷണ പാനീയങ്ങളായി തീറ്റി വളർത്തിയതുമെല്ലാം അതീവ സ്നേഹത്തോടെ അപ്പൻ വിവരിക്കുന്നു.

മകൻ : "ആ പ്രിയമുള്ള അപ്പാ! ഇതുതന്നെ ഞാൻ വിചാരിച്ചു, ഭയന്നു, ലജ്ജിച്ചു. നിന്റെ തൃപ്പാദത്തിങ്കൽ അണയാൻ ശങ്കിക്കുന്നു. അതെന്ത്യെ, ഈവണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെപ്രതി നീ ചെയ്തതൊക്കെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്? ശ്ലീഹായുടെ വചനത്തിൻവണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാൻ, നമ്മെ സ്നേഹിച്ചു എന്നത് (1 യോഹ. 4:10). ആ മനോഗുണമേ! ആ സ്നേഹമേ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈവണ്ണം നമ്മെ സ്നേഹിച്ചു, നമുക്കു വേണ്ടി മരിച്ചു. അപ്പഴൊ, സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുവെങ്കിൽ, നമ്മെ സ്നേഹിക്കാതിരിക്കാൻ തനിക്ക് വശമുണ്ടാകുമൊ".

ക്രൂശിതദർശന ധ്യാനം[45] അപ്പന്റെ പീഢാനുഭവത്തെക്കുറിച്ചുള്ള മകന്റെ വിലാപമാണ്. അത് മനനം ചെയ്ത് ധ്യാനിക്കുമ്പോൾ വി. അമ്മത്രേസ്യായുടെ ആദ്ധ്യാത്മികാനുഭൂതിയോട് സാമ്യമുള്ളതായി തോന്നുന്നുണ്ട്. "പീഢാനുഭവത്തെപ്പറ്റി വിലപിക്കുവാൻ ആരംഭിച്ചു പോയാൽ പിന്നെ ഉച്ചി പിളരുന്നതുപോലുള്ള തലവേദന കൊണ്ടല്ലാതെ അവസാനിപ്പിക്കുവാൻ എനിക്ക് സാധിച്ചിരുന്നില്ല. എന്റെ പാപങ്ങളെക്കുറിച്ചായിരുന്നാലും അങ്ങനെതന്നെ. അത് നമ്മുടെ കർത്താവ് എനിക്കു ചെയ്ത വലിയൊരനുഗ്രഹമായിരുന്നു."[46]

യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെക്കുറിച്ചുള്ള ധ്യാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി വി. അമ്മത്രേസ്യായുടെ മക്കൾക്ക് അറിവുള്ളതാണല്ലൊ. ക്രിസ്തുചരിത്രത്തോട് സ്വന്തം ജീവിതാനുഭവങ്ങളെ ഉൾച്ചേർത്തുകൊണ്ട് പാടുമ്പോൾ ആത്മാനുഭവത്തിലൂടെ, പാപബോധത്തിലൂടെ, ദൈവസ്നേഹാനുഭവത്തിന്റെ അത്യുച്ചിയിലേക്ക് ചാവറ പറന്നുയരുന്നതായി ആത്മാനുതാപം തെളിയിക്കുന്നു. ആന്തരീക ശക്തികളായ ബുദ്ധിയും ഓർമ്മയും മനസ്സും ദൈവികരഹസ്യങ്ങളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരു ആത്മാവിനെയാണ് ധ്യാനസല്ലാപങ്ങളിൽ നമ്മൾ ദർശിക്കുക. ഇത് 6-ാം സദനത്തിലെത്തിയവരുടെ സവിശേഷതകളിലൊന്നായി വിശുദ്ധ പഠിപ്പിക്കുന്നുണ്ട്.[47]

### അപ്പൻ മകൻ ബന്ധത്തിന്റെ ആഴം

തികച്ചും ആത്മീയ ബന്ധം. ചാവറ പിതാവിന്റെ ദൈവവുമായുള്ള ബന്ധത്തിലുള്ള വ്യതിരിക്തത (Uniqueness) വ്യക്തമാക്കുന്ന ബന്ധം. ഈ ആത്മ-പരമാത്മ ബന്ധത്തെകുറിച്ചുള്ള, സ്വന്തം ഐഡന്റിറ്റിയെക്കുറിച്ചുള്ള ഉൾക്കാഴ്ച ലഭിച്ചാൽ, ഏതൊരാത്മാവിനും ആദ്ധ്യാത്മികാനുഭൂതിയിൽ വളരെ വേഗത്തിലുള്ള വളർച്ചയുണ്ടാകും എന്ന് ആദ്ധ്യാത്മിക പണ്ഡിതർ പറയുന്നു. ചാവറ പിതാവിനെ സംബന്ധിച്ച് ഹൃദയത്തിൽ കുന്തംകൊണ്ട് കുത്തിയാൽ എന്നപോലെ ആഴത്തിൽ അനുഭവപ്പെട്ട ബന്ധമാണിത്. പെട്ടെന്നുതന്നെ തന്റെ ഉള്ളും ഉള്ളതുമെല്ലാം തന്റെ 'അപ്പ'ന്റേതായി മാറി, 'അപ്പ'ന്റെ ആകർഷണ വലയത്തിൽനിന്നും ഒരുതരത്തിലും മാറ്റപ്പെടുകയില്ല എന്ന അവസ്ഥയിൽ എത്തിച്ചേർന്നു.

ആറാം സദനത്തിലെത്തിയിരിക്കുന്ന ആത്മാവിന് ലഭിക്കുന്ന ബൗദ്ധിക ദർശന[48]ത്തെക്കുറിച്ചുള്ള പഠനം ചാവറ പിതാവിന്റെ ആബ്ബാനുഭവത്തിന്റെ ആഴം മനസ്സിലാക്കാൻ സഹായിക്കും. അതുകൊണ്ട് ആ ദർശനത്തിന്റെ പ്രത്യേകതകൾ ഇവിടെ വിവരിക്കാം. വിശുദ്ധ അമ്മത്രേസ്യ പറയുന്നു: പ്രതീക്ഷിക്കാത്തപ്പോൾ, എന്തെങ്കിലും അർഹതയുണ്ടെന്ന് വിചാരിക്കാത്തപ്പോൾ ലഭിക്കുന്നു. കർത്താവ് കൂടെയുണ്ട്. പക്ഷേ കണ്ണുകൾക്ക് വിഷയീഭവിക്കുന്നില്ല. പെട്ടെന്ന് കടന്നു പോകുന്ന ഭാവനാദർശനങ്ങളല്ല. കർത്താവുതന്നെയാണ് തന്റെ സമീപത്തുള്ളത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവിടുന്ന് സദാ തന്നെ കണ്ടു കൊണ്ടിരിക്കുന്നുവെന്ന ബോദ്ധ്യമുണ്ട്. സ്വരം കേൾക്കാൻ തക്കവിധം അടുത്തുണ്ട്. ചിന്താകുലതകളൊന്നുമില്ല. അവിടുത്തെ നേർക്ക് ആത്മാവിൽ അനുസ്യൂതമെന്നോണം, പുതുമ മായാത്ത ഒരു സ്നേഹഭാവം നിലനില്ക്കുന്നു. സ്വന്തം പരിശ്രമം കൊണ്ട് ആതാർജ്ജിക്കുവാൻ ശേഷിയില്ലാത്ത തനിക്ക്, അത് നൽകുവാൻ തിരുമനസ്സാകുന്ന കർത്താവിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടിരിക്കും. ഒരിക്കലും ആത്മാവ് ഈ നന്മയെപ്രതി അഹങ്കരിക്കുന്നില്ല. അവിടുത്തെ സേവിക്കാൻ കൂടുതൽ കടപ്പാടുണ്ട് എന്ന് ചിന്തിക്കും. ആത്മനിഗ്രഹം, എളിമ, മനസ്സാക്ഷിയുടെ നൈർമ്മല്യം എന്നിവയാൽ കർത്താവിനെ കൂടുതൽ പ്രസാദിപ്പിക്കും.

### b) സദാ കൺമുമ്പിൽ

നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ
ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു
എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു
ജീവിക്കുന്ന ദൈവത്തിനു വേണ്ടിതന്നെ (സങ്കീ. 42:1-2)

ആബ്ബാനുഭവത്തിലായിരിക്കുന്ന ചാവറയ്ക്ക് ദൈവമാണ് തന്റെ ഭാഗ്യം. അങ്ങിൽ മാത്രമാണ് തന്റെ ആശ്വാസവും. യാവന പാനീയങ്ങളായി അങ്ങയെമാത്രം മതി. ഇനി അങ്ങയെ കണ്ടുകൊണ്ടിരിക്കണം. അതുമാത്രം ആഗ്രഹം.

*ആത്മാനുതാപം* മൂന്നാംപാദത്തിലെ ഓരോ വരിയിലും നമ്മൾ കാണുക ദൈവദർശന ദാഹത്താൽ എരിയുന്ന ഒരു ആത്മാവിനെയാണ്. അവിടുത്തെ മനുഷ്യാവതാരം, ജനനം, ദിവ്യഉണ്ണി വഴി മാതാപിതാക്കൾക്കുണ്ടാകുന്ന ആനന്ദാധിക്യം, ആട്ടിടയന്മാരുടെ വരവ് ഈജിപ്റ്റിലേക്കുള്ള പലായനം, നസ്രത്തിലെ ദരിദ്രജീവിതം, 12-ാം വയസ്സിലെ കാണാതാകൽ, ജ്ഞാനസ്നാനം, മരുഭൂമിവാസം, കാനായിലെ കല്യാണം, ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പ്, നല്ല ഇടയൻ ആടിനെ തേടി നടക്കുന്നത്. എല്ലാം കാണണം. കേരള ജനത മുഴുവനും കാണാകേണം. സ്ഥാപകന്റെ ഈ ദർശനാഭിഷേകം നമ്മിലും ജനിക്കുന്നതിനായി അങ്ങയെ കാണുന്നതിനുള്ള കൃപ ലഭിക്കുവാൻ വേണ്ടി പാടി പ്രാർത്ഥിക്കുക : (ആത്മാ. III)

1. കാരുണ്യനാഥനാം ദൈവകുമാരന്റെ
   ആരുണ്യശോഭയെ കാണാകേണം
   അമ്മാനുവേലെന്ന നാമാർത്ഥം പോൽദൈവം
   നമ്മോടു ചേർന്നതും കാണാകേണം

2. മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തിയെ
   ഗാത്രെ മറച്ചതും കാണാകേണം
   ഉന്നതനാം ദൈവം കന്നിമറിയത്തിൽ
   വന്നു പിറന്നതും കാണാകേണം

3. തൃക്കണ്ണുകൾകൊണ്ട് മാതാവെ നോക്കുന്ന
   അക്കൺമണിയെ ഞാൻ കാണാകേണം
   എപ്പേരും കണ്ടാനന്ദാബ്ധിയിൽ താഴുന്ന
   ചില്പുമാൻ "യൗസേ"യും കാണാകേണം

4. ആട്ടിയന്മാരെ കേൾപ്പിച്ചവരുടൻ
കൂട്ടമായ് വന്നതും കാണാകേണം
വാഴ്ത്തിസ്തുതിക്കുന്ന കൂട്ടത്തെ പാപി ഞാൻ
വാഴ്ത്തുവാൻ നിത്യവും കാണാകേണം

5. നഷ്ടമായ് പോയോരാജങ്ങളെത്തേടുന്ന
സൃഷ്ടികർത്താവിനെ കാണാകേണം
കേസരി രാജൻ നീ നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം

6. ആനന്ദമോടുനിൻ മാതൃതിരുമടി
യാദരിച്ചീടുമ്പോൾ കാണാകേണം
അമ്മാനുവേലെന്ന തമ്പുരാനേ നിന്നെ-
യൻപോടു പാപി ഞാൻ വന്ദിക്കുന്നു.

7. എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
ഏകാന്ത പ്രേമത്താൽ പാർക്കുന്നഹം
ഏകേശ നാഥനെ നിന്നുടെ ദാസൻമേ
എകദാ നിന്നെ ഞാൻ കാണാകേണം.

അപ്പനെ കാണാനുള്ള തീവ്രമായ ആഗ്രഹം ശമിപ്പിക്കത്തക്കവിധം ഈശോയെയും മാതാപിതാക്കളെയും അവരോട് ബന്ധപ്പെടുന്ന എല്ലാവരേയും ദർശിച്ചിരിക്കുന്ന ചാവറയെയാണ് തുടർന്നുള്ള പാദങ്ങളിൽ കാണാൻ കഴിയുന്നത്. ബെത്ലെഹം യാത്ര, അവിടെ കിടക്കാ നിടംതേടൽ (IV), ഗോശാലയിലെ ജനനം, മാതാപിതാക്കളുടെയും ആട്ടിയന്മാരുടെയും മറ്റും സ്നേഹവും വന്ദനവും ആരാധനയും (V), കർത്താവിന്റെ രണ്ടാം വരവ് ഛേദനാചാരം (VI), മൂന്നു രാജാക്കന്മാരുടെ വരവ്, നാല്പതാംദിനം ദേവാലയത്തിൽ മാതാവിനുണ്ടാകുന്ന വ്യാകുലം, അതിനു കാരണമായ തന്റെ പാപാധിക്യം (VII), പീഢാനുഭവ ചിത്രീകരണം (VIII), മാതാവിന്റെ ദുഃഖം, സംസ്കാരം (IX), കർത്താവിന്റെ ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മ-ആഗമനം, ശിശുവായ തിരുസഭയുടെ പാലനം, യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം, ഡയാനാ ദേവീക്ഷേത്രം നശിപ്പിച്ച് ആബലാലയ സ്ഥാപനം, ജറുസലേം സമ്മേളനം (X), മാതാവിന്റെ ഗാഗുൽത്താ യാത്ര, കർക്കശമായ ജീവിതചര്യ, പത്രോസിനോടും മറ്റുമുള്ള വിധേയത്വ ജീവിതം (XI), മാതാവിന്റെ

മരണം, ഉത്ഥാനം, സ്വർഗ്ഗാരോപണം ത്രീലോകരാജ്ഞിപദം (XII), മാതാവിന്റെ മാദ്ധ്യസ്ഥ്യശക്തി (അന്ത്യപാദം), മാതാവിന്റെ കൃപയാലും മദ്ധ്യസ്ഥത്താലും പിശാചിന്റെ ശക്തികളിൽനിന്ന് രക്ഷപെടാനുള്ള പ്രാർത്ഥന (കടശീപാദം).

ചാവറയച്ചൻ മരണസമയത്ത് പറഞ്ഞവ ഇത്തരുണത്തിൽ സ്മരണീയമാണ: "ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ, മറിയം, യൗസേപ്പ് എന്ന മഹാകുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കയും, ഞാൻ ആ തിരുകുടുംബത്തെ ഇതുപോലെ (മേശപ്പുറത്ത് വച്ചിരുന്ന തിരുകുടംബരൂപം കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ, അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമോദീസായിൽ എനിക്ക് കിട്ടിയ ഇഷ്ട പ്രസാദത്തെ നശിപ്പിക്കുന്നതിനിടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുകുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുകുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുകുടുംബം അധികാരം നടത്തട്ടെ." [49].

തിരുകുടുംബാംഗങ്ങളെ സദാ ഓർത്ത്, വണങ്ങി ജീവിച്ചതിന്റെ ഒരു തെളിവായി ആത്മാനുതാപം എന്ന കൃതിയെ കണക്കാക്കാമെന്ന് തോന്നുന്നു. ഈശോയും, മാതാവും, യൗസേപ്പ് പിതാവും സദാ അദ്ദേഹത്തിന്റെ കൺമുമ്പിലുണ്ടായിരുന്നു. അവരുടെ വികാരങ്ങളും മനോഭാവങ്ങളും ഉൾക്കൊണ്ട്, അവരുടെ ആവശ്യങ്ങളിലും പ്രയത്നങ്ങളിലും സഹകരിച്ച്, തിരുകുടുംബത്തിലെ നാലാമതൊരു അംഗത്തെപ്പോലെയാണ്, ആത്മാനുതാപത്തിലെ ചാവറപിതാവിന്റെ നീക്കം. ഈശോയുടെ കൺമുമ്പിലിരിപ്പാൻ ഈ തിരുകുടുംബവാസം അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അവരെപ്പോലെ ഹൃദയശുദ്ധി കാക്കുവാനും മരണംവരെ ദൈവേഷ്ട പ്രസാദം നഷ്ടമാകാതിരിക്കാനും ഈ തിരുകുടുംബ ഭക്തിവഴി സാധിച്ചുവെന്ന് അദ്ദേഹംതന്നെ പറയുന്നുണ്ടല്ലോ.

തിരുകുടുംബത്തിലെ തന്റെ ജീവിതത്തിന് ഏറെ സഹായകമായ സിസ്റ്റർ മരിയ അഗ്രദായുടെ 'ദൈവത്തിന്റെ നഗരം' എന്ന ഒരു

പുസ്തകത്തെക്കുറിച്ച് അദ്ദേഹം ആത്മാനുതാപത്തിലെ അന്ത്യപാദം 25-27 വരികളിൽ സാക്ഷിക്കുന്നുണ്ട്. സന്യാസത്തിൽ രണ്ടാം പേരായി തിരുകുടുംബത്തെ സ്വീകരിച്ചവനും പരി. അമ്മയുടെ പ്രത്യേക ഭക്തനുമായിരുന്ന ചാവറയച്ചന് ഈ പുസ്തകത്തോട് ഏറെ ആകർഷണം തോന്നാൻ സാധ്യതയുണ്ട്. കാരണം ഈശോയുടെ മനുഷ്യാവതാരം മുതൽ മാതാവിന്റെ കിരീടധാരണം വരെയുള്ള സംഭവങ്ങൾ, പ്രത്യേകിച്ചും മാതാവിനെകുറിച്ചുള്ള ദർശനങ്ങൾ ആണ് സി. മരിയ അഗ്രദായ്ക്കുണ്ടായിട്ടുള്ളതായി ആ പുസ്തകത്തിൽ വിവരിക്കുന്നത്. 1686 ൽ ഇന്നസെന്റ് മാർപ്പാപ്പ 'ദൈവത്തിന്റെ നഗരം' പ്രസിദ്ധീകരിക്കുവാൻ അനുവാദം നൽകിയിരുന്നു.[50]

### c) 'അപ്പൻ' സ്തുതിയുടെ സിംഹാസനത്തിൽ (സങ്കീ. 22:3)

"അങ്ങയെ സ്തുതിക്കാൻവേണ്ടി ഞാൻ ജീവിക്കട്ടെ" (സങ്കീ. 119:175). സദാ അപ്പന്റെ കൺമുമ്പിലിരുന്ന് അപ്പനെ ദർശിച്ചിരിക്കാൻ അദ്ദേഹത്തെ സഹായിച്ചത് അപ്പൻ തന്നിലേക്ക് വർഷിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങളുടെ ഓർമ്മയിലുള്ള സ്തുതി കീർത്തനമാണ്.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയ തന്നെ (ആത്മാ I, 1-4)

അപ്പനോടുള്ള നന്ദിയുടെ ഈ കീർത്തനവുമായിട്ടാണ് ആത്മാനുതാപം തുടങ്ങുന്നതുതന്നെ. ഒരു മൃഗമായോ ഒരു കൃമിയായോ അല്ല, അപ്പന്റെ സ്വന്തം ഛായയിലും സദൃശ്യത്തിലും തന്നെ സൃഷ്ടിച്ചിരിക്കുന്നു. ഒരു മൃഗമൊ ഒരു പുഴുവോ ആയി സൃഷ്ടിച്ചാലും തന്നോട് ആരും ചോദ്യം ചെയ്യാനുണ്ടായിട്ടല്ല, തന്നോടുള്ള സ്നേഹം, അവിടുത്തെ കാരുണ്യം ഒന്നുകൊണ്ടുമാത്രംതന്നെ. "അല്ലയോ നല്ലവനായ ദൈവമേ അങ്ങയുടെ അഭീഷ്ടമനുസരിച്ച് എനിക്ക് നരജന്മം പ്രദാനം ചെയ്തു. സ്വർഗ്ഗത്തിൽ പരമോന്നതമായ അങ്ങയുടെ സന്നിധിയിൽ എന്നെ ഉയർത്തുവാനും അങ്ങ് സന്മനസ്സ് കാണിച്ചിരിക്കുന്നു. ഒരു കാവൽ ദൂതനെ നൽകിക്കൊണ്ട് അവിടുത്തെ പരിപാലനയിൽ എന്നെ കാത്തുസൂക്ഷിക്കുന്നു. പെറ്റമ്മ ഉറക്കി കിടത്തിയിട്ട് സ്വന്തം ജോലിക്കായി പോകുമ്പോഴും ഉറക്കമില്ലാത്ത തന്റെ 'അപ്പൻ'

തന്നെ കാത്തു പരിപാലിക്കുന്നു. ഇനി, ആത്മീയമായി നോക്കിയാൽ ജ്ഞാനസ്നാനംവഴി ദൈവേഷ്ട പ്രസാദം നിറഞ്ഞ ജീവിതവും തുടർന്ന് സ്വർഗ്ഗഭാഗ്യവും പ്രദാനം ചെയ്തിരിക്കുന്നു" (ആത്മാ. I, 5-32).

ഇച്ചെയ്തഗുണമഹത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തുനാഥാ (ആത്മാ. I, 37-38)

സ്വന്തം അമ്മ മുലപ്പാലിനോടൊപ്പം തനിക്ക് നൽകിയ ആത്മീയ നന്മകളെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നുണ്ട്: രാത്രിയുടെ യാമങ്ങളിൽ അമ്മയോടൊപ്പം എഴുന്നേറ്റിരുന്ന് പ്രാർത്ഥിച്ചതും, സംസാരിച്ചു തുടങ്ങിയപ്പോൾ ഈശോ മറിയം യൗസേപ്പ്, പരം ജ്യോതിയെ ഈശോയെ രക്ഷിക്ക, പാരിതിന്റെ പുഷ്പമെ ജയാജയാ തുടങ്ങിയ സുകൃതജപങ്ങൾ പഠിപ്പിച്ചതുമെല്ലാം. കൂടാതെ പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവത്തെക്കുറിച്ചും ഏക പുത്രന്റെ മനുഷ്യാവതാരം, പീഢാസഹനം, മരണം, ഉയിർപ്പ് മുതലായവയെക്കുറിച്ചും അമ്മതന്നെയാണ് പറഞ്ഞു പഠിപ്പിച്ചത്. തന്റെ ആത്മീയ ജീവിതത്തിന് അടിസ്ഥാനമുറപ്പിച്ചത് സ്വന്തം അമ്മയാണെന്ന് ഏറ്റുപറഞ്ഞുകൊണ്ട് ആ അമ്മയെ നൽകിയ ദൈവത്തിന് നന്ദിയും, സ്തുതിയും വണക്കവും അർപ്പിക്കുന്നതിലുള്ള വലിയ തീക്ഷ്ണത അത്മാനുതാപത്തിന്റെ ഒന്നാം പാദത്തിൽ നിറഞ്ഞുനിൽക്കുന്നു. ലോകത്തിന്റേതായ തിന്മകളൊന്നും തന്നെ വേട്ടയാടാതിരിക്കാൻ വി. യൗസേപ്പിന്റെ നാമത്തിലുള്ള ഭവനത്തിൽ എത്തിച്ചതും സർവ്വനന്മ ഗുണസമ്പൂർണ്ണനായ അപ്പന്റെ ദയകൊണ്ട് മാത്രമാണ് എന്ന സ്മരണ ചാവറ പിതാവിന്റെ ഹൃദയത്തെ അപ്പനോടുള്ള സ്തുതികീർത്തന ങ്ങളാൽ നിറയ്ക്കുന്നു. വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി ദൈവമാ താവിന്റെ അടിമയായി തന്നെ സമർപ്പിച്ചതും തുടർന്ന് പരി. അമ്മയുടെ ദാസനായി തന്നെ വളർത്തിയതും ഒരു നല്ല അമ്മയെ ദൈവം നൽകിയ തുകൊണ്ടുതന്നെ. അവയെല്ലാം എണ്ണിയെണ്ണി പറഞ്ഞ് അപ്പനെ സ്തുതിക്കുവാൻ, അങ്ങനെ തന്റെ സ്നേഹ അപ്പനെ സ്തുതികളുടെ സിംഹാസനത്തിലിരുത്തുവാൻ ചാവറപിതാവ് തീവ്രമായി ആഗ്രഹി ക്കുന്നു.

സ്ഥാപകന്റെ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്ന കൃതജ്ഞതയുടെ വികാരങ്ങൾ ഇടയ്ക്കിടെ തുളുമ്പി വീഴാറുണ്ട്. അവയിൽ ഏതാനും ചില സന്ദർഭങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു.

### കന്യാസ്ത്രീമഠം സ്ഥാപിച്ചുകഴിഞ്ഞപ്പോൾ

1867 മാർച്ച് 27-ാം തീയതി കൂനമ്മാവിലെ പുതിയ കെട്ടിടം പൂർത്തിയാക്കി, സിസ്റ്റേഴ്സിനെ പനമ്പുമഠത്തിൽ നിന്നും മാറ്റി പാർപ്പിച്ചദിവസം. ചാവറയച്ചനും കൂട്ടരും ധർമ്മം തെണ്ടി 8000 രൂപ ശേഖരിച്ചാണ് മഠം പണിതത്. ചേരാനല്ലൂർ ഭാഗത്ത് ധർമ്മം യാചിക്കാൻ പോയ അവസരത്തിലാണ് ചാവറയച്ചന് വാതപ്പനി പിടിപെട്ട് അബോധാവസ്ഥയിലായതും, തീരെ കിടപ്പിലായതും. സ്വന്തം ആരോഗ്യത്തെ തൃണവൽഗണിച്ചുകൊണ്ടാണ് മഠത്തിന്റെ പണികൾ പൂർത്തിയാക്കിയത്. എന്നിട്ടും വെഞ്ചരിപ്പു ദിവസം ചാവറ പിതാവ് പറയുന്നു. "കർത്താവേ, ഇതും കൂടി കാണുവാൻ എന്റെ ആയുസ്സ് നീട്ടിത്തന്നുവല്ലോ"[51]

തന്റെ ബുദ്ധിമുട്ടുകളോ, അനാരോഗ്യമോ ഒന്നു പ്രശ്നമായിട്ടെടുക്കുന്നില്ല, അതെകുറിച്ച് ഒന്നും പറയുന്നുമില്ല. എന്റെ ആയുസ്സ് നീട്ടിതന്നിട്ടുണ്ട്, ഇനിയും ഞാൻ അങ്ങേക്കും അങ്ങേ മക്കൾക്കും വേണ്ടി അദ്ധ്വാനിച്ചുകൊള്ളാം എന്നാണ് തന്റെ കൃതജ്ഞതാനിർഭരമായ ഹൃദയം തുറന്നുകാണിച്ചുകൊണ്ട് നല്ല അപ്പനോട് പറയുന്നത്.

### ധ്യാന ഒരുക്കത്തിലെ നന്ദിപ്രകടനം

തീർത്തും അയോഗ്യനായിരുന്നിട്ടും തന്റെ മേൽ വാരിവിതറിയിട്ടുള്ള കൃപകളെകുറിച്ച് ഓർക്കുന്നത് വികാരതരളിതനായിട്ടാണ്. സ്വയം ചോദിക്കുന്നു: "ഇത്രടം നീ വന്നത് എങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെകൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു. ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ തിരുമനസ്സ് നടക്കും നടത്തും"[52] പല നല്ല കാര്യങ്ങൾക്കും തന്നെ ഉപകരണമാക്കിയ ദൈവ തിരുമനസ്സിന് നന്ദി! കൃതജ്ഞതയുടെ വികാരത്തള്ളലിൽ ചാവറയുടെ ഹൃദയത്തിൽനിന്നും ഉയർന്നുവന്ന, അധരങ്ങളിലൂടെ പുറത്തുവന്ന വാക്കുകളുടെ ഗാംഭീര്യം എത്രയോ വലുത്.

### ധ്യാനത്തിനിടയിലും നന്ദി

പാപബോധവും പശ്ചാത്താപവും വലിയ വിലാപമായി മാറുന്നത് നല്ല അപ്പൻ തനിക്കുവേണ്ടി ഒരുക്കിവച്ച നന്മകളെ ഓർക്കുമ്പോഴാണ്.

"എന്റെ അമ്മയുടെ കയ്യിൽനിന്ന് പൈതൽ പ്രായത്തിൽതന്നെ നീ എന്നെ കൈക്കൊണ്ടല്ലോ. ആയതിനാലെയും ഞാൻ ദുഷ്ടതയിൽനിന്ന് പിന്മാറുന്നില്ലെന്ന് കണ്ടാറെ, ആകമാനം നിന്റെ ഉത്തരീയക്കൂട്ടത്തിൽ നീ ചേർത്തുവല്ലൊ.[53]

**പൗരോഹിത്യം എന്ന വലിയ ദാനത്തിന് നന്ദി**

"...അയ്യോ മേൽപട്ടക്കാരുതന്നെയല്ല, പിന്നെയോ പട്ടസുഖം എന്ന മുദ്രയാൽ പതിക്കപ്പെട്ടവനായിരിക്കുന്ന ഏത് നാവുകൊണ്ട് ഈ തിരുവചനങ്ങളെ ഉച്ചരിക്കുന്നു എന്ന ആ ക്ഷണത്തിൽതന്നെ, ആകാശത്തുനിന്നും ഇറങ്ങി, അയാളുടെ കൈയ്യിൽ എഴുന്നള്ളുന്നു... ഈ അശുദ്ധ നാവുകളാൽ തന്നെ വിളിച്ച് ആകാശങ്ങളിൽ നിന്നിറക്കുവാനും പാവപ്പെട്ട അടിയന്റെ കരങ്ങൾ കൊണ്ടുതന്നെ തൊടുവാനും, ദേവമാതാവും ശു. പിതാവും എത്രയും ഭക്തിയോടും ആചാരത്തോടും അവരുടെ കൈകളിൽ ചുമന്നു എന്ന ഉണ്ണിപ്പൈതലായ തന്നെ ഈ അശുദ്ധ കൈകൾ കൊണ്ടുതന്നെ എടുക്കാനും പകുപ്പാനും ഉയർത്തുവാനും, സ്നേഹത്തോടെ കൊടുക്കുവാനും അനുവദിച്ചതുമെന്നിയെ, എവിടെയെല്ലാം... ആരുടെ പക്കൽ തന്നെ കൊണ്ടു പോകണമോ, ഏതു നേരത്തിൽ തന്നെ കാണണമൊ, എത്രനേരം തന്റെ ചാരെ നില്ക്കണമൊ, ഇതിനൊക്കെയ്ക്കും അനുവദിച്ചതുമെന്നിയെ, അടിയന് അനിഷ്ടവും മനമടിയും തോന്നി, തന്റെ തിരുമുമ്പിൽനിന്ന് മാറുന്നതല്ലാതെ, തനിക്ക് അസഹ്യമായി ഈ തിരുമുമ്പിൽനിന്ന് മാറ്റുവാൻ മനസ്സാകാതെ, എന്റെ ആശയാഗ്രഹങ്ങളൊക്കെയും നിറവേറ്റുവാനും എന്തെല്ലാം അപേക്ഷിക്കണമൊ ആയത് ഒക്കെയും മടി കൂടാതെ അപേക്ഷിപ്പാനും അനുവദിച്ചുംകൊണ്ട് രാപകൽ പിരിയാതെ, എന്റെ വാസസ്ഥലത്തിൻ ചേരെതന്നെ എഴുന്നള്ളിയിരിപ്പാനും തിരുമനസ്സായി..."[54]

"കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും. ഞാൻ അങ്ങേയ്ക്ക് കൃതജ്ഞതാബലി അർപ്പിക്കും (സങ്കീ. 116 : 12,13,17) എന്ന സങ്കീർത്തകന്റെ വാക്കുകളോടൊപ്പം നമ്മുടെ സ്ഥാപകന്റെ കൃതജ്ഞതാബലിയിൽ നമുക്കും പങ്കാളികളാകാം.

## d) പാപബോധവും പശ്ചാത്താപവും

ആത്മാനുതാപത്തിലും ധ്യാനസല്ലാപങ്ങളിലും ചാവറപിതാവ് തന്റെ പാപാവസ്ഥയോർത്ത് കരയുകയും വിലപിക്കുകയും ചെയ്യുന്നു. മരണസമയത്തുള്ള വിധിയെകുറിച്ച് ഓർക്കുമ്പോൾ ഭയന്നു വിറയ്ക്കുന്നു. എന്തൊക്കെയാണ് പാപങ്ങൾ? കളരിയാശാന്റെ അടുക്കൽ പഠിച്ചുകൊണ്ടിരുന്ന കാലത്തുണ്ടായ സംഭവങ്ങൾ അദ്ദേഹം തന്നെ എഴുതിവച്ചിട്ടുണ്ട്.

അക്കളരിയിൽ കൂടുന്ന പൈതങ്ങൾ
മിക്കതുമിവർ രണ്ടുനാലെന്നിയെ
അന്നവരുടെ വൃത്തികൾ കണ്ടിട്ടും
അന്നവന്റെ പ്രമാണങ്ങൾ കേട്ടിട്ടും
അജ്ഞാനക്രിയയാകുന്ന സ്നാനവും
സുജ്ഞാനം വിനാ മറ്റും ചെയ്തേനഹം
കൺതുറക്കുന്ന കാഴ്ചയും കേൾവിയും
കാണുന്നതൊക്കെ കന്മഷസാധനം
അടക്കമില്ലാതുള്ളകളികളും
നടക്കുന്നതും നഗ്നരൂപം യഥാ
വചനത്തിലും ദൂഷിത വാക്കുകൾ
അശനത്തിലുംമജ്ഞാനാചാരങ്ങൾ (ആത്മാ. I, 93-98; 107-112)

ശിശുപ്രായത്തിൽ (5-10 വരെ പ്രായം) ചെയ്തുപോയ ഈ തെറ്റുകളെക്കുറിച്ച് ആത്മാനുതാപത്തിൽ പല പ്രാവശ്യം ഏറ്റുപറഞ്ഞു ക്ഷമ ചോദിക്കുന്നുണ്ട്.

1) ഇങ്ങനെ അടിയന്റെ പൈതൽ പ്രായത്തിൽത്തന്നെ
മംഗലമൊക്കെ കളഞ്ഞയ്യയ്യോമഹാദുഃഖം
(ആത്മാ. II, 359-360)

2) "പാപിയാം മമ പൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെക്കേണു ഞാൻ പ്രാർത്ഥിക്കുന്നു
(ആത്മാ. I, 363 - 364)

3) നിന്നുടെ സ്നേഹ പത്നി തന്നുടെ അപേക്ഷയാ-
ലെന്നുടെ പൈതൽ കൃതിയൊക്കെയും പോക്കീടണം
(ആത്മാ. IV, 203 -204)

4) എന്നുടെ പൈതൽ പ്രായെ നിന്നിൽ നിന്നകന്നുഞാൻ
ഇന്നു നിൻ തിരുമുമ്പിൽ ശരണം പ്രാപിക്കുന്നു
നിന്നുടെ തിരുക്കരം നീട്ടിനിൻ തിരുവാഴ്‌വും
തന്നിടേണമെ മമ പാപവും പോക്കിടേണം

(ആത്മാ. V, 175-178)

5) ശിശുക്കാലത്തിൽ മമ കൃതി നീ ഓർത്തീടാതെ
ശിശുനിൻ കടാക്ഷത്താൽ ശമനം വരുത്തണം

(ആത്മാ. V, 181-182)

6) തവദാസനാമഹം ശിശുവാം കാലെ ചെയ്ത
പെരിയ പാപം പോക്കിത്തരണമാശീർവ്വാദം (ആത്മാ. VII, 73-74)

ഇതിൽനിന്ന് ഒരു കാര്യം നമുക്ക് മനസ്സിലാക്കാം. അതായത്, താൻ ചെയ്ത പാപങ്ങൾ എഴുതി വയ്ക്കാനും, അവ പരസ്യപ്പെടുത്തി സ്വയം നിന്ദിതനാകുവാനും അദ്ദേഹം ഒട്ടും വൈമനസ്യം കാണിക്കുന്നില്ല. ഇനിയും ഏതെങ്കിലും പാപങ്ങളുണ്ടായിരുന്നെങ്കിൽ അവയുംകൂടി കൃത്യമായി എഴുതി വയ്ക്കുമായിരുന്നു. എന്നാൽ ആത്മാനുതാപത്തിലൊ സ്വന്തം ജീവചരിത്രത്തിലൊ, ആദ്ധ്യാത്മിക കൃതിയായ ധ്യാനസല്ലാപങ്ങളിലൊ, വേറെ പാപകൃത്യങ്ങളൊന്നും രേഖപ്പെടുത്തി കാണുന്നില്ല.

സ്വന്തം പാപാവസ്ഥയെകുറിച്ച് ഓർത്ത് കരയുക വിശുദ്ധാത്മാക്കളുടെ ശൈലിയാണ്. വി. പത്രോസ്ശ്ലീഹ ഗുരുവിനെ ഉപേക്ഷിച്ചതിനെപ്രതി ജീവിതകാലം മുഴുവൻ കരയുമായിരുന്നുവെന്നും കരഞ്ഞു കരഞ്ഞ് കവിളിൽ ഒരു നീർച്ചാലുണ്ടായിയെന്നും പാരമ്പര്യങ്ങൾ പറയുന്നു. ദൈവിക പരിശുദ്ധിയോട് അടുക്കുംതോറും തന്റെ പാപങ്ങളുടെ ഭീകരത കൂടുതലായി മനസ്സിലാക്കുമെന്ന് ഏശയ്യാ ആറാം അദ്ധ്യായത്തിലെ ദൈവദർശനവും തുടർന്നുള്ള പ്രവാചകന്റെ വാക്കുകളും നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ടല്ലോ (ഏശ.6:1-7). വി. അമ്മത്രേസ്യാ പറയുന്നതുപോലെ "ദൈവത്തിൽനിന്ന് എന്തുമാത്രം അനുഗ്രഹങ്ങൾ പ്രാപിക്കുന്നുവോ, പാപങ്ങളെക്കുറിച്ചുള്ള ദുഃഖം അത്രയുമധികം വർദ്ധിക്കുകയേയുള്ളു. യാതൊരു വ്യസനവും സാധ്യമല്ലാത്ത സ്ഥലത്ത് ചെന്നുചേരുന്നതുവരെ അത് അവസാനിക്കുകയില്ല.[55]

**കരച്ചിലും വിലാപവും : ഉദാഹരണങ്ങൾ**

1) അബ്ബാനുഭവം കൂടുംതോറും പാപബോധം വർദ്ധിക്കുന്നു.

എന്നുടെ പിതാവും നീ സൃഷ്ടിനാഥനും നീയെ
നിന്നുടെ സ്നേഹഗുണമാറ്റമല്ലെന്നുസിദ്ധം
എങ്കിലും മമ പാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുമ്പിലണഞ്ഞീടുന്നീതഹം (ആത്മാ. V, 147-150)

അയ്യയ്യോ മഹാദുഖമെന്നുടെ പാപത്താലെ
അയ്യം കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ
മമ പിതാവു നീയെ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തു ഗുണം നാഥാ (ആത്മാ. II, 139-142)

2) പഞ്ചേന്ദ്രിയങ്ങളാലും ശരീരത്തിലെ എല്ലാ അവയവങ്ങൾ കൊണ്ടും പാപം ചെയ്തതിനാൽ ഈശോ നാഥന് സർവ്വാംഗം പീഡനമേല്ക്കേണ്ടി വന്നു (ആത്മാ. II, 302 - 310, 337 - 356, VII 225-236, 475 -476, 529 - 539)

3) പരി. അമ്മയുടെ മദ്ധ്യസ്ഥംവഴി തന്റെ പാപങ്ങൾക്ക് പൊറുതി ലഭിക്കുമെന്ന ശരണം (ആത്മാ. II, 257-288 അന്ത്യപാദം 28-32)

4) നന്ദിഹീനൻ ചെയ്ത പാപങ്ങളോർക്കുമ്പോൾ ഭയം (ആത്മാ. VII, 347-352)

5) നാഥന്റെ പീഡാനുഭവങ്ങൾക്കെല്ലാം കാരണം തന്റെ പാപങ്ങൾ തന്നെയാണ് (ആത്മാ. VII, 397-400, 465 - 472), ക്രൂശിത ദർശന ധ്യാനം (ധ്യാനസല്ലാപങ്ങൾ. പേജ് 27-31)

6) ഞാൻ ധൂർത്ത പുത്രനാണ് (ആത്മാ. VII, 219-224)

7) ശരണം കർത്താവ് മാത്രം (ആത്മാ. VII , 241 - 244, 353 - 354, 370-372)

8) മരണ സമയത്തെ ന്യായവിധിയെ കുറിച്ച് ഓർത്ത് ഭയപ്പാട് (ധ്യാന സല്ലാപങ്ങൾ. പേജ് 36, 40-41).

9) തപസ്സ് ചെയ്യാൻ പറ്റുന്നില്ല; അനുതാപത്താൽ ആശ്വാസം കൊടുക്കാം. (ആത്മാ. VII, 477 - 479)

ഒരാത്മാവ് എന്തുമാത്രം കൃപാവരങ്ങൾ ദൈവത്തിൽനിന്ന് പ്രാപിച്ചാലും പാപാവസ്ഥയെക്കുറിച്ചും നാഥന്റെ പീഡാനുഭവത്തെ ക്കുറിച്ചുമുള്ള സ്മരണകൾ അവ അത്ര സുഖകരമല്ലെങ്കിലും-വളരെ പ്രയോജനകരമാണ്. പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്ന് രക്ഷപ്പെടു വാനുള്ള ഉറപ്പാർന്ന കോട്ടയാണ് എന്ന് മിസ്റ്റിക് അനുഭവമുള്ളവർ പറയുന്നു. അവർക്ക് മണിക്കൂറുകൾതന്നെ ഈ ധ്യാനത്തിൽ ലയിച്ചുപോകുന്ന അവസ്ഥ കൈവരുമെന്നതിനാൽ ശാരീരിക രോഗങ്ങൾ വരെ ഉണ്ടായെന്നു വരാം.[56]

**അനുതാപ വരത്തിന് – ഒരു മദ്ധ്യസ്ഥൻ**

പാപബോധം ഒട്ടുംതന്നെയില്ലാത്ത ഈ ലോകത്തിന് ഒരു മദ്ധ്യ സ്ഥനാണ് ചാവറ പിതാവ്. ലഘുപാപങ്ങളെ നിസ്സാരമായി തള്ളുന്ന വരാണ് സമർപ്പിതർ പോലും. ഇന്ന് ലോകത്തിൽ സമാധാനക്കേടും യുദ്ധഭീതിയുമെല്ലാം വർദ്ധിച്ചിരിക്കുന്നു. പ്രതികാര ചിന്ത മനുഷ്യനെ പിശാചാക്കി മാറ്റുകയാണ്. അക്രമവും കൊലപാതകവും മോഷണ വുമെല്ലാം നാട്ടിൽ നടമാടുന്നു... കാരണം പാപബോധമില്ലായ്മതന്നെ. കത്തോലിക്കർക്ക് അനുരഞ്ജന കൂദാശ വഴി പാപമോചനം നേടാം. പക്ഷേ പലരും അതിന് വഴങ്ങുന്നില്ല. സി.എം.സി. മക്കളായ നമുക്ക് ചാവറ പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലോകത്തിലെ എല്ലാ മനുഷ്യരിലും പാപ ബോധവും പശ്ചാത്താപവും ഉളവാക്കുവാൻ വേണ്ട പദ്ധതികൾ സ്വീകരിച്ചാലോ? വി.കൊച്ചുത്രേസ്യായുടെ ആദ്യത്തെ ആദ്ധ്യാത്മിക പുത്രൻ-പ്രാൻസീനിയുടെ[57] ഓർമ്മ നമുക്ക് ഇക്കാര്യത്തിൽ ഉത്തേജ നമേകട്ടെ.

## e) കണ്ണീരിന്റെ വരം

ബ. ലൂയീസ് അച്ചൻ ക. നി. മൂ. സ. യുടെ സാക്ഷ്യം താഴെ ചേർ ക്കുന്നു: "വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കികൊണ്ട് മുട്ടിന്മേൽ തന്നെ പരവ ശനായി നിന്നിരുന്നു. അനുവാദത്തിനായി ചെല്ലുന്നവർ സ്കപ്പുലാര മുത്തിക്കൊണ്ട് പൊയ്ക്കൊള്ളുക പതിവായിരുന്നു. മണി ആകുമ്പോൾ സമീപം നില്ക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യം തീർന്ന് ജപം ചൊല്ലി അവസാനിപ്പിക്കും. കണ്ണുനീർ ഒഴുക്കിക്കൊണ്ടാണ് മുറിയിലേക്ക് പോയിരുന്നത്".[58]

വി. അമ്മത്രേസ്യ എഴുതുന്നു. എന്റെ ഹൃദയം എത്ര കടുത്തിരുന്നാലും ഒരു ഡിസ്റ്റല്ലറിൽ നിന്നെന്നപോലെ ജലകണങ്ങൾ ഇറ്റിറ്റു വരും. ആ ഉത്ഭവ സ്ഥാനത്തുനിന്നും വരുന്ന കണ്ണുനീർ വ്യക്തമായി തിരിച്ചറിയാം. സംഭ്രമമൊന്നുമുളവാക്കാതെ അവ ആശ്വാസവും സമാധാനവും നൽകും. ദൈവം നമുക്ക് തരാൻ തിരുമനസ്സാകുമ്പോൾ കണ്ണുനീർ വന്നുകൊള്ളട്ടെ, അതു വരുത്താൻവേണ്ടി ഒരു ശ്രമവും നടത്തിയേക്കരുത്. അത് നമ്മുടെ വരണ്ട നിലത്തെ നല്ലവണ്ണം നനച്ച് ഫലഭൂയിഷ്ഠമാക്കിക്കൊള്ളും, അത് സ്വർഗ്ഗത്തിൽ നിന്ന് ഊറിവരുന്ന ജലമായതുകൊണ്ട് അതിന്റെ പേരിൽ കൂടുതൽ ആവേശം കൊള്ളുകയും വേണ്ട. നമുക്ക് വെള്ളമാണോ വരൾച്ചയാണോ വേണ്ടതെന്ന് കർത്താവിനറിയാം. നമുക്ക് ഗുണകരമായത് അവിടുന്ന് തരട്ടെ.[59]

"നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ട വിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു." (റോമ 8:26). അതായത് ദൈവാത്മാവിനാൽ പൂരിതരായി നമ്മുടെ ആത്മാവും ദൈവാത്മാവും ഒന്നുചേരുമ്പോൾ, അവാച്യമായ നെടുവീർപ്പുകളോടെ, കണ്ണീരോടെ ദൈവാത്മാവുതന്നെ നമുക്കുവേണ്ടി പ്രാർത്ഥിക്കും. ഇത് ഒരു വരദാനമാണ്. ആഴത്തിൽനിന്ന് കോരിയെടുക്കുന്ന ജലമല്ല ഇത്. മഴ പെയ്തു കിട്ടുന്ന ജലം പോലെ നമ്മുടെ ആത്മാവിൽ ദൈവാത്മാവ് വർഷിക്കുന്ന ദാനമാണ്. ശാരീരിക പ്രയത്നത്താൽ ഈ വരം ലഭിക്കയില്ല. ദൗർബ്ബല്യം കൊണ്ടുള്ള കരച്ചിൽ അല്ല കണ്ണീരിന്റെ വരം എന്നു നമ്മൾ മനസ്സിലാക്കണം. ദൈവം തിരുമനസ്സായിട്ടുണ്ടെങ്കിൽ ആ വരം തന്നു കൊള്ളട്ടെ, കാത്തിരിക്കാം.

### f) സഹനം മഹത്വത്തിന്റെ ഭാഷയിൽ

ചാവറ പിതാവിന്റെ തിരുക്കുടുംബത്തോടൊത്തുള്ള അല്ലെങ്കിൽ തിരുക്കുടുംബത്തിലുള്ള ജീവിതത്തിൽ, തിരുക്കുടുംബാംഗങ്ങളുടെ സഹനം മുഴുവൻ തന്റെ പാപത്താൽ വന്നുഭവിച്ചതാണെന്ന് മനസ്സിലാക്കുന്നു. ഈ സഹനങ്ങൾ മുഴുവൻ ഏറ്റുവാങ്ങിക്കൊണ്ട് തന്റെ പാപങ്ങൾക്ക് പരിഹാരമാക്കി സമർപ്പിക്കുന്നു. സ്വജീവൻ തനിക്കുവേണ്ടി ബലിയായി അർപ്പിച്ചവന്റെ സ്നേഹത്തെ ഒരു മണവാളന്റെ

പ്രേമത്തോടാണ് ചാവറ ഉപമിക്കുക. ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും ഈ പരമപ്രേമത്തിന്റെ വർണ്ണനയും തന്റെ ദിവ്യ അപ്പനായ ഈശോമിശിഹായുമായുള്ള സംഭാഷണവും പൊറുതി അപേക്ഷിക്കലും ആവർത്തിച്ചു കാണുന്നു. തന്റെ അപ്പന്റെ സഹനം, അപ്പന്റെ സ്നേഹമായി കാണുന്ന ചാവറ പിതാവ്, സഹനത്തെ മഹത്വീകരിച്ചുകാണിക്കുകയാണ്. ഉത്തമഗീതത്തിലെ മണവാട്ടിയെ പോലെ, പ്രേമത്താൽ വിവശനായി അപ്പന്റെ സഹനങ്ങളെ വിവരിക്കുന്നു.

1) ധ്യാന സല്ലാപങ്ങളിൽ കാണുന്ന മഹത്വത്തിന്റെ ഭാഷ.

"മാംസം ഇല്ലാതെ പൊങ്ങിയിരിക്കുന്ന നിന്റെ തോളിന്മേൽ എന്റെ പാപച്ചുമടുകൾ കെട്ടിവച്ചിരിക്കുന്നുവല്ലോ. ആ എന്റെ പിതാവെ, ഇതിന്റെ പിറകെ ഞാനും കൂടെ വരുന്നതിന് എനിക്ക് മഹാസങ്കടം തന്നെ. അതെ ഉണ്ട്, ഈ നിന്റെ മണവാളത്തത്തിന്റെ ദിവസങ്ങളിൽ നിന്റെ അമ്മ വച്ചു ചൂടിയിരിക്കുന്ന മുടിയോടുകൂടി പുറപ്പെടുമ്പോൾ, സെഹിയോന്റെ പെൺപൈതങ്ങളെ വിളിക്കുന്നു എന്ന ദൈവവാക്യം (ഉത്തമഗീതം 3: 7-11) പോലെ ഈ കല്യാണ പന്തലായ ഗാഗുൽത്തായിൽനിന്ന് പുറപ്പെട്ടുനടന്നു എന്ന ഈ പുറപ്പാടിൽ നീ ചമഞ്ഞിരുന്ന മണവാളവസ്ത്രവും, നിന്റെ കഴുത്തിലിട്ടിരിക്കുന്ന കനമേറിയ സ്വർണ്ണമാലകളും അരയിൽ കെട്ടിയിരിക്കുന്ന പൊൻ പീത്തയും, ശിരസ്സിൽ ചൂടിയിരിക്കുന്ന എത്രയും വിലതീരാത്ത വൈരമുടിയും, കൈയ്യിൽ എടുത്തിരിക്കുന്ന നിന്റെ രാജ ചെങ്കോലും, നിന്റെ തോഴ്മക്കാരായി മുൻപിലും പിൻപിലും നടക്കുന്ന ജനക്കൂട്ടവും, ഇരുവശവും കൂടെ നടപ്പാനായി ചമയിച്ചു നടത്തിയിരുന്ന രണ്ടു കൂട്ടുതോഴ്മക്കാരും മുമ്പിൽ കൊട്ടി അറിയിക്കുന്ന വാദ്യഘോഷവും, കല്യാണ സംഗതിയെ പാടി കേൾപ്പിക്കുന്നു എന്ന് ഇടയ്ക്കിടെയുള്ള പാട്ടുവായനയും, ഈ നിന്റെ യാത്രകണ്ട് അനുവാദം തരാനായിട്ട് നിന്റെ പ്രിയ അമ്മയുടെ കൂടിക്കാഴ്ചയും, നടപ്പിന്റെ ക്ഷീണം തീർപ്പാനായിട്ട് കൂടെക്കൂടെ നിന്നെ കുടിപ്പിക്കുന്ന മധുരവെള്ളങ്ങളും - ഇതൊക്കെയും ഞാൻ നിരുപിച്ചു കാണാൻ പാടില്ല".[60]

**സഹനദാഹം**

ക്രൂശിത ധ്യാനത്തിന്റെ അവസാനഭാഗത്ത് ചാവറ പിതാവ് സ്വന്തം കാര്യം എങ്ങനെ ആയിരിക്കണമെന്ന് ചിന്തിക്കുന്നു. "എന്നെയും നിന്റെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടത്രെ ഇത്ര വലിയ ദുഃഖാ

ഘോഷങ്ങൾ കഴിക്കുന്നത്. എന്നുള്ള വിചാരം മാത്രം എനിക്ക് മതിയല്ലോ.[61] മണവാട്ടി എപ്പോഴും മണവാളന് സദൃശയായിരിക്കണം. ചാവറ പിതാവിന്റെ സഹനത്തിനുള്ള ദാഹം പ്രദ്യോതിപ്പിക്കുവാൻ പ്രതീകാത്മകമായി പറയുന്നു. "നിന്റെ കുരിശിനെ തഴുകി നില്ക്കുന്ന മഗ്ദലേനാമറിയത്തെ എന്റെ പേർക്ക് ഇവിടെ നിർത്താം. ഞാൻ വലത്തുഭാഗത്തുള്ള കള്ളന്റെ കുരിശിൽ കരേറട്ടെ". [62]

2) ആത്മാനുതാപം 8-ാം പാദത്തിൽ (13-48) കർത്താവിന്റെ പീഢാനുഭവത്തെക്കുറിച്ചുള്ള ധ്യാനവിവരണത്തിലെ ഭാഷ ശ്രദ്ധിക്കുക. കുരിശിനെ കണ്ടനിമിഷത്തിൽ ഈശോയ്ക്കുണ്ടായ വികാരവിചാരങ്ങൾ ചാവറ വർണ്ണിക്കുന്നു. "ഓ എന്റെ സ്നേഹധാമമായ കുരിശെ, വേഗം വന്ന് എന്നെ നിന്റെ കൈകളിൽ സ്വീകരിച്ചാലും എന്റെ സ്നേഹഭാജനങ്ങളായ ഈ ഭൂമിയിലെ മക്കളെ പ്രിയംകരനായ പിതാവിന്റെ മുമ്പിൽ നിറുത്തുന്നതിനുവേണ്ടി ഉന്നതസ്ഥാനമായ അൾത്താരയുടെ മീതെ നിലകൊണ്ട് എന്നെത്തന്നെ അർച്ചനയായി സമർപ്പിക്കുന്നതിന് സ്നേഹത്തോടും, സന്തോഷത്തോടും കൂടി എത്രയോ നാളായി ഞാൻ നിന്നെ കാത്തിരിക്കുന്നു. നിന്റെ മീതെ കിടന്ന് സുഖനിദ്ര ചെയ്യുന്നതിന് എന്റെ മനസ്സ് എത്രയോ ദാഹത്തോടെ കഴിഞ്ഞു". തുടർന്ന് കുരിശിനെ രക്ഷാ കാരണമായും ഈശോയുടെ വിജയത്തിനുള്ള വീര്യായുധമായും മോക്ഷകവാടം തുറക്കുന്ന താക്കോലായും, നിർദ്ധനർക്ക് സമ്പാദ്യം നേടാനുള്ള വഴിയായും ചിത്രീകരിക്കുന്നുണ്ട്. കുരിശ് വഴിയായുള്ള നിന്ദാവമാനങ്ങളെ ഈശോ മാധുര്യമാക്കിയിരിക്കുന്നു. സ്നേഹപൂർവ്വം അനേകം ആളുകൾ കുരിശിനെ ആലിംഗനം ചെയ്യും. അവിടുന്ന് എല്ലാവർക്കും രക്ഷാകാരണമായി കുരിശിനെ മാറ്റിയിരിക്കുന്നു.

സഹിക്കുവാനും അങ്ങനെ തന്റെ മക്കളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാനുമായി ശാപമേറ്റ കുരിശിനെ രക്ഷാകരമാക്കിമാറ്റിയ (ഗലാ. 3:13) യേശുവിന്റെ സ്നേഹത്തിന്റെ ഭാഷ ചാവറ പിതാവ് ഇവിടെ വിവരി ക്കുന്നു. ഈശോയുടെ സഹനദാഹം ചാവറപ്പിതാവിനെ ഏറെ സ്വാധീ നിച്ചിട്ടുണ്ട് എന്ന് കുരിശിനെകുറിച്ചുള്ള വിവരണം നമുക്ക് വ്യക്തമാക്കിതരുന്നു.

യോഗ്യനായിരുന്നപ്പോൾ ഭാഗ്യമുണ്ടായില്ലയ്യോ
അയോഗ്യനായിന്നേര മെന്തിതു ദാഹിക്കുന്നു
എങ്കിലു മീദാഹവും ചങ്കിലങ്ങുറച്ചിട്ട്
പങ്ക് കിട്ടുവാൻ തന്റെ പങ്കപ്പാടിതു ശുഭം (ആത്മ. VII, 161-164)

തനിക്ക് ആരോഗ്യമുണ്ടായിരുന്ന കാലത്ത് തപസ്സ് ചെയ്തിട്ടില്ല എന്ന ദുഃഖത്തോടെ ചാവറയച്ചൻ അപ്പനോട് യാചിക്കുകയാണ്. എന്റെ ഈ പ്രതീക്ഷ എന്റെ ഹൃദയത്തിൽ ഞാൻ ഉറപ്പിച്ചു വയ്ക്കുന്നു' എന്താണ് ആ പ്രതീക്ഷ ? എന്താണ് ആ ദാഹം?.

'പങ്ക് കിട്ടുവാൻ തന്റെ പങ്കപ്പാടിതു ശുഭം' അതായത് നിന്റെ കഷ്ട പ്പാടുകളിൽ ഒരു ഓഹരി കിട്ടിയാൽ എനിക്കെല്ലാം ശുഭമായിത്തീരും.

സഹനദാഹം ആത്മാവിൽ വന്നു നിറയുന്നത് ആത്മീയാനു ഭൂതിയുടെ ഉന്നത പദവിയിലായിരിക്കുമ്പോഴാണെന്ന് നമുക്കറിയാം. വി. അമ്മത്രേസ്യ അഭ്യന്തര ഹർമ്മ്യത്തിൽ ഏഴാം സദനത്തെക്കുറിച്ച് വിവരിക്കുമ്പോൾ സഹനത്തിനുള്ള തീവ്രമായ ആഗ്രഹം' എന്ന സൽഫലത്തെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്.[63]

ചാവറയച്ചൻ തനിക്ക് കിട്ടിയ സഹനങ്ങളും നിന്ദനങ്ങളും ക്ഷമി ക്കുന്ന സ്നേഹം ഒഴുക്കിക്കൊണ്ടാണ് സ്വീകരിച്ചിരിക്കുന്നതെന്ന് ലാറ്റിൻ പുരോഹിതരുമായുള്ള (ഭരണകൂടം ഉൾപ്പെടെ) ബന്ധങ്ങളിൽ നിന്ന് മനസ്സിലാക്കാം. ആരിൽ നിന്ന് സഹനം വന്നാലും ഇതു തന്നെയാ യിരുന്നു അദ്ദേഹത്തിന്റെ ശൈലി. ഒരു സംഭവം: മൂത്തോലി, കൊവേ ന്തയ്ക്കും മഠത്തിനും വേണ്ടിയുള്ള സ്ഥലം തീരുമാനിക്കുന്നതിനായി മീനച്ചിൽ തഹസീൽദാറിനെ സമീപിക്കുന്നു. അല്പനേരം സംസാരിച്ചു കഴിഞ്ഞപ്പോൾ തഹസീൽദാർ ചുറ്റും നിന്നവരോടായി പറഞ്ഞു: "ഇദ്ദേഹത്തെ കുറിച്ചാണോ ഭരണങ്ങാനത്തുകാരിൽ ചിലർ ഹർജി തരുകയും ദൂഷ്യം പറയുകയും ചെയ്തത്? ഇദ്ദേഹത്തെ ദ്വേഷി ക്കുന്നവർ, ഈശ്വരനാൽ ദ്വേഷിക്കപ്പെടും ഇദ്ദേഹത്തെ കാണാൻ ഇടവന്നത് എന്റെ ആയുഷ്ക്കാലത്തിൽ എല്ലാറ്റിലും ഭാഗ്യമായ ഒരു സംഭവമായി ഞാൻ വിചാരിക്കുന്നു" [64]

കർത്താവിന്റെ സഹനത്തിന്റെ ഒരു ഓഹരിക്കായി ദാഹിച്ചിരിക്കു ന്നവർക്ക് എവിടെനിന്ന്, ആരിൽ നിന്ന് സഹനം ലഭിച്ചാലും പരാതിയില്ല, പ്രതികാരചിന്തയുമില്ല. ആസ്തപ്പാട്ട് പട്ടം കിട്ടിയ

ശേഷമുള്ള വീടുകയറ്റത്തിന് സഹകരിക്കാതിരുന്ന ചേന്നങ്കരി ഇടവകക്കാർക്കുവേണ്ടി തനിക്ക് കിട്ടിയ വി. യൗസേപ്പിതാവിന്റെ ഒരു രൂപം ദാനമായി കൊടുത്തു. കൂടാതെ എല്ലാ വർഷവും പുണ്യവാന്റെ തിരുനാൾ ദിവസം പ്രസംഗം പറയുക എന്ന ദൗത്യം ഏറ്റെടുക്കുകയും പ്രതിഫലം കൂടാതെ, നിറവേറ്റുകയും ചെയ്തിരുന്നു.[65]

ചാവറയച്ചന്റെ അന്ത്യദീന കാലഘട്ടത്തിനിടയിൽ 1870 ഒക്ടോബർ 28 ന് മഠത്തിൽ വന്നപ്പോൾ നമ്മുടെ ആദ്യ അമ്മമാർ കണ്ട ചാവറയച്ചന്റെ സഹനഭാവം ശ്രദ്ധിക്കാം. "മനുഷ്യർക്ക് കണ്ണിന് കാഴ്ചയില്ലാതാകുമ്പോൾതന്നെ ഒരു ഈർച്ചയും സങ്കടവുമൊക്കെ ഉണ്ടാകുമല്ലോ. എന്നാൽ ഇത് നമ്മുടെ പിതാവിൽ കണ്ടിട്ടില്ല. എല്ലായ്പ്പോഴും ഒരു പുഞ്ചിരിയോടുകൂടെ ഇരിക്കയും ചെയ്തിരുന്നു. മുഖത്ത് നോക്കിയാൽ ഈ ദീനങ്ങളെ അനുഭവിക്കുന്നു എന്ന് തോന്നുകയില്ല. പിന്നെയോ ഏറ്റവും വലിയ സന്തോഷങ്ങളെ അനുഭവിക്കുന്ന ഒരാളിനെപ്പോലെ കാണുന്നവർക്ക് തോന്നുവാൻ തക്ക ഭാവമായിരുന്നു"[66]

## 9) തിരുക്കുടുംബത്തിലൂടെ ത്രിത്വകുടുബത്തിലേക്ക്

ചാവറയച്ചന്റെ തിരുക്കുടുംബത്തിലെ ജീവിതം മാതാവിനോടൊത്തുള്ളതായി മാറി-കാരണം ഈശോയും മരിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷേ, ഈശോ മാതാവിന് പ്രത്യക്ഷപ്പെടുന്നു. പരി. ത്രിത്വദർശനം മാതാവിനുണ്ടാകുന്നു തുടങ്ങിയ സന്ദർഭങ്ങളിൽ മാതാവിനോടൊപ്പമായിരിക്കുന്ന ചാവറയ്ക്കും ആ ദർശനങ്ങൾ സിദ്ധിച്ച പോലെയാണ് X-XII പാദങ്ങളിലെ അദ്ദേഹത്തിന്റെ വിവരണം. തിരുകുടുംബാംഗങ്ങളുടെ വികാര, വിചാരങ്ങളോടും സന്തോഷ സന്താപങ്ങളോടും ഒന്നു ചേർന്ന് ജീവിച്ച് ശീലിച്ചതിനാൽ പരി. ത്രീത്വദർശനത്തിലും മാതാവിനോടൊപ്പം ഒന്നുചേരാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. എങ്കിലും അതേകുറിച്ചുള്ള വിവരണം തനിക്ക് സാധിക്കുന്നില്ല എന്ന രോദനമാണ് പലപ്പോഴും കേൾക്കുന്നത് (ആത്മാ. X, 39-44, 119-120, 129-130).

ഈ ഭാഗത്ത് കാണുന്ന ദർശനങ്ങളെല്ലാം മരിയാദെ അഗ്രദായ്ക്കുണ്ടായതാണ്. അവയുടെ സ്വാധീനവും സഹായവും ചാവറയ്ക്കുണ്ടായിരുന്നുവെന്നാണ് അന്ത്യപാദം 25-27 വരികളിൽ കേൾക്കുന്നത്.

മംഗലൻ സുതനമ്മേ ഘോഷിപ്പാനായിച്ചെയ്തു
എന്നതിലിതു മുഖ്യം താൻ തന്നെ "മാര്യഗൃതാ"*

**മാതാവിനുണ്ടായ ദർശനങ്ങൾ**

1 ഉത്ഥിതനായ യേശു (ആത്മാ x, 28-48)

2. പരി. ത്രിത്വദർശനം (ആത്മാ x, 65-92)

3. പിതാവും പുത്രനും പരിശുദ്ധാത്മാവും മാതാവിനോട് സംഭാഷിക്കുന്നു. തിരുസഭയുടെ പരിപാലനച്ചുമതല ഏല്പിക്കുന്നു. (ആത്മാ x, 78-88)

4. സ്വർഗ്ഗാരോഹണവേള-120 പേരൊടൊപ്പം മാതാവ് ദർശിക്കുന്നു. ( ആത്മാ X. 93-120)

പുത്രനായ ദൈവം ഉന്നതമായ തേരിൽ മാതാവിനെ ഇരുത്തി പിതാവിന്റെ സന്നിധിയിലേക്ക് ഉയർത്തുന്നതായി പറയുന്നു. (ആത്മാ XI, 193-200) അവിടെ പരി. ത്രിത്വം മാതാവിന്റെ അമലോത്ഭവത്തെ പ്രകീർത്തിക്കുന്നു. (ആത്മാ XI. 201-228)

5. പുത്രനായ ദൈവം മാതാവിനെ 'മനോഹരിയായ മാടപ്രാവേ' എന്ന് വിളിക്കുന്നു. ആ സമയത്ത് പുത്രന്റെ പാദതാരിൽ വണങ്ങി - അമ്മ വലിയ ആനന്ദം അനുഭവിച്ചു.

(ആത്മാ XI, 335-375)

6. മാതാവ് തന്റെ മരണ ഉടമ്പടി ഉറപ്പിക്കുന്നതിനായി പുത്രനോട് അനുവാദം ചോദിച്ചു. പുത്രൻ അനുവദിക്കാൻ തിരുമനസ്സായി (ആത്മാ. XI, 417-448).

7. പ്രാർത്ഥനാമുറിയിൽ മാതാവ് പ്രാർത്ഥനാനിരതയായിരിക്കുമ്പോൾ പരി. ത്രിത്വം എഴുന്നെള്ളി മാതാവിന്റെ മരണ ഉടമ്പടി ഉറപ്പിച്ചുകൊടുക്കുന്നു (ആത്മാ XI. 421-488).

---

* *മാര്യാഗൃതാ– മരിയാ അഗ്രതാ, സിറ്റി ഓഫ് ഗോഡ് എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ്. ആത്മാനുതാപത്തിൽ എട്ടാം പാദത്തിലെ കുരിശിനെക്കുറിച്ചുള്ള വിവരണങ്ങൾ, പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള പാദങ്ങളിലെ മാതാവിനുണ്ടായ ദർശനങ്ങൾ തുടങ്ങിയവ ടി. പുസ്തകത്തിലുണ്ട്.*

8. മാതാവിന്റെ ഇഷ്ടങ്ങളൊക്കെയും സാധിച്ചുകൊടുക്കുവാൻ പുത്രൻ തമ്പുരാൻ തയ്യാറായി നില്ക്കുന്നു. ശ്ലീഹന്മാരെ കണാനുള്ള ആഗ്രഹം പൂർത്തിയാക്കാൻ, ലോകത്തിന്റെ നാനാഭാങ്ങളിലായിരുന്ന ശ്ലീഹന്മാരെ അമ്മയുടെ മുമ്പിൽ കൊണ്ടുവന്നു. അവരോടൊക്കെ അമ്മ യാത്ര പറയുന്നു (ആത്മാ. XII, 1-141).

9. പുത്രൻ തമ്പുരാൻ വീണ്ടും അമ്മയുടെ അടുക്കൽ വന്നു. 'എന്റെ അമ്മെ' നിനക്കേതൊണ് ഇഷ്ടം. മരിച്ചിട്ട് പരലോകത്തേക്ക് പ്രവേശിക്കണമൊ? മരണം കൂടാതെയുള്ള പരലോകപ്രവേശനം നിത്യപിതാവ് സമ്മതിക്കുന്നതാണ്. മകൻ മരിച്ചതുപോലെ താനും മരിക്കാൻ തയ്യാറാണെന്ന് അമ്മ തിരുപുത്രനെ അറിയിച്ചു (ആത്മാ XII. 142-181).

10. പരിശുദ്ധാത്മാരൂപിയാൽ പ്രേരിതരായി ദൈവദൂതന്മാർ പാടുന്നു: "മമ സ്നേഹിതെ എണീറ്റാലും" (ആത്മാ XII. 184-187).

11. മാലാഖമാരുടെ ഗീതം കേൾക്കാം. ദൈവമാതാവ് തന്റെ ശിരസ്സ് ചായിച്ചു. ഉത്തമഗീതത്തിലെ ഗാനം പാടുന്നു.

"മമ സ്നേഹിതേ മിയാ കൊളുമ്പാ വരിക നീ
മമ മാതൃവെ വർഷം കഴിഞ്ഞു വേനൽവന്നു
മമ നാടതിൽ പുഷ്പം ശോഭിച്ചു കാണപ്പെട്ടു" (ആത്മാ. XII. 249-251)

12. മാതാവ് സ്നേഹപൂർവ്വം തിരുപുത്രനെ നോക്കി, ഇതാ നിന്റെ തൃക്കരത്തിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു. മാതാവിന്റെ തിരുമരണത്തിന് കാരണമായി ചാവറ പിതാവ് പറയുന്നത് "ദൈവീക സ്നേഹം, അതുമാത്രം' ഹാ സ്നേഹം കൊണ്ട് വ്യാധിയും മരണവും ഭൂമിയിൽ അമൃതാക്കി മാറ്റുവാൻ അമ്മയ്ക്ക് കഴിഞ്ഞു (ആത്മാ. XII, 252-256).

13. സംസ്കാര കർമ്മങ്ങൾ (ആത്മാ. XII, 261-272.)

14. പരലോകത്തിൽ തന്റെ മാതാവിനെ ആനയിച്ചശേഷം സിംഹാസത്തിലിരുത്തുന്നു (ആത്മാ. XII, 281-294).

15. മാതാവിന്റെ സ്വർഗ്ഗാരോപണം (ആത്മാ. XII, 295-308)

16. ത്രീലോക രാജ്ഞിയായി അഭിഷേചിക്കുന്നു (ആത്മാ. XII, 309-316).

**ആത്മവിസ്മൃതിയിൽ** [67]

ചാവറ പിതാവിന് ഈ ദർശനങ്ങൾ തന്റെ തിരുകുടുംബ ജീവിതത്തിന് ഏറ്റവും സഹായകരമായിരുന്നുവെന്നതിനാലായിരിക്കാം അവ ഹൃദിസ്ഥമാക്കിയതും ഗാനരൂപത്തിൽ രചിച്ചതും. മാത്രമല്ല അദ്ദേഹം ദൈവമാതൃ ഭക്തനുമാണല്ലോ. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തിലെ തിരുകുടുംബവാസം ഒരു പടികൂടി കടന്ന് ത്രിത്വ കുടുംബത്തിലേക്കും കടക്കുവാൻ ഈ ദർശനങ്ങളുടെ ധ്യാനം സഹായിച്ചുവെന്ന് നമുക്ക് ഊഹിക്കാം. കാരണങ്ങൾ: (1) ത്രിത്വ കുടുംബവാസം സ്വർഗ്ഗീയമാകയാൽ സ്വന്തം കാര്യങ്ങളൊന്നും, പശ്ചാത്താപ വിലാപം പോലും ഇവിടെ കാണുന്നില്ല (ആത്മാ. X- XII പാദങ്ങൾ) (2) കടശി പാദത്തിൽ സ്വയം ചിത്രീകരിക്കുന്നത് 'ദാസി' ആയിട്ടാണ്. ശാരീരികാവസ്ഥയെകുറിച്ചുള്ള (Manliness) ഓർമ്മ പോലും ഇല്ലാത്ത വിധത്തിൽ സ്വയം ആത്മാവായി (സ്ത്രീലിംഗം) തീരുന്നു.

ഉദാ :1. "കന്നിയമ്മെ ! നിന്റെ ദാസിയായ പാപി ഞാനിതാ" എന്നാണ് കടശിപാദം തുടങ്ങുന്നത്.

2. "അമ്മെ നിന്റെ ദാസിയായ എന്റെ ആത്മാവിന്റെ കുറ്റങ്ങളെല്ലാം നിന്റെ കാരുണ്യത്തിന്റെ ശക്തികൊണ്ട് മാറ്റികളയണമെ" (കടശിപാദം 50-52).

3. "അല്ലയോ അമ്മെ, പാപം നിറഞ്ഞ ഈ ലോകത്തിലെ ജീവിതത്തിന് അന്ത്യം കുറിക്കുന്ന മരണ സമയത്ത് നിന്റെ പുത്രന്റെ നാമം വിളിച്ചുകൊണ്ടും, ആത്മാവിനെ അവിടുത്തെ കരങ്ങളിൽ അർപ്പിച്ചുകൊണ്ടും അങ്ങേ ദാസി നില്ക്കുന്നു (കടശിപാദം 75-76).

ചാവറ പിതാവിന്റെ അന്ത്യകാല ജീവിതം സ്വന്തം അസ്തിത്വം പോലും മറക്കുന്ന തരത്തിലുള്ള ആത്മീയ ജീവിതം ആയിരുന്നതു

കൊണ്ടായിരിക്കാം ധൈര്യപൂർവ്വം തന്റെ ദൈവേഷ്ട പ്രസാദാവസ്ഥ യെക്കുറിച്ചുള്ള പ്രഖ്യാപനം നടത്താൻ മരണനേരത്ത് അദ്ദേഹത്തിന് കഴിഞ്ഞത്.

മരണത്തിനുമുമ്പ് (അന്ത്യലേപനം സ്വീകരിക്കാൻ ഒരുങ്ങുന്ന സമയത്ത് 1871 ജനുവരി 2) ആരും ആവശ്യപ്പെടാതെതന്നെ നടത്തിയ പ്രസംഗത്തെകുറിച്ച് ലെയോപോൾഡച്ചൻ, സിസ്റ്റേഴ്സിനോട് പറയുന്നു. "ശു. കൂദാശകളെ കൈക്കൊള്ളുന്നതിന് മുമ്പിൽ, ഈശോ മിശിഹായുടെ പീഢാനുഭവത്തെക്കുറിച്ചും ദൈവമാതാവിന്റെ സ്തുതി യെകുറിച്ചും ഒരു പ്രസംഗം പറഞ്ഞു. അയാളുടെ വചനങ്ങളെ കേട്ടാൽ അതിശയം തോന്നും. എന്നാൽ കൂദാശകൾ കൈകൊണ്ടതിന്റെ ശേഷം സുബോധം പോയി" [68]

ഹൃദയം നിറഞ്ഞു നിന്നപ്പോൾ തുളുമ്പിവീണ വാക്കുകളാണിവ. അർദ്ധപ്രജ്ഞനായി കിടക്കുന്ന അവസരത്തിലാണ്, ഇങ്ങനെയൊരു പ്രസംഗം ആരോടെന്നില്ലാതെ നടത്തിയത്. മരണ സമയത്തെ തനതു വിധിയെകുറിച്ച് ഓർക്കുമ്പോഴെല്ലാം ഭയന്നുവിറച്ച്, മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടിയിരുന്ന[69] ചാവറപിതാവിന് തന്റെ മരണ വിനാഴി കയിൽപോലും മാതാവിന്റെ പ്രേഷിതനാകാൻ കഴിഞ്ഞുവെന്ന് ഓർക്കുക. ഒപ്പം, തന്നെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർക്കുവാനുള്ള ദുഃഖഘോഷങ്ങളുടെ ഓർമ്മയും ഉണ്ടായിയെന്ന് മിശിഹായുടെ പീഢാനുഭവ പ്രസംഗം സൂചിപ്പിക്കുന്നു. [70]

## h) മനസ്സും തിരുമനസ്സും ഒന്നായപ്പോൾ

ചാവറ പിതാവിന്റെ ജീവിതകാലം മുഴുവൻ ദൈവതിരുമനസ്സ് ആയിരുന്നു വഴികാട്ടി. ദിവ്യകാരുണ്യ സന്നിധിയിൽ മണിക്കൂറുകൾ മുട്ടിന്മേൽ നില്ക്കുമ്പോൾ കിട്ടുന്ന വെളിപാടുകളും ദർശനങ്ങളും പ്രായോഗികമാക്കുക എന്നതാണ് അദ്ദേഹത്തിന്റെ ജീവിതചര്യ. ദൈവ മഹത്വവും കുടപ്പിറപ്പുകളുടെ ആത്മരക്ഷയും മാത്രമായിരിക്കും അവയുടെ ലക്ഷ്യം. മനസ്സും തിരുമനസ്സും ഒന്നാകുമ്പോൾ കിട്ടുന്ന നിർദ്ദേശങ്ങളും പദ്ധതികളും നടപ്പാക്കുന്നതിൽ ആരെല്ലാം എതിർപ്പു

കാണിച്ചാലും അവയെ കണക്കിലെടുക്കാറില്ല. പ്രസ്സ് സ്ഥാപിക്കാൻ ഒരുമ്പെട്ടപ്പോൾ, കൂടപ്പിറപ്പുകളിൽനിന്നുതന്നെ എതിർപ്പുണ്ടായി. വിദ്യാകേന്ദ്രങ്ങൾ തുടങ്ങിയപ്പോഴും ഇടവക വികാരിമാരുടെ ഇഷ്ടക്കേട് മറികടക്കേണ്ടിവന്നു. മാത്രമല്ല, പണത്തിന്റെ കുറവ്. കൊവേന്തയിലെ ദരിദ്രാവസ്ഥ ഇവയെല്ലാം സാധാരണ മനുഷ്യരെ ഇത്തരം ഉദ്യമങ്ങളിൽനിന്ന് പിന്മാറ്റും. എന്നാൽ ദൈവ പരിപാലനയിലുള്ള ഉറച്ച വിശ്വാസവും 'തിരുമനസ്സ് നടക്കും, നടത്തും' എന്ന ഉറപ്പും അദ്ദേഹത്തെ മുന്നോട്ട് നയിച്ചു.

പുരുഷന്മാർക്കായുള്ള കൊവേന്തയുടെ ആരംഭത്തിൽതന്നെ അന്നത്തെ മെത്രാൻ-ഫ്രാൻസീസ് സേവ്യർ തടസ്സം സൃഷ്ടിച്ചു. കൊവേന്ത പണിയാൻ നേതൃത്വം എടുത്തിരുന്ന പോരൂക്കര തോമാച്ചനേയും ചാവറയച്ചനേയും സ്ഥലം മാറ്റി. അവിടെയും ദൈവതൃക്കരം കാണുവാൻ, തിരുമനസ്സിന് സ്വയം കീഴടങ്ങുവാൻ അവർക്ക് കഴിഞ്ഞു. അതിന്റെ ഫലമോ? മെത്രാന്റെ മനസ്സ് ദൈവ തിരുമനസ്സിനോട് യോജിപ്പിക്കാൻ അവർക്ക് കഴിഞ്ഞു! അല്പകാലത്തിനുശേഷം അതേ മെത്രാൻതന്നെ രണ്ടുപേരേയും മല്പാന്മാരും സുറിയാനി പട്ടക്കാരുടെ പരീക്ഷകരുമാക്കി.[71]

പ്ലാശ്നാൽ എന്ന സ്ഥലത്ത് കൊവേന്ത വേണ്ട, അവിടെ മലമ്പനിയുടെ ശല്യം വളരെ കൂടുതലാണ് എന്ന് ചാവറയച്ചൻ നിർബന്ധമായും പറഞ്ഞിട്ടും മെത്രാന്റെ കല്പന വന്നതിനാൽ കൊവേന്ത തുടങ്ങി. മലമ്പനി പിടിച്ച് കളപ്പുരയ്ക്കൽ മത്തായി അച്ചൻ നിര്യാതനായി. അവിടെയും ചാവറയച്ചൻ തിരുമനസ്സ് നടക്കും, നടത്തും എന്ന് നിരൂപിച്ചു.[72]

സന്തോഷത്താലും നന്ദിയാലും ഹൃദയം നിറയുമ്പോഴും തിരുമനസ്സിനു മുമ്പിൽ കൈകൂപ്പുന്ന ചാവറയച്ചനെ കാണുക. തന്നെ ഒരു പട്ടക്കാരനാക്കി, കൊവേന്ത പണിത് അതിൽ ചേർത്ത് പ്രിയോരാക്കി. ഇവയെല്ലാം തനിക്കുവേണ്ടി ചെയ്യുവാൻ ഒരു യോഗ്യതയുമില്ല. ദൈവമഹത്വ വർദ്ധനവിന് ആവശ്യമായവ ചെയ്യാൻ തന്നെയും ഉപകരണമാക്കിയ ദൈവത്തെ ഓർത്തപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിച്ചു 'അപ്പഴോ തിരുമനസ്സ് നടക്കും നടത്തും'.[73]

ചാവറയുടെ ആത്മീയ പുത്രിയായ സി.ക്ലാരയെ 1866 ഫെബ്രുവരി 13 ന് മഠത്തിൽ ചേർത്തില്ല, മാറ്റി നിർത്തി. ദലഗാത്തച്ചൻ ഒരു അധികാരിയാണല്ലോ. അദ്ദേഹത്തിന്റെ തീരുമാനങ്ങൾക്ക് കീഴ്പ്പെടുന്നു. തന്റേയും സി. ക്ലാരയുടെ വീട്ടുകാരുടെയും മനോദുഖങ്ങളിൽ ചാവറയച്ചൻ ദൈവതിരുമനസ്സ് കാണുന്നു. [74]

മഠം പണിയുടെയും നടത്തിപ്പിന്റെയും കാര്യങ്ങളിൽ എപ്പോഴും മെത്രാന്റെയും ദലഗാത്തച്ചന്റെയും ആഗ്രഹങ്ങൾക്കും നിർദ്ദേശങ്ങൾക്കും മുൻതൂക്കം നൽകി. ഉദാ: മഠം കപ്പേളയിൽ വി. ബലി അർപ്പിച്ചു തുടങ്ങിയപ്പോൾ മുതൽ സിസ്റ്റേഴ്സ് കൊവേന്തയിൽ പോകാറില്ല. നാല്പതുമണി ആരാധനയുടെ ദിവസങ്ങളിൽ കൊവേന്തയിൽ പോകണമോ എന്നറിയാൻ സിസ്റ്റേഴ്സ് ചാവറയച്ചന് ഒരു കത്ത് എഴുതി. അതിനുത്തരം ചാവറയച്ചനെഴുതുന്നു: "ബോർഡിംഗിലുള്ളവരും, സഹായക്കാരും വരുവാൻ പ്രൊ. വികാരി അപ്പസ്തോലിക്കാച്ചാൻ അനുവദിക്കുന്നു. ശേഷം തിരുമനസ്സുപോലെ" [75] സന്യാസിയുടെ ഏക അടയാളം സ്വന്തമനസ്സിനെ മുഴുവനായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത അനുസരണമത്രെ [76] എന്ന് പ്രബോധിപ്പിക്കുക മാത്രമല്ല ജീവിക്കുകകൂടി ചെയ്തവനാണ് നമ്മുടെ സ്ഥാപകൻ.

കൊവേന്തക്കാരുടെ പ്രിയോർ ജനറാളും സുറിയാനിക്കാരുടെ വികാരി ജനറാളും വൈദികരുടെ പരീക്ഷകനും, മല്പാനും തുടങ്ങി എല്ലാ സ്ഥാനമാനങ്ങളും അലങ്കരിച്ചവൻ, എവിടെയും സമുന്നത സ്ഥാനത്തിന് യോഗ്യനായവൻ, ഏത് പ്രശ്നത്തിലും പരിഹാരം കണ്ടുപിടിക്കുന്ന കാര്യത്തിൽ എല്ലാവരും അംഗീകാരം നൽകിയവൻ... എന്നിട്ടും ജിവിതാന്ത്യത്തിൽ ചോദിക്കുന്നു 'എനിക്ക് മറ്റൊരു മനസ്സുണ്ടോ? എങ്ങനെ എന്നോട് കല്പിക്കുമോ ആയത് സന്തോഷത്തോടുകൂടെ ചെയ്യാൻ ഞാൻ ആസ്ഥമായിരിക്കുന്നു. എന്റെ സ്വന്ത മനസ്സുപോലെ ഒന്നും ചെയ്‌വാൻ എനിക്ക് മനസ്സില്ല [77] എന്ന് സിസ്റ്റേഴ്സിനോടും അച്ചന്മാരോടും ആവർത്തിച്ചു പറയുന്നു.

'നല്ല അപ്പന്റെ ചാവരുൾ' എന്ന ചാവറയച്ചന്റെ കൃതിയിലെ "ഭക്തനായ ഒരു മനുഷ്യൻ പറയുമായിരുന്നു. ഈ ലോകത്തിൽ

സകലതും എന്റെ മനസ്സുപോലെയാണ് നടക്കുന്നത്. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതുമാത്രം ഞാനും മനസ്സാകുന്നു. അതിനാൽ എന്റെ മനസ്സുതന്നെ ലോകത്തിൽ നടക്കുന്നു" [78]

ഈ ഭക്തനായ മനുഷ്യൻ ആരാണ് എന്ന് ചാവറയച്ചൻ വ്യക്തമാക്കിയിട്ടില്ല. ആരായാലും അദ്ദേഹത്തിന്റെ മനസ്സും ദൈവതിരുമനസ്സും ഒന്നായി കഴിഞ്ഞിരിക്കുന്നു. അത് ആത്മീയ വിവാഹം കഴിഞ്ഞ ഒരു ആത്മാവിന്റ അവസ്ഥയാണ്.

**നിയോഗം വയ്ക്കേണ്ടുന്നതിന്മേൽ ഉപദേശം**

*"ഊട്ടുമുറിയിലേക്ക് പോകുമ്പോൾ ഈ നടപ്പ് നിത്യത്വത്തിലേക്കുള്ള നടപ്പ് എന്ന് ഓർക്കുക. ഊട്ടുമുറിയിൽ ഇരിക്കുന്ന സമയത്തു കർത്താവും ശിഷ്യന്മാരും അവസാന അത്താഴവും കഴിഞ്ഞപ്പോൾ നിങ്ങളുംകൂടെ അവിടെ ഉണ്ടായിരുന്നുങ്കിൽ എന്ന ചിന്തയോടെ ആയിരിക്കുക. ഈശോമിശിഹായുടെ സ്ഥാനത്ത് ശ്രേഷ്ഠത്തി ഇരിക്കുന്നുവെന്ന് ഓർക്കുക. കറിയുടെ ചാറ് ഒഴിക്കുമ്പോൾ തിരുരക്തസ്മരണയുണ്ടാകട്ടെ"*

*(കൃനമ്മാവ് നാളാഗമം. വാല്യം 1, പേജ് 71-72)*



# ഏഴ്

# സ്ഥാപകന്റെ ആദ്ധ്യാത്മികാനുഭവങ്ങൾ സഭാംഗങ്ങളിലേയ്ക്ക്

സിസ്റ്റേഴ്സിനായി ചാവറപിതാവ് എഴുതിയ 22 കത്തുകളാണ് നമുക്ക് ലഭ്യമായിട്ടുള്ളത്. കൂടുതൽ കത്തുകൾ അയച്ചിട്ടുണ്ടെന്ന് നാളാഗമങ്ങൾതന്നെ സാക്ഷിക്കുന്നു.[79] ചാവറ പിതാവിന്റെ ക്ഷീണകാലത്തും ഏറെ ജോലിത്തിരക്കുണ്ടായതുകൊണ്ട് പ്രൊക്കുദോർ തൊമ്മൻ (സി. അന്നയുടെ ഇളയപ്പൻ) വഴി, കൊടുത്തു വിടുന്നവയാണ് ഈ കത്തുകളെല്ലാം. കത്ത് VII / 5-ൽ[80] വായിക്കുന്നു: " അവിടെവരെ ഒന്നു വരണമെന്നാഗ്രഹിച്ചു. എന്നാൽ ഇന്നലെ ഇവിടെ വന്നപ്പോഴെക്കും വല്ലാത്ത ക്ഷീണവും തലവേദനയുമായിരുന്നു. അറിയാതെ ഉറങ്ങിപ്പോകുന്നു. അതിനാൽ വലിയ ക്ഷീണത്തോടെയാണ് ഈ കുറിപ്പ് എഴുതുന്നത്". 1870 മെയ് 25-ന് എഴുതിയ കത്താണിത്.

ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളറിയിക്കാൻ ചാവറ പിതാവ് സിസ്റ്റേഴ്സിന് കത്തുകളയയ്ക്കുന്നുണ്ട്. സ്ഥാപകൻ എന്ന നിലയിൽ വ്യക്തിപരമായിത്തന്നെ സ്പർശിക്കുന്ന, മാതൃപിതൃ വാത്സല്യങ്ങൾ കവിഞ്ഞൊഴുകുന്ന കത്തുകളാണിവ. ഈ സന്യാസിനി സമൂഹത്തിലേക്ക് കടന്നുവരാനിരിക്കുന്ന എല്ലാവർക്കുംവേണ്ടി എഴുതിയ കത്തുകളായതുകൊണ്ട്, സ്ഥാപകന്റെ സ്നേഹം നിറഞ്ഞ ഉപദേശങ്ങൾ നാമും വായിച്ചറിയുകയും അവ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യാം.

ഏതെങ്കിലും വിഷയത്തെ കേന്ദ്രീകരിച്ച് എഴുതുന്ന പ്രബന്ധമായി കത്തുകളെ കാണാനാവില്ലല്ലോ. ഇവിടെ, ഒരേ വിഷയത്തെക്കുറിച്ചു തന്നെ പല കത്തുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവയെ ഒന്നു ക്രോഡീകരിക്കുക മാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്. അതുവഴി

ചാവറയച്ചന്റെ കത്തുകളെക്കുറിച്ചുള്ള ജ്ഞാനം അല്പമെങ്കിലും ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

### a) ഒരേ ലക്ഷ്യം, ഒരേ പാത :

സി.എം.സി. യുടെ സ്ഥാപകനാണ് ചാവറ പിതാവ് എന്ന് അഭിമാനിക്കുന്നുവെങ്കിൽ സ്ഥാപകന്റെ ലക്ഷ്യംതന്നെ സി.എം.സി. മക്കളും സ്വീകരിക്കണമല്ലോ. ആദ്യ അമ്മമാരും ചാവറയും തമ്മിൽ എന്തുബന്ധം എന്ന് ചോദിച്ചിട്ട്, അടുത്തവരിയിൽതന്നെ നമ്മുടെ ജീവിതലക്ഷ്യം വിവരിക്കുന്നു.

*" ഹാ, കർത്താവെ, നിന്നോട് ഞങ്ങൾ ഒന്നാകുംവരെ ഞങ്ങളിൽ നിന്നും അകലല്ലെ"* [81]

കർത്താവിൽ ഒന്നാകുകയാണ് അതായത് ദൈവൈക്യമാണ് നമ്മുടെ ലക്ഷ്യം. ആദ്യ അമ്മമാരും സ്ഥാപകനും ഒരേ ലക്ഷ്യത്തിനായി ജീവിച്ചതിനാൽ അവർ തമ്മിലുള്ള ബന്ധം വളർന്നുവന്നു; രക്തസംബന്ധക്കാരെക്കാൾ കൂടുതൽ അവർ തമ്മിൽ സ്നേഹിച്ചു. സ്ഥാപകന്റെ സ്വരം നമുക്കും ശ്രവിക്കാം:'ദൈവൈക്യം; അതാണ് നമ്മുടെ ലക്ഷ്യം'. സ്ഥാപകന്റെ ഈ ആഗ്രഹം നമ്മിലോരോരുത്തരിലും നിറവേറണം. അതിനായി അദ്ദേഹം കത്തുകളിലൂടെ, ഉപദേശങ്ങളിലൂടെ നമുക്ക് പകർന്നുതന്ന ആത്മീയ സമ്പത്ത് എന്താണെന്ന് നോക്കാം.

### b) ദൈവൈക്യ മാർഗ്ഗങ്ങൾ :

#### 1. ഭാഗ്യപ്പെട്ട അന്തസ്സിന്റെ ഓർമ്മ

“ഹാ എന്റെ കുഞ്ഞുങ്ങളെ, നിങ്ങളെപ്പോലെ, ഈ ഭൂമിയിൽ സൗഭാഗ്യമനുഭവിക്കുന്നവർ ആരാണ്? നിങ്ങളെക്കാൾ വലിയവരും ധനികരുമായ എത്രയോ സ്ത്രീകൾ ഈ ലോകത്തിൽ കണ്ണുനീരും കഷ്ടപ്പാടുമായി കഴിയുന്നു? [82]

“ഓ ഇത് വലിയ ഭാഗ്യംതന്നെ! വിശുദ്ധ ലിഗോരി എഴുതിയ 'മൊനാക്കും സാങ്തെ' (Monacum Sanctae) എന്ന കന്യാസ്ത്രീകൾക്കായുള്ള പുസ്തകത്തിന്റെ ഒരു ഭാഗം ഞാൻ വായിച്ചപ്പോൾ നിങ്ങളുടെ മഹാഭാഗ്യത്തിന്മേൽ അസൂയതോന്നി. അത് ശരിതന്നെ. ഇത് വളരെ ശരിതന്നെ. ഓ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ! നിങ്ങൾ കരേറിയിരിക്കുന്ന ഈ ജീവിതാ

വസ്ഥ എത്രയും ഉന്നതവും സ്തുത്യർഹവുംതന്നെ. ഈ ലോകത്തിന്റേതായ എത്രയോ രാജസ്ത്രീരത്നങ്ങൾ നിങ്ങളുടെ ഭാഗ്യത്തക്കുറിച്ചോർത്തു അസൂയപ്പെടുന്നുവെന്ന് അന്ത്യവിധിനാളിൽ മാത്രമെ നിങ്ങൾ ഗ്രഹിക്കയുള്ളൂ" [83]

വിശുദ്ധ അഗസ്റ്റിൻ പറയുന്നു:[84] ഓ, കൂദാശ ചെയ്യപ്പെട്ട കന്യാസ്ത്രീയെ! ഓ! ഭാഗ്യപ്പെട്ട കന്യാസ്ത്രീയെ! ആകാശത്തിലും ഭൂമിയിലും ഉള്ള സകല സമ്പന്നരെക്കാൾ ഉന്നതമായ ഒരു മണവാളൻ നിനക്കുണ്ട്. മറ്റു പെൺകുട്ടികളിൽനിന്ന് തെരഞ്ഞെടുത്തു നിന്നെ അവിടുത്തെ മണവാട്ടിയായി സ്വീകരിച്ചിരിക്കുന്നു. അവിടുത്തേയ്ക്ക് നിന്നോടുള്ള സ്നേഹത്തിന്റെ അച്ചാരം നിനക്ക് തന്നിരിക്കുന്നുവെന്ന് നീ അറിയുന്നില്ലേ? അതിനാൽ അവിടുത്തോട് വളരെയധികമായ സ്നേഹം നിനക്കുണ്ടാകേണ്ടതാണ്. വി. ബർണ്ണാദ് പറയുന്നു: ഇനി, നീയും ലോകവും തമ്മിൽ യാതൊരു ബന്ധവുമില്ല. ഓ! ഈശോയുടെ മണവാട്ടിയെ, നിന്നെത്തന്നെയും ലോകത്തേയും ഉപേക്ഷിക്കുക. എന്തെന്നാൽ നീ നിന്റേതല്ല ഈ ലോകത്തിന്റേതുമല്ല. പിന്നെയോ ആർക്കായി നിന്നെ സമ്പൂർണ്ണമായി സമർപ്പിച്ചുവൊ ആ തമ്പുരാന്റേതാണ്. നീ ദൈവത്തെ തെരഞ്ഞെടുക്കുകയല്ല, ദൈവം നിന്നെ തെരഞ്ഞെടുത്ത്, അവിടുത്തെ സ്വന്തം മണവാട്ടിയാക്കി മാറ്റിയിരിക്കുന്നു. അനേകം യുവതികൾ ലോകത്തിലുണ്ടായിരുന്നു. നിനക്ക് കിട്ടിയ ഈ മഹാഭാഗ്യം അവർക്ക് ലഭിച്ചില്ല. ഇത് അവരേക്കാൾ യോഗ്യത നിനക്കുണ്ടായിട്ടല്ല; മറിച്ച് അവരേക്കാളിധികം അവിടുന്ന് നിന്നെ സ്നേഹിച്ചതിനാലാണ്.

ശിരോവസ്ത്രം സ്വീകരിക്കുന്ന അവസരത്തിൽ കന്യാസ്ത്രീ കാർമ്മികന്റെ മുമ്പിൽ ചൊല്ലുന്ന വചനങ്ങൾ ഓർക്കുക. ദൈവത്തെയല്ലാതെ മറ്റൊന്നിനെയും ഞാൻ ആഗ്രഹിക്കാതിരിക്കാൻ എന്റെ മുഖത്തിൽ അവിടുന്ന് ഒരടയാളം സ്ഥാപിച്ചു. എന്തെന്നാൽ അവിടുന്നുതന്നെ, എന്റെ മണവാളനാകുന്നു. ഈശോമിശിഹായല്ലാതെ മറ്റൊരു സ്നേഹിതനെ ഞാൻ കാണുന്നില്ല, കണ്ടിട്ടുമില്ല. ഈ ലോകത്തിന്റെ മണവാട്ടികൾ പ്രഭുക്കന്മാരും സമ്പന്നരുമായ മണവാളന്മാരെയാണ് അന്വേഷിക്കുന്നത്. എന്നാൽ നീയാകട്ടെ അവരേക്കാൾ എത്ര ഉന്നതമായ സ്വർഗ്ഗരാജനായ ഒരു മണവാളനെയാണ് കണ്ടെത്തിയിരിക്കുന്നത്. അയാളുടെ മണവാട്ടിയായി നിശ്ചയിക്കപ്പെട്ടിരിക്കയാൽ എത്രയധികമായ സന്തോഷവും സ്തുതിയും നിനക്കുണ്ടായിരിക്കുന്നു".

"എന്റെ ആത്മസ്നേഹിതനെ ഞാൻ കണ്ടെത്തി

എന്റെ സ്നേഹത്താൽ എല്ലായ്പ്പോഴും അവനെ ഞാൻ ആശ്ലേഷിക്കും.

അവൻ എന്നിൽനിന്ന് അകലുവാൻ ഞാൻ അനുവദിക്കുകയില്ല".

എപ്പോഴും ഈശോമിശിഹായോട് ഒട്ടിച്ചേർന്നിരിന്നുകൊണ്ട് നിനക്കുള്ള കിരീടം നഷ്ടപ്പെടാതിരിക്കാൻ നീ പ്രാർത്ഥിക്കുക (വെളി. 3:11).

ഓ! നിന്റെ ഈ ജീവിതാന്തസ്സ് എത്ര ഭാഗ്യപ്പെട്ടതെന്ന് നീ അറിയുന്നുവോ? വി. ബർണ്ണാർദ് എഴുതിയിരിക്കുന്നു. ഇതിൽ മനുഷ്യർ എത്രയും വിശുദ്ധമായി ജീവിക്കുന്നു. എത്രയും അപൂർവ്വമായി വീഴുന്നു. എത്രയും പെട്ടെന്ന് എഴുന്നേൽക്കുന്നു. ശ്രദ്ധാപൂർവ്വം നടക്കുന്നു. ഇടവിടാതെ നനയ്ക്കപ്പെടുന്നു. ക്ലേശമില്ലാതെ എല്ലാം ഉൾക്കൊള്ളുന്നു. വിശ്വാസത്തോടെ മരിക്കുന്നു. എപ്പോഴും ശുദ്ധീകരിക്കപ്പെടുന്നു, നിത്യമായി സമ്മാനിക്കപ്പെടുന്നു. കന്യാസ്ത്രീകളുടെ ഈ വിധത്തിലുള്ള ഭാഗ്യം നാം കണ്ടുവരുന്നു.

## ഭാഗ്യപ്പെട്ട കന്യാസ്ത്രീയുടെ വ്രതത്രയ സമർപ്പണം

### a) അനുസരണം

#### i) അനുസരണം - വിശ്വാസത്തിലധിഷ്ഠിതം

"ആകയാൽ ബുദ്ധിയില്ലാത്ത എന്റെയും എന്നെപ്പോലെ തന്നെ പാവപ്പെട്ട ശ്രേഷ്ഠത്തിയമ്മയുടെയും ഭരിപ്പിന്മേൽ നിങ്ങൾ നോക്കേണ്ട. പിന്നെയോ കർത്താവിന്റെ തിരുവചനം പോലെ മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നവർ ആരായാലും അവരെ നിങ്ങൾ നോക്കേണ്ട (മത്തായി. 23:1) മറിച്ച്, അവരെ നിയമിച്ചവനെ നിങ്ങൾ നോക്കുവിൻ".[85]

#### ii) അനുസരണത്തെപ്രതി ചെയ്യുമ്പോൾ

"ഒരു കന്യാസ്ത്രീയുടെ ജീവിതം ശ്രദ്ധിച്ചാൽ നിശ്ചയമായും ഏറ്റം വിശുദ്ധിയോടെ ദൈവത്തെ സ്നേഹിച്ചു നടക്കുന്നു എന്നു കാണാം. ദൈവത്തിന്റെ ഇഷ്ടത്തിനായി മാത്രം എല്ലാം ചെയ്യുന്നു എന്നതാണ് പ്രവൃത്തിയുടെ വിശുദ്ധിയും യോഗ്യതയും. വേറെ ഒന്നുകൊണ്ടുമല്ല. സ്വന്തം മനസ്സും ഇഷ്ടവും എത്രമാത്രം ഇല്ലാതെയാക്കുന്നുവൊ, അത്രയധികം ദൈവത്തിന്

ഇഷ്ടമാകുന്നു. എന്നാൽ ലൗകീകരായ അത്മായർ എത്ര നല്ലവരും ഭക്തിക്കാരും ആയിരുന്നാലും അവർ എല്ലായ് പ്പോഴും സ്വന്തമനസ്സിന്റെ സ്വാതന്ത്ര്യത്തിന് അനുസൃതമാണ് ചെയ്യുന്നത്. അൽമായർ, അവർക്ക് മനസ്സാകുമ്പോൾ പ്രാർത്ഥിക്കുന്നു, മനസ്സാകുമ്പോൾ വിശുദ്ധ കുർബാന സ്വീകരിക്കുന്നു, കുർബാന കാണുന്നു, ജ്ഞാനപുസ്തകം വായിക്കുന്നു. എന്നാൽ കന്യാസ്ത്രീയൊ, മേൽപ്പറഞ്ഞ സുകൃതങ്ങളെല്ലാം അനുസരണത്തിന്റെ പേരിൽ ചെയ്യുന്നു. അത് എങ്ങനെയെന്നാൽ ചൊൽവിളി വഴിയായി തമ്പുരാൻ സ്വയം കൽപ്പിക്കുകയാണ്. കന്യാസ്ത്രീകളുടെ ഇത്തരം അനുസരണത്താൽ പ്രമാണരേഖയ്ക്കും അധികാരികൾക്കും അനുസരിച്ചുകൊണ്ട് ജീവിക്കുമ്പോൾ, പ്രാർത്ഥിക്കുന്നതും അരൂപിക്കടുത്ത മറ്റു കാര്യങ്ങൾ ചെയ്യുന്നതും മാത്രമല്ല അവർക്ക് പുണ്യയോഗ്യതയാകുന്നത്; മറിച്ച് ജോലി ചെയ്യുന്നതും നടക്കുന്നതും സന്ദർശന മുറിയിൽ പോകുന്നതും ഉല്ലാസനേരത്ത് സംസാരിക്കുന്നതും തിന്നുന്നതും കുടിക്കുന്നതും ഉറങ്ങുന്നതുമെല്ലാം പുണ്യംതന്നെ. എന്തുകൊണ്ടെന്നാൽ ഇവയൊന്നും സ്വന്തം ഇഷ്ടമനുസരിച്ചല്ല, അനുസരണയാലാണ് ചെയ്യുന്നത്. ഇതുതന്നെ ദൈവതിരുമനസ്സാലെ യോഗ്യതയുള്ളതാകുന്നു.

ഓ! സ്വന്തമനസ്സനുസരിച്ചുമാത്രം ചെയ്യുന്നതിനാൽ എത്രയും ശുദ്ധമുള്ള പുണ്യപ്രവൃത്തികൾപോലും എത്രയോ പ്രാവശ്യം നഷ്ടമായിരിക്കുന്നു. ഹാ! സർവ്വേശ്വരാ, വിധി ദിവസത്തിൽ എത്രയോ പേർ അവരുടെ പുണ്യപ്രവൃത്തികൾക്ക് സമ്മാനം കിട്ടാത്തതിനാൽ ദൈവത്തോട് സങ്കടം പറയേണ്ടി വരും! ഞങ്ങൾ നോമ്പനുഷ്ഠിച്ചു; നീ സ്വീകരിച്ചില്ലേ? ഞങ്ങൾ എളിമയ്ക്കടുത്ത കഷ്ടതകൾ അനുഭവിച്ചു; നീ അറിയുന്നില്ലെ? അപ്പോൾ അവിടുന്നു പ്രത്യുത്തരിക്കും: നിങ്ങളുടെ സമ്മാനം അപ്പോൾതന്നെ നിങ്ങൾക്കു ലഭിച്ചു (ലൂക്കാ. 13 : 25 – 27, മത്താ.7: 21–23). അതായത് നിങ്ങളുടെ സ്വന്തമനസ്സിനെ സന്തോഷിപ്പിക്കാനാണല്ലൊ നിങ്ങൾ ചെയ്തത്; എന്റെ മനസ്സിനെ തൃപ്തിപ്പെടുത്താനല്ല.[86]

iii) **അനുസരണം - സ്ഥാപകന്റെ മാതൃക**

"പിതാവ് എല്ലാവർക്കും ഒരു കുഞ്ഞിനെപ്പോലെ കീഴ്വഴങ്ങിയിരുന്നു. മരണംവരെയും താൻ നമുക്ക് കാട്ടിത്തന്ന, ഏവരും അതിശയിപ്പാൻതക്ക ഈ നല്ല ദൃഷ്ടാന്തം നാം എല്ലാവരും കണ്ടുപഠിച്ച് അതിൽവണ്ണം നടപ്പാൻ ന്യായമാകുന്നില്ലയൊ?... താൻ സ്വന്തമനസ്സ് മുഴുവനായി ഉപേക്ഷിച്ച് ജീവിച്ചതിനാൽ ഏവർക്കും ദൃഷ്ടാന്തം കാട്ടുകയും ചെയ്തു". [87]

അതേസമയം ചാവറയച്ചൻ തന്റെ ചിന്താഗതി വിവരിക്കുന്നത് ശ്രദ്ധിക്കുക: "എന്റെ ദുർമാതൃകയാലും ക്രമമില്ലാത്ത വചനങ്ങളാലും ശ്രദ്ധയില്ലാത്ത പ്രവർത്തനങ്ങളാലും സർവ്വേശ്വരൻ എന്റെ ചുമതലയിൽ ഏൽപ്പിച്ചിരിക്കുന്ന ശുദ്ധമുള്ള ആത്മാവുകളായ പൈതങ്ങൾ മുതലായവർക്കും, എന്റെ തമ്പുരാന്റെ മണവാട്ടികളായ നിങ്ങൾക്കും ഞാൻ വരുത്തിയിരിക്കുന്ന എന്റെ സൂക്ഷ്മതയില്ലാത്ത ഉതപ്പുകൾമൂലം വിധിയിൽ വരാനിരിക്കുന്ന വലിയ കുറ്റപ്പാടുകൾ എന്നോട് കരുണാപൂർവ്വം ക്ഷമിക്കുന്നതിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. ഇനിയുള്ള ജീവിതകാലമെങ്കിലും ദൈവഹിതം പോലെ ജീവിക്കുന്നതിനും ശരണത്തോടെ മരണം പ്രാപിക്കുന്നതിനും എനിക്കുവേണ്ടി അപേക്ഷിക്കുവിൻ". [88]

## ബ്രഹ്മചര്യം[89]

മണവാളത്തം എന്ന അപരനാമത്തിലാണ് ബ്രഹ്മചര്യവ്രതത്തെക്കുറിച്ച് സ്ഥാപകൻ സംസാരിക്കുക.

i) നിങ്ങളുടെ മണവാളന്റെ സ്വരം എത്ര മാധുര്യപൂർണ്ണം എന്നോർക്കുവിൻ നിങ്ങളുടെ ഹൃദയത്തിൽ എപ്പോഴും തന്നെയല്ലാതെ മറ്റൊരു സ്നേഹം നിങ്ങൾക്കുണ്ടോ എന്ന് അവിടുന്ന് നോക്കുന്നു. എപ്പോഴും നിങ്ങളുടെ കൂടെ വസിച്ച്, അകത്തും പുറത്തും എന്ത് നിങ്ങൾക്കാവശ്യമെന്ന് സ്നേഹപൂർവ്വം സൂക്ഷിച്ചു നടക്കുകയാണ് അവിടുന്ന് എന്നോർക്കുവിൻ.[90]

ii) "ഈശോമിശിഹാ നിങ്ങളെ ആശീർവ്വദിക്കട്ടെ. അവിടുത്തെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ ആനന്ദിപ്പിൻ" [91]

iii) "കന്യാസ്ത്രീ - അന്തസ്സിന്മേൽ" [92] എന്ന പേരിൽ ചാവറയച്ചൻ

എഴുതിക്കൊടുത്ത വിചിന്തനങ്ങളിൽ മണവാളത്തത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള ആശയങ്ങൾ.

- ആകാശത്തിലും ഭൂമിയിലുമുള്ള സകല സമ്പന്നരെക്കാൾ ഉന്നതനായ ഒരു മണവാളൻ നിനക്കുണ്ട്.
- മറ്റു പെൺകുട്ടികളിൽനിന്ന് തെരഞ്ഞെടുത്ത്, നിന്നെ അവിടുത്തെ മണവാട്ടിയായി സ്വീകരിച്ചിരിക്കുന്നു.
- അനേകരിൽനിന്ന് നിന്നെ പ്രത്യേകം തെരഞ്ഞെടുത്ത് നിന്നോടുള്ള സ്നേഹത്തിന്റെ അച്ചാരം നിനക്ക് തന്നിരിക്കുന്നു. അതിനാൽ അവിടുത്തോട് വളരെയധികമായ സ്നേഹം നിനക്കുണ്ടാകേണ്ടതാണ്.
- ഇനി നീ ഈ ലോകത്തിന്റേതല്ല, നിന്റേതുമല്ല, പിന്നെയൊ നീ ആർക്കുവേണ്ടി സ്വയം സമർപ്പിച്ചുവോ, ആ തമ്പുരാന്റേതാണ്.
- തമ്പുരാൻ നിന്നെ തെരഞ്ഞെടുത്തത് നിന്റെ യോഗ്യത കൊണ്ടല്ല; അവിടുന്ന് നിന്നെ ആദ്യം സ്നേഹിച്ചതു കൊണ്ടാണ്.
- ശിരോവസ്ത്രം സ്വീകരിക്കുമ്പോൾ ചൊല്ലിയ വചനങ്ങൾ: ദൈവത്തെയല്ലാതെ മറ്റൊന്നിനെയും ഞാൻ ആഗ്രഹിക്കാതിരിക്കാൻ എന്റെ മുഖത്തിൽ അവിടുന്ന് ഒരു അടയാളം സ്ഥാപിച്ചു. എന്തെന്നാൽ അവിടുന്നുതന്നെ എന്റെ മണവാളനാകുന്നു. ഈശോമിശിഹാ അല്ലാതെ മറ്റൊരു സ്നേഹിതനെ ഞാൻ കാണുന്നില്ല; കണ്ടിട്ടുമില്ല.
- വി. ആഗ്നസിന്റെ വാക്കുകൾ : മരണത്തിലേക്ക് നയിക്കുന്ന സന്തോഷമേ, നീ എന്നിൽനിന്നും അകലുക. നീ എന്റെ സ്നേഹത്തെ വലിക്കുന്നു. എന്നാൽ വേണ്ട. ഞാൻ എന്റെ തമ്പുരാനെയല്ലാതെ മറ്റാരേയും സ്നേഹിക്കുന്നില്ല.
- ഈ ലോകത്തിന്റെ മണവാട്ടികൾ പ്രഭുക്കന്മാരെയും സമ്പന്നരേയും മണവാളന്മാരായി കിട്ടാനാഗ്രഹിക്കുന്നു. എന്നാൽ നീയാകട്ടെ, അവരെക്കാൾ എത്ര ഉന്നതമായ, സ്വർഗ്ഗരാജനായ ഒരു മണവാളനെ കണ്ടെത്തിയിരിക്കുന്നു!
- ഉത്തമഗീതത്തിലെ മണവാട്ടിയെപ്പോലെ സ്നേഹത്താൽ ഉന്മത്തയായി പാടുക. എന്റെ ആത്മസ്നേഹിതനെ ഞാൻ കണ്ടെത്തി. എന്റെ സ്നേഹത്താൽ എല്ലായ്പ്പോഴും ഞാൻ

അവനെ ആശ്ലേഷിക്കും. അവൻ എന്നിൽ നിന്നകലുവാൻ ഞാൻ അനുവദിക്കയില്ല.

- ആത്മാവിനെ ദൈവത്തോട് ഐക്യപ്പെടുത്തുന്നത് ദൈവ സ്നേഹമാകുന്നു. തന്റെ മോതിരം എന്നെ അണിയിച്ച് അവിടുന്ന് എന്നെ മണവാട്ടിയാക്കി. അവിടുത്തെ കിരീടം എന്നെ അണിയിച്ചു.
- എന്റെ സ്രഷ്ടാവും എന്റെ മണവാളനുമായവൻ. തന്റെ രാജ്ഞിയാക്കി എന്നെ മുടി ചൂടിച്ചു. അതിനാൽ, സൃഷ്ടി കളിൽ നിന്നുമകന്ന്, സ്നേഹത്താലും അപേക്ഷയാലും ഈശോമിശിഹായോട് ഒട്ടിച്ചേർന്നിരുന്നുകൊണ്ട് ഈ കിരീടം നഷ്ടപ്പെടുത്താതിരിക്കാൻ നീ പ്രർത്ഥിക്കുക.

iv) മണവാളന്റെ സഹനശൈലി മണവാട്ടിക്കും ഉചിതം. [93]

സ്നേഹമേറിയ സെഹിയോൻ പുത്രിമാരെ, നിങ്ങളുടെ പ്രിയങ്കരനായ മണവാളനെ നിങ്ങൾ കാണുവിൻ. രാജാവായ സോളമന്, തന്റെ സ്നേഹമാതാവ് പ്രേമപൂർവ്വം ചാർത്തിയ കിരീടംധരിച്ച് പ്രിയ മണവാട്ടിയോട് ചേർന്ന് വിവാഹത്തിന് നടത്തിയ യാത്രയല്ലെ ഇത്? (ഉത്തമഗീതം 3 :7-11) ആർപ്പു വിളികളും, ആഘോഷങ്ങളും സഹിതം അലങ്കാര നിബി ഢമായ വിവാഹപന്തൽ-ഗാഗുൽത്താമല-ഇവിടെ കാണുന്നു... നിന്റെ സ്നേഹ മണവാളന്റെ കഴുത്തിലെ കനമുള്ള മാല നോക്കുക... കരങ്ങളിലെ വളകൾ നോക്കുക... അരയിലെ പൊൻപീത്ത കാണുക... സുന്ദരാംഗിയായ ആത്മാവെ, സുന്ദരമണവാളനായ അവിടുത്തെ കിരീടം സൂക്ഷിച്ചു നോക്കുക. നിന്നോടുള്ള സ്നേഹ വായ്പ് ഒന്നുകൊണ്ടു മാത്രമാണ് ഇത് സ്വന്തം ശിരസ്സിലണിയുവാൻ അവിടുന്ന് തയ്യാറായത്... അവയിൽ മുത്തുമണികൾപോലെ രക്ത ബിന്ദുക്കൾ തങ്ങിനിൽക്കുന്നു. അവ ഒഴുകി നെറ്റിയിലും ചെവിയിലും കല്യാണവസ്ത്രത്തിലും മണികൾ പോലുള്ള രത്നകണങ്ങളായി കാണപ്പെടുന്നു. ആ മനോഹര വസ്ത്രം തന്നെയാണ് കല്യാണപന്തൽവരേയും അവിടുത്തേക്ക് ധരിക്കാൻ കിട്ടിയിട്ടുള്ളത്. ഈ രത്നങ്ങളിൽ ഒന്നെങ്കിലും കിട്ടുവാനാഗ്രഹിക്കുന്നവർ എത്രയധികമാണ്. അല്ലയൊ മണവാട്ടിയായ എന്റെ ആത്മാവെ, ഇതു നിനക്ക് എത്ര ഉചിതമായിരിക്കുന്നു...

## c) ദാരിദ്ര്യം

### i) ഉടമസ്ഥാവകാശം വേണ്ട

"ഇത് നമ്മുടെ വകയല്ല. പിന്നെയൊ ഈശോമിശിഹായുടെ പത്രിമോനിയത്രെ. നാം വേല ചെയ്താൽ മതി." [94]

### ii) കർത്താവിൽ സമ്പൂർണ്ണാശ്രയം

"കൂലികൊടുക്കുവാൻ പണമില്ലല്ലൊ എന്ന് കരുതേണ്ട. നാം വേലയെടുപ്പിക്കുക. പണം തമ്പുരാൻ തരും" [95]

### iii) ഈശോ മിശിഹാ നമ്മുടെ ഏകസമ്പത്ത്[96]

ഏതെങ്കിലും വസ്തുവിന്മേൽ, നിങ്ങൾക്ക് ഇഷ്ടമൊ, ആഗ്രഹമൊ അധിക സന്തോഷമൊ തോന്നുമ്പോൾ, കർത്താവ് നിന്റെ നേരെ തിരിഞ്ഞു പറയുന്നു:

"എന്നെ നീ നോക്കുക. ഞാൻ നിന്നെ സന്തോഷിപ്പിക്കുന്നതിലും അധികം ആ വസ്തു നിന്നെ സന്തോഷിപ്പിക്കുമൊ? ഇത് ദുഃഖമൊ ക്ലേശമൊ? എങ്കിൽ നീ എന്തു കൊണ്ട് ക്ലേശിക്കുന്നു? ഞാൻ നിന്നെ സന്തോഷിപ്പിക്കും. നിനക്ക് അത് പോരെ?

ഇങ്ങനെ ഒരു നിമിഷംപോലും നിങ്ങളുടെ സമീപത്തു നിന്നു മാറാതെ നിൽക്കുന്നു. നിന്നെ സന്തോഷിപ്പിക്കണം, നീ അവിടുത്തെ സ്നേഹിക്കണം എന്നുമാത്രം അവിടുത്തെ ആഗ്രഹം. അവിടുന്നു നിന്നോട് മന്ത്രിക്കുന്നു:

"നിനക്ക് എന്തുവേണം? എല്ലാം തരാം. ഇനി നിനക്കു തരുവാൻ ഒന്നുമില്ലല്ലൊ, നിശ്ചയം. അതെ, എന്നെത്തന്നെ നിനക്കു ഞാൻ തന്നു. ഇനി എന്താണ് ബാക്കിയുള്ളത്? ആകാശമോക്ഷം എന്റെ സൃഷ്ടിയത്രെ. ഈ ചെറിയ വസ്തു എന്നെക്കാൾ വലുതാണോ?".

### iv) ദൈവകരത്തിന്റെ സ്പർശാനുഭവം

"നമ്മുടെ കർത്താവായ സർവ്വേശ്വരൻ എത്ര കരുതലോടെയാണ് നമ്മുടെ കാര്യങ്ങൾ വിചാരിച്ച് നടത്തുന്നത് എന്ന് ഓർക്കുവിൻ. തമ്പുരാനെ സ്നേഹിക്കണമെന്ന് നാം ഹൃദയപൂർവ്വം നിശ്ചയിക്കുന്നത്. എത്ര സന്തോഷത്തോടെയാണ്

അവിടുന്ന് നോക്കിക്കാണുന്നത്. അപ്പോൾ നമുക്ക് വേണ്ട തെല്ലാം അവിടുന്ന് അന്വേഷിച്ച് നടത്തിത്തരുന്നത് കാണുക. ഈ മഠത്തിന്റെ കാര്യംതന്നെ എടുക്കുക. ഇത് സ്ഥാപിക്ക പ്പെട്ടതുമുതൽ ദൈവം ഇതിനെ എങ്ങനെ നടത്തുന്നുവെന്ന് കാണുക. നമുക്ക് അല്പമായ ബുദ്ധിമുട്ടുപോലും വരുത്താതെ എല്ലാം ദൈവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനംപോലെ?"[97] (മത്താ. 7:7).

v) **ദൈവത്തിലെ മാതൃത്വാനുഭവം**


"ഓ! സന്തോഷമേ, ഹാ എന്റെ കർത്താവേ, ഞങ്ങൾ ഒന്നും മനസ്സിലാക്കാത്തവരും വെറും പുഴുക്കളുമാണ്" വിശന്നാൽ വിശക്കുന്നുവെന്ന് അമ്മയോട് പറഞ്ഞറിയിക്കുവാൻ പോലും കഴിവില്ലാത്ത കുഞ്ഞുങ്ങളെപ്പോലെയാണ് ഞങ്ങൾ. കുഞ്ഞുങ്ങൾ ഉറങ്ങിക്കിടന്നാലും, അവർക്ക് വിശക്കുന്നുണ്ടെന്ന് മനസ്സിലാക്കി ഉണർത്തി, മുലപ്പാലൂട്ടുന്ന അമ്മയെപ്പോലെയാണ് നീ. പൈത ങ്ങളായ നമ്മുടെ ആവശ്യങ്ങൾ അവിടുന്ന് എങ്ങനെ നിറവേറ്റുന്നു എന്ന് നോക്കുക"[98]

vi) **പങ്കുവെയ്ക്കൽ മനോഭാവം**

പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ഈ സമ്മാനം നിങ്ങൾക്കു ഞാൻ കൊടുത്തയയ്ക്കുന്നു. എന്റെ മുറിയുടെ വാതിൽക്കൽ പെട്ടിയിൽ വളർത്തിയതാണ് ഈ മുളക്. ഇതിന്റെ ഫലം തീർന്നുവെന്നാണ് ഞാൻ കരുതിയിരുന്നത്. അതിനാൽ അവസാനത്തേതാണിത്. ചെറുതുമാണ്. ആരും ശ്രദ്ധിക്കാതെ നിന്ന് ഒന്നിച്ചു പഴുത്തു. ഇത് വെറുതെ നഷ്ടമാക്കി കളയാതിരി ക്കാനും ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കുന്നതിനുമായിട്ട് കൊടുത്തുവിടുന്നു.

ഈ മാങ്ങ പാറായി എനിക്ക് കൊടുത്തയച്ചതാണ്. ഇന്ത്യ യിൽ ഉള്ളതിൽ ഒന്നാം തരം. പക്ഷെ, നന്നായി മൂത്തിട്ടില്ലാ ത്തതിനാൽ ഒന്നിന്റെ മുഖം പഴുത്തുപോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചിയറിഞ്ഞ്, കിളിർപ്പിച്ച് ഉണ്ടാക്കുവാനായിട്ട് കൊടുത്തയയക്കുന്നു. തൊലി ചെത്തികളഞ്ഞ് പൂളി, എല്ലാ വരേയും ഇതിന്റെ രുചി അറിയിക്കണം"[99]

## എട്ട്



# ദൈവൈക്യത്തിന്റെ വാതിൽ

### a) ഒരു ചെറിയ ഉപദേശം[100]

#### വായന - ഏകാന്തത

ഈ ചെറിയ ഉപദേശം എല്ലാവരും ശ്രദ്ധയോടെ കേട്ട് പഠിച്ചാൽ കൊള്ളാം. പുണ്യപരിപൂർണ്ണതയുടെ ഉയരങ്ങളിലേയ്ക്ക് കയറുവാനും ചെന്നെത്തിയ ഇടത്തിൽനിന്ന് വീഴാതിരിക്കുവാനും ശ്രദ്ധയോടെ നേർവഴിയിലൂടെ നടന്നു കയറണം. ഇതിനുള്ള വഴി ഇതാണ്...

#### രണ്ടുതരം വായനക്കാർ

രണ്ടുതരം വായനക്കാരുണ്ട്. ചിലർക്ക് വായിക്കാനിഷ്ടം വിശേഷങ്ങളും അത്ഭുതങ്ങളുമാണ്. മറ്റു ചിലരാകട്ടെ നമ്മുടെ കർത്താവിന്റെ പീഡാനുഭവം, വ്യാകുലം എന്നിവയും അധിക ഭക്തിയോടെ ജീവിച്ച വി. ത്രേസ്യ, വി. റോസ എന്നിവരുടെ ജീവചരിത്രങ്ങൾ ആദിയായവ വായിക്കുവാനും അറിയുവാനും താൽപര്യപ്പെടുന്നു. ഇതിൽ ഒന്നാമത്തെ കൂട്ടർ ബുദ്ധിപരമായ അറിവും തെളിവും ആഗ്രഹിക്കുന്നു. രണ്ടാമത്തെ കൂട്ടരൊ, അറിവും ഭക്തിയുമാണ് ആഗ്രഹിക്കുന്നത്. പുണ്യവഴിയിൽ നടക്കുവാനും മുന്നേറുവാനും അതിൽ നിലനിൽക്കുവാനും സഹായിക്കുന്ന ഉറപ്പുള്ള മാർഗ്ഗം ഈ രണ്ടാം വിഭാഗക്കാരുടെ വായനാരീതിയാണ്. ഇത്തരം വായന ഇഷ്ടപ്പെടുന്നവർ ഏകാന്തതയിൽ സന്തോഷിക്കും.

**ഏകാന്തതയിൽ മണവാള-മണവാട്ടി സംഗമം**

കത്ത് VII/8-ന്റെ തുടർന്നുള്ള ഭാഗം സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാണ്. ഏകാന്തതയെ സ്നേഹിക്കുന്ന ആത്മാവിന്റെ ആനന്ദവും മണവാളനുമായുള്ള സംഗമവുമാണ് ചാവറയച്ചൻ വിവരിക്കുന്നത്. മണവാളനോടൊത്തുള്ള സല്ലപിക്കൽ, വീഞ്ഞുമുറിയിൽ കയറി വീഞ്ഞുപകർന്നു കൊടുക്കൽ, മണവാളന്റെ ഭാഷ തിരിഞ്ഞു തുടങ്ങുമ്പോൾ ആത്മാവിന്റെ ആനന്ദം, ആഭരണങ്ങൾ നല്കൽ തുടങ്ങിയ ആദ്ധ്യാത്മികാനുഭവങ്ങൾ ഉത്തമഗീതത്തലെ മണവാട്ടിയുടെ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള ഒരു വ്യക്തിയുടെ സാക്ഷ്യമാണ് ഈ കത്ത് എന്നതിൽ സംശയമില്ല. ചാവറയച്ചൻ ഒരു ചെറിയ ഉപദേശം പറയുവാൻ തുടങ്ങുന്നു. എന്നാൽ അത് അവസാനിക്കുന്നത് ഉയരപ്പെട്ട ധ്യാനത്തിലാണ്.

**b) ദൈവൈക്യത്തിലെത്താൻ നാല് ഘട്ടങ്ങൾ**

ഇപ്രകാരമുള്ള ദൈവാനുഭവത്തിന്റെ ഘട്ടങ്ങൾ താഴെ പറയുന്നവയാണ്.

1. വായന
2. ഏകാന്തത
3. ധ്യാനത്താലുള്ള നമസ്കാരം
4. ധ്യാനം (നാലിലെങ്കിലും അതായത് ശാന്തപ്രാർത്ഥനയിലെങ്കിലും എത്തണം)

**ഒന്നാം ഘട്ടം : വായന**

**നിർദ്ദേശങ്ങൾ :**

- പ്രയോജനമില്ലാത്ത സംസാരത്തിനും മറ്റും അല്പ സമയം പോലും കളയരുത്. ക്രമപ്രകാരമുള്ള ഉല്ലാസം കഴിഞ്ഞ് കിട്ടുന്ന നേരം ജ്ഞാനവായനയിൽ ചെലവഴിക്കണം.[101]

- പുണ്യവഴിയിൽ നടക്കുവാനും മുന്നേറുവാനും അതിൽ നില നിൽക്കാനും സഹായിക്കുന്ന ഉറപ്പുള്ള മാർഗ്ഗം അറിവും ഭക്തിയും അന്വേഷിക്കുന്ന വായനയാണ്.[102]

- "ഞാൻ അന്വേഷിക്കാതെതന്നെ ഒരു പുസ്തകം കണ്ടെത്തി യിരിക്കുന്നു. സന്യാസ അന്തസ്സിനെക്കുറിച്ചുള്ളതാണ്. അതിന്റെ ഉന്നത പദവികളിൽ ചെന്നെത്തി ഈശോതമ്പുരാ നോട് ഒന്നുചേരാൻ സഹായിക്കുന്ന ഒരു അഭ്യാസ പുസ്തക മാണിത്. ഈശോമിശിഹാ നിങ്ങൾക്കായി അയച്ചിരിക്കുന്നു എന്നോർക്കുക" [103]

- ഇന്നുതന്നെ എല്ലാവരേയും വിളിച്ചിരുത്തി-ഉല്ലാസസമയത്താ യാലും ഇതിന്റെ പതിനൊന്നു ഖണ്ഡികയെങ്കിലും വായിച്ചു കേൾപ്പിക്കുക.[104]

- ഒരു ചെറിയ തമിഴ് പുസ്തകം ഇന്നലെ ഒരു മുറിയിൽ കണ്ടെ ത്തി. തുറന്നുനോക്കിയപ്പോൾ കന്യാസ്ത്രികളുടെ ജീവിത രീതിയെക്കുറിച്ചുള്ളതാണെന്ന് മനസ്സിലായി. ഇത് നിങ്ങൾ ക്കായി ദൈവം കൊടുത്തയച്ചതത്രെ എന്ന ബോധ്യത്താൽ ഉടനെതന്നെ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തു. നിങ്ങൾ എല്ലാവരും ജ്ഞാനവായനയായി ഒരു പ്രാവശ്യമെങ്കിലും ഇതു മുഴുവനും നല്ലവണ്ണം വായിച്ചു മനസ്സിലാക്കണം.[105]

- നമ്മുടെ പൈതങ്ങൾ (ബോർഡിംഗ് കുട്ടികൾ) ഇപ്പോൾ തമിഴ് പഠിക്കുന്നുണ്ടല്ലോ, അവർക്ക് എളുപ്പത്തിൽ മനസ്സിലാക്കു ന്നതിന് മലയാളവും തമിഴും - രണ്ടുംകൂടെ ഉണ്ടായാൽ നല്ല തെന്ന് കരുതി, കണ്ടുകിട്ടിയ തമിഴ് പുസ്തകവും കൊടുത്ത യക്കുന്നു. രണ്ടും ശ്രദ്ധയോടെ വായിച്ചുകൊള്ളണം.[106]

- സിസ്റ്റേഴ്സിനെ തമിഴ്ഭാഷ പഠിപ്പിക്കുന്നു.

ലത്തീൻ ഭാഷ നിങ്ങളെ പഠിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചെ ങ്കിലും, ഒരു വിധത്തിലും സാധിക്കുന്നില്ല... അതിനാൽ നിങ്ങൾ തമിഴ് വായിക്കാൻ നല്ലവണ്ണം അഭ്യസിക്ക്. എന്തുകൊണ്ടെ

ന്നാൽ തമിഴിൽ ആത്മീയഗ്രന്ഥങ്ങൾ ധാരാളമുണ്ട്. ഇനിയും ഉണ്ടാകാം.[107]

- ഇനി തമിഴ് വായിക്കാനോ, പഠിക്കാനോ എന്തു പുസ്തകമാണ് വേണ്ടതെന്ന് എനിക്ക് എഴുതിയാൽ അതും കൊടുത്ത യയ്ക്കാം. [108]

- സിസ്റ്റേഴ്സ് ആവശ്യപ്പെട്ട പുസ്തകങ്ങൾ കൊടുത്തയക്കുന്നു.

ശ്രേഷ്ഠത്തിയമ്മയുടെ ആഗ്രഹപ്രകാരം 'ആതിചുവടി' എന്ന ഗ്രന്ഥവും, സി. ക്ലാര ആവശ്യപ്പെടുന്നതനുസരിച്ച് വ്യാകുലപ്രസംഗം എന്ന ഗ്രന്ഥവും കൊടുത്തുവിടുന്നു. വീണ്ടും ശ്രേഷ്ഠത്തിയമ്മ ചോദിച്ച വണക്കമാസ പുസ്തകം അന്വേഷിച്ചെങ്കിലും കണ്ടുകിട്ടിയില്ല. അതിനാൽ, യാതൊരു ക്രമവും നിങ്ങൾക്ക് ഇല്ലാത്തതിനാൽ ആഗ്രഹി ക്കുന്നതുപോലെ മാതാവിനെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും പറ്റുന്നില്ലല്ലോ എന്ന മനോദുഃഖം നിങ്ങൾക്ക് ഉണ്ടാകാതിരിക്കാൻ ഞാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 'ജ്ഞാനപീയുഷം' എന്ന പുസ്തകം കൊടുത്തയക്കുന്നു. അതിന്റെ അവസാനഭാഗത്ത് മെയ് മാസ വണക്കമുണ്ട്. ഇത് മെയ് 31 കഴിയുമ്പോൾ ജൂൺ 1-ന് എനിക്ക് കൊടുത്തയയക്കണം (അതിനിടയിൽ ഞാൻ മരിച്ചുവെങ്കിൽ, കൊടുത്തയക്കേണ്ട, നിങ്ങൾക്കിരിക്കട്ടെ).[109]

### രണ്ടാം ഘട്ടം : ഏകാന്തത

**നിർദ്ദേശങ്ങൾ :**

അറിവും തെളിവും അല്ല, അറിവും ഭക്തിയും ആഗ്രഹിച്ച് കർത്താ വിന്റെ പീഡാനുഭവം, വിശുദ്ധരുടെ ചരിത്രം തുടങ്ങിയവ വായിക്കു ന്നവർ ഏകാന്തതയിൽ സന്തോഷിക്കും.[110]

ഇതാ ഈശോമിശിഹായുടെ പെട്ടകത്തിൽ എന്റെയും നിങ്ങളു ടേയും ഹൃദയങ്ങളെ ഒരുമിച്ച് ചേർത്തുവച്ച് ഞാൻ പൂട്ടിയിരിക്കുന്നു. ഉയിർപ്പുതിരുനാൾവരെ അവിടെ പാർത്തുകൊൾക".[111]

"മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ഈശോയെ കാണുന്ന തുവരെ, ദൈവമാതാവിനോടും മറ്റ് മൂന്നു മേരിമാരോടുംകൂടെ

സഹനങ്ങളും ഉയിർപ്പിന്റെ സന്തോഷവും ധ്യാനിച്ച് കാത്തിരിക്കുവിൻ. കർത്താവിന്റെ പീഢാനുഭവത്തെക്കുറിച്ചും ഉയിർപ്പിന്റെ സന്തോഷത്തെക്കുറിച്ചും ധ്യാനിച്ച് അവിടുത്തോട് ചേർന്നിരിക്കുക."[112]

## നിയോഗശുദ്ധിയും ഏകാന്തതയും

### അനുസരണവ്രതത്തിലൂടെ[113]

- ചൊൽവിളി വഴിയായി തമ്പുരാൻ സ്വയം കല്പിക്കുകയാണ്. അതായത് അനുസരണത്തെ പ്രതി ചെയ്യുന്നതെന്തും പുണ്യമാകുന്നു; സുകൃതങ്ങളാകുന്നു. കാരണം സ്വന്തം ഇഷ്ടമനുസരിച്ചല്ല അനുസരണയാലാണ് ചെയ്യുന്നത്. ഇതുതന്നെ ദൈവതിരുമനസ്സാലെ യോഗ്യതയുള്ളതാകുന്നു. എന്നാൽ സ്വന്തമനസ്സിനെ തൃപ്തിപ്പെടുത്താൻ ചെയ്യുന്നവർക്ക് ഈശോയെ ലക്ഷ്യമാക്കി ജീവിക്കുക സാദ്ധ്യമല്ല. ഏകാന്തതയൊ മൗനമോ ഉണ്ടാകയില്ല. "ഓ! സ്വന്തമനസ്സനുസരിച്ചു മാത്രം ചെയ്യുന്നതിനാൽ എത്രയും ശുദ്ധമുള്ള പുണ്യപ്രവർത്തികൾപോലും എത്രയോ പ്രാവശ്യം നഷ്ടമായിരിക്കുന്നു"

### ബ്രഹ്മചര്യവ്രതത്തിലൂടെ

"അവിടുത്തെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ ആനന്ദിപ്പിൻ."[114] ഈ ആനന്ദം അനുഭവിപ്പാൻ തക്കവണ്ണം മുറി വൃത്തിയായും ക്രമമായും സൂക്ഷിക്കുക. അനുവാദമില്ലാത്തവയൊന്നും, ആവശ്യത്തിലധികമായതൊന്നും അവിടെ ഉണ്ടാകരുത്. അങ്ങനെ സംഭവിച്ചാൽ ഈശോയൊടൊത്തുള്ള ഏകാന്തതയുടെ സന്തോഷം ഇല്ലാതാകും.

### ദാരിദ്ര്യവ്രതത്തിലൂടെ

"എന്നെ നീ നോക്കുക, ഞാൻ നിന്നെ സന്തോഷിപ്പിക്കുന്നതിലും അധികം ആ വസ്തു നിന്നെ സന്തോഷിപ്പിക്കുമൊ? ഇത് ദുഃഖമോ ക്ലേശമോ? എങ്കിൽ നീ എന്തുകൊണ്ട് ക്ലേശിക്കുന്നു? ഞാൻ നിന്നെ സന്തോഷിപ്പിക്കും. അത് നിനക്ക് പോരെ?"[115]

ഈശോയെക്കാൾ കൂടുതൽ ഒരു വസ്തുവിനൊ, നല്ല പേരിനോ

പ്രശസ്തിക്കോ... കൂടുതൽ സ്ഥാനം കൊടുത്താൽ മനസ്സിന് ക്ലേശവും ദുഃഖവുമായിരിക്കും. ഏകാഗ്രതയൊ, ഏകാന്തതയോ ഉണ്ടാകയില്ല ദൈവമഹത്വമൊ, ദൈവൈക്യമോ സാധ്യമല്ലാത്ത അവസ്ഥയിലാകും.

**സമൂഹജീവിതത്തിൽ ഏകാന്തസല്ലാപം**

- മറ്റുള്ളവരുടെ പുണ്യങ്ങളോർത്ത് സന്തോഷിക്കുക.[116]

സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ ഓർത്തിരിക്കേണ്ട, അതിൽ സന്തോഷിക്കയും വേണ്ട, മറിച്ച് വിശുദ്ധാത്മാക്കളുടെ പുണ്യങ്ങളും പ്രായശ്ചിത്തങ്ങളും ഓർത്ത് സന്തോഷിക്കുക. അങ്ങനെ അവ നമ്മുടേതായി ദൈവത്തിന് സമർപ്പിക്കുക. മുൻവിധിയും കുറ്റംപറച്ചിലും മറ്റും മനസ്സിന് ഏകാഗ്രത ഇല്ലാതാക്കും. വിമർശനത്തിന്റെ ദുരാത്മാവ് നമ്മിലുണ്ടെങ്കിൽ സമൂഹജീവിതവും പ്രേഷിതരംഗങ്ങളും തകർന്നു പോകും - സംശയമില്ല.

ഓരോരുത്തരേയും ഏൽപ്പിച്ചിരിക്കുന്ന ജോലി അവരവർ നോക്കണം. അന്വേഷണങ്ങൾ ശ്രേഷ്ഠന്മാർക്ക്... സമൂഹാംഗങ്ങൾ അനുസരണം, എളിമ, ഉപവി എന്നിവ അഭ്യസിക്കാൻ ഉത്സാഹിക്കുക. അൽപനേരംപോലും വെറുതെ കളയരുത്. ഇതിന്റെ വില എത്ര അധികമാണെന്നോർക്കുക [117]

**ദൈവത്തോടൊരു പറഞ്ഞൊപ്പ്**

ജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾ അൽപ്പംപോലും നഷ്ട പ്പെടുത്താതിരിക്കാനുള്ള വഴികളാണ് സ്ഥാപകൻ നിർദ്ദേശിക്കുന്നത്.

നമുക്ക് ദൈവത്തോട് ഇപ്രകാരം ഒരു പറഞ്ഞൊപ്പ് ചെയ്യാം.[118] നമ്മുടെ നാഡിഞരമ്പുകളുടെ ഇളക്കങ്ങൾ, കണ്ണുചിമ്മൽ, ശ്വാസോ ച്ഛ്വാസം, പക്ഷി പറവകളുടെ സ്വരങ്ങൾ എന്നിവയെല്ലാം നമ്മുടെ അർത്ഥ നകളായി ദൈവത്തിന് സമർപ്പിക്കുക, ഓരോന്നോരോന്ന് തിരിച്ചും എല്ലാം ഒരുമിച്ചും.

ഈ സമർപ്പണം ആവർത്തിക്കുമ്പോൾ, നിയോഗശുദ്ധിയുടെ മാറ്റ് വർദ്ധിക്കും. ഏകാന്തതയുടെ ആനന്ദം വർദ്ധിച്ചുവരും.

- ഇവയെല്ലാം കർത്താവിന്റെ പ്രവൃത്തിയോടു ചേർത്ത് സമർപ്പിക്കുക. ഇതുവഴി നമ്മുടെ കുറ്റങ്ങൾ മാഞ്ഞുപോകുന്നു. വളരെയേറെ പുണ്യസമ്പത്തും ലഭിക്കുന്നു.
- ഇതൊക്കെയും ഇരട്ടിക്കാം. ഉദാഹരണത്തിന്, എന്റെ ഇടത്തെ കാലിൽ നാഡി ഇളകുമ്പോൾ ഞാനിങ്ങനെ പ്രാർത്ഥിക്കുന്നു: കർത്താവേ, അങ്ങെ ഇടത്തെ കാലിലെ തിരുമുറിവിൽ നിന്നൊഴുകിയ തിരുരക്തത്താൽ എന്റെ ഇടത്തെ കാലുകൊണ്ടു ചെയ്ത പാപങ്ങളെല്ലാം നീ കഴുകിക്കളയണമേ എന്ന നിയോഗം വച്ചിരിക്കുന്നു.
- ഈ നാഡിയിളക്കം കർത്താവിന്റെ തൃക്കാലുകൾ ഇളകിയ അർത്ഥവും നൽകിയിരിക്കുന്നു.
- ഇത് ഇരട്ടിക്കുക. അതായത് ഒന്നാമത്തെ ഇളക്കത്തിന് സകലവിശുദ്ധരുടെയും സൽകൃത്യങ്ങൾ ഓർത്ത് അപേക്ഷിക്കുന്നു. രണ്ടാമത്തേതിന് അതിനെ ഇരട്ടിക്കുന്നു. മൂന്നാമത് വീണ്ടും ഇരട്ടിക്കുന്നു. ഇങ്ങനെ എല്ലാറ്റിനും ഇരട്ടിച്ചതായി നിയോഗം വയ്ക്കുക. എല്ലാം ഓർത്ത് കാഴ്ച വയ്ക്കുക. പിന്നീട് ദിവസവുംപ്രതി ഓർമ്മകൊണ്ട് പുത്തനാക്കിയാൽ മതി.

ചേർത്തു കാഴ്ചവെയ്ക്കൽ നമ്മുടെ ജീവിത ശൈലിയാക്കി മാറ്റിയാൽ, ഒരു ചിന്ത/ഒരു ഓർമ്മ കൊണ്ട് നിയോഗം പൂർത്തിയാക്കാം. ഈശോയുമായുള്ള ഏകാന്ത സല്ലാപത്തിൽ ലയിച്ചിരിക്കാം.

**വാചിക പ്രാർത്ഥന - ചേർത്തുകാഴ്ച വെയ്ക്കൽ**[119]

"കർത്താവേ എന്നെ അനുഗ്രഹിക്കണമെ" എന്നു ഞാൻ പ്രാർത്ഥിക്കുമ്പോൾ, എല്ലാ മഠങ്ങളിലുമുള്ള പ്രാർത്ഥനാ മുറികളിൽ ചെയ്യുന്ന എല്ലാ അപേക്ഷകളുടെയും നിയോഗം വച്ചിരിക്കുന്നു. കർത്താവിനോട് വ്രതം ചെയ്തുകൊണ്ട്, "കർത്താവേ, എന്നെ അനുഗ്രഹിക്കണമെ" എന്ന ഒരു ജപം ചൊല്ലുമ്പോൾ അവരുടെ എല്ലാവരുടേയും പ്രാർത്ഥനകളുടെ പങ്ക് നമുക്ക് കിട്ടും. മൗതിക ശരീരത്തിന്റെ ശിരസ്സായ മിശിഹായിൽ മനസ്സ് ഏകാഗ്രമാകും.

## മൂന്നാം ഘട്ടം : ധ്യാനത്താലുള്ള നമസ്കാരം

ദൈവൈക്യത്തിലേയ്ക്കുള്ള മാർഗ്ഗം സുതാര്യമാക്കുകയാണ് ഇതിന്റെ പ്രവൃത്തി. അതായത് പുണ്യാഭ്യസനത്താലും (പ്രത്യേകമായി ദൈവിക പുണ്യങ്ങൾ) പ്രാർത്ഥനാഭ്യസനങ്ങളാലും മഠത്തെ ഒരു പുണ്യസങ്കേതമാക്കുക. സ്വന്തം ആത്മാവിനെയും ഹൃദയത്തെയും വിശുദ്ധീകരിക്കുക. വേദഗ്രന്ഥപഠനങ്ങളാൽ, ദർശന ഭവനത്തിൽ വസിക്കുന്നവരും ദർശനക്കാരും ആകുക. താപസികത സ്വന്തം ജീവിതശൈലിയാക്കുക.

## നാലാം ഘട്ടം : ധ്യാനം ഉന്നതപദവിയിലേയ്ക്ക് (ഹോസിയ 2:14).

**മാർഗ്ഗങ്ങൾ**[120]

i **"ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ"** (യോഹ.15:4 & 14:23; 1 യോഹ. 4:10-11)

നമുക്ക് പാർക്കാനുള്ള കൂടാരം ഈശോമിശിഹായുടെ സ്നേഹം കൊണ്ട് ഉണ്ടാക്കുക. ഈ സ്നേഹത്തിൽ പാർക്കേണ്ട വ്യക്തി ഞാനാണ്. എന്റെ ഹൃദയത്തിൽ, പഞ്ചേന്ദ്രിയങ്ങളിൽ, ശരീരത്തിന്റെ ഓരോ അണുവിലും, കൂടാതെ എന്റെ ബുദ്ധി-ചിന്തകൾ, ഓർമ്മ, മനസ്സിന്റെ തലങ്ങൾ, ഭാവന, മനോഭാവങ്ങൾ വികാരങ്ങൾ... എല്ലാം ഇശോമിശിഹായുടെ സ്നേഹംകൊണ്ട് നിറയണം (വി. കുർബാന സ്വീകരണശേഷമുള്ള അവസ്ഥ അതാണ്/അങ്ങനെയാകണം). അതായത്, ഈശോമിശിഹായുടെ സ്നേഹത്താൽ ബന്ധിതമായ അവസ്ഥ എന്നിൽ സംജാതമാകണം. വി. കുർബായിൽ പങ്കുകൊണ്ട്, വി. കുർബാന സ്വീകരിച്ച് ദൈവൈക്യത്തിന്റെ ഈ പടിയിലെത്താനാണ് സ്ഥാപകൻ ആവശ്യപ്പെടുന്നത്.

വി. കുർബാനയുടെ തിരുനാളിനോടനുബന്ധിച്ചു സ്ഥാപകൻ നല്കിയ ഉപദേശം ശ്രവിക്കുക.[121] "ഹാ! എന്റെ കുഞ്ഞുങ്ങളെ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. അടുത്ത എട്ടു ദിവസം മുടങ്ങാതെ മാറിമാറി ഒരു സിസ്റ്ററെങ്കിലും ദിവസവും വി. കുർബാന സ്വീകരിച്ച്, കർത്താവിന്റെ സ്നേഹത്തെക്കുറിച്ച് ധ്യാനിക്കുക"

ചാവറ പിതാവിന്റെ ദിവ്യകാരുണ്യഭക്തിയെക്കുറിച്ചുള്ള പഠനം ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കാൻ ഏറെ സഹായകമായിരിക്കും.

ii എപ്പോഴും കൺമുമ്പിലിരിപ്പിൻ

ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കുന്നവർക്ക് സദാ അവിടുത്തെ കൺമുമ്പിലിരിക്കാൻ ബുദ്ധിമുട്ടുണ്ടാകയില്ല. ഈശോ എന്നെ കാണുന്നതുപോലെ ഞാൻ ഈശോയേയും കണ്ടുകൊണ്ടിരിക്കും. ആത്മാനുതാപം മൂന്നാം പാദത്തിൽ സ്ഥാപകന്റെ ഈ ദർശനദാഹം നിറഞ്ഞുനിൽക്കുന്നതും, തുടർന്നുള്ള പാദങ്ങളിൽ, ദാഹത്തോടെ ദർശിച്ചുകൊണ്ടിരിക്കുന്നതും നമ്മൾ കണ്ടതാണല്ലോ. (പേജ് 41-43)

iii അരികെ നടപ്പിൻ

ദൈവപരിപാലനാനുഭവത്തിന്റെ, ദൈവാശ്രയബോധത്തിന്റെ ഏറ്റവും ഉയർന്ന പദവിയാണിത് (സങ്കീ. 23:2). വിഷമഘട്ടങ്ങളിൽ മാത്രമല്ല, സദാസമയം അവിടുത്തെ അരികെ നടക്കുക. അവിടുന്ന് നമ്മോടുകൂടെയുണ്ട് (നിയമാവർത്തനം 4:7).

(അപ്പന്റെ തണലിൽ, അവിടുത്തെ അരികിൽ നടക്കുന്നവൻ ധ്യാനാത്മകജീവിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങുന്നുവെന്ന് ചാവറയച്ചൻ തന്റെ ജീവിതംകൊണ്ട് സാക്ഷിക്കുന്നു).

iv തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ

നമ്മിൽവസിക്കുന്ന ദിവ്യാതിഥിയുമായുള്ള സഹവാസം എങ്ങനെയായിരിക്കണമെന്ന് വി. അമ്മത്രേസ്യ ഉപദേശിക്കുന്നു. (സുകൃതസരണി 29-4, 5, 6, 7). കർമ്മലയ്ക്ക് പൈതൃകമായി ലഭിച്ച ഒരു വരമാണ് ഈ സഹവാസബോദ്ധ്യവും സംഭാഷണവും. സി.എം.സി. ചൈതന്യത്തിന്റെ അന്ത:സത്തയാണിത്. ജോലി ബഹുലതയിലുള്ളവർക്ക് ഈ വരം കൂടിയെ തീരൂ.

v മണവാളനൊത്തുള്ള സല്ലപിക്കൽ

"ഏകാന്തതയെ പുൽകുന്നതിൽ ആനന്ദമടയുന്ന ആത്മാവിനെ ഏകാന്തതയിൽ സന്ധിക്കുവാൻ ഈശോമിശിഹാ ഏകാന്തത്തിൽ എഴുന്നള്ളിവന്ന് ആത്മാവിനോട് സല്ലപിച്ചുതുടങ്ങും.

a) മണവാട്ടിക്ക് ഭാഷ മനസ്സിലാകുന്നില്ലെങ്കിൽ:

"അപ്പോൾ ഈ മണവാട്ടിയെ തന്റെ വീഞ്ഞു മുറിയിൽ കയറ്റി കുറെ വീഞ്ഞ് പകർന്നുകൊടുക്കും" വി. അമ്മത്രേസ്യയുടെ ഭാഷയിൽ (ആഭ്യന്തരഹർമ്മ്യം 5-2-12). "ദൈവം അവളെ തന്റെ വീഞ്ഞറയിൽ പ്രവേശിപ്പിച്ച് അവളിൽ ഉപവി ചൊരിഞ്ഞു" (ഉത്തമ. 2:4). അവളിപ്പോൾ ദൈവതൃക്കരങ്ങളിൽ ആത്മാർപ്പണം ചെയ്തു കഴിഞ്ഞിരിക്കുന്നു. അവിടുത്തെ ഇഷ്ടംപോലെ അവളോട് പെരുമാറിക്കൊള്ളട്ടെയെന്നല്ലാതെ അവൾക്ക് വേറെ ലക്ഷ്യമൊ താൽപര്യമോ ഒന്നുമില്ല.

b) മണവാട്ടി അധികം സ്നേഹിക്കാൻ തുടങ്ങും

"ആരംഭത്തിൽ അല്പം വീഞ്ഞുമാത്രം. അത് രസപ്രദമാകുമ്പോൾ മണവാളന്റെ സംസാരഭാഷ മനസ്സിലാകാൻ തുടങ്ങും. മനസ്സിലാകുന്നുവെന്ന് മണവാളൻ കാണുമ്പോൾ, പിന്നെ കൂടുതൽ വ്യക്തമായി സംസാരിക്കും. തന്റെ സ്നേഹം എത്ര വലുതാണെന്ന് കാണിക്കും. അപ്പോൾ മണവാട്ടിയും അധികം സ്നേഹിക്കാൻ തുടങ്ങുന്നു.

c) ആഭരണങ്ങൾ നൽകുന്നു[122]

"ഈ സ്നേഹത്തിൽ മണവാളൻ സന്തോഷിച്ച്, മണവാട്ടിക്ക് ചില ആഭരണങ്ങൾ നൽകുന്നു... ഇവിടെ ദൈവൈക്യത്തിന്റെ വാതിൽ തുറക്കുകയായി. പിന്നെ ഭയമില്ല".

**ധ്യാനസല്ലാപങ്ങൾ എന്ന ഗ്രന്ഥത്തിൽ ധ്യാനത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളവ:**

വി. അമ്മത്രേസ്യാ ആണ് ചാവറയച്ചന്റെ ധ്യാനഗുരുനാഥ. "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യ

തയില്ല" എന്ന് പറയുന്നുവൊ? അമ്മത്ര്യേസ്യായുടെ ഭാഷയിൽ അത് നിഗളം ആണ്.

കർമ്മലയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവർക്കെല്ലാം ഉയരപ്പെട്ട പുണ്യവും വലിയ ധ്യാനവും അവകാശപ്പെട്ടതാണ്. (കർമ്മലയിലേക്ക് ഞാൻ നിങ്ങളെ നയിച്ചത് അതിന്റെ ഫലങ്ങൾ ആസ്വദിക്കുന്നതിനും നന്മകൾ അനുഭവിക്കുന്നതിനുമാണ് എന്ന് ദിവസവും ചൊല്ലുന്നുണ്ടല്ലൊ)

ഈ അവകാശം -ധ്യാനവരം-ചോദിച്ചു വാങ്ങണം. അല്ലെങ്കിൽ കല്യാണവസ്ത്രം ചോദിച്ചു വാങ്ങാതെയും ധരിക്കാതെയും ഇരുന്ന വ്യക്തിക്ക് കിട്ടിയ ശിക്ഷതന്നെ നമുക്കും കിട്ടും. കയ്യും കാലും കെട്ടി ഇരുട്ടിലേക്ക് തള്ളും.

ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന് സംസാരിക്കയത്രെ ഇതിന്റെ പ്രവൃത്തി.

സ്നേഹിതനോടുള്ള സംസാരമാകയാൽ വിഷയദാരിദ്ര്യമുണ്ടാകയില്ല.

ഭാഷയറിയാത്തതിനാൽ ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ലെങ്കിലും സ്നേഹിതന്റെ ചാരെ ഇരിക്കുന്നതുതന്നെ ഏറെ സന്തോഷം. ഈ സ്നേഹം തരുവിക്കാനായി വി. അമ്മത്രേസ്യയോട് പ്രാർത്ഥിക്കുക (പേജ് 13-15).

*"ഞങ്ങളുടെ പിതാവ് പ്രിയോരച്ചൻ ഞങ്ങൾക്ക് ലത്തീൻ പഠിപ്പിക്കുന്നതിനും ഗുരു കൂടാതെ പഠിപ്പാൻ മലയാളവും ലത്തീനും കൂടെ അച്ചടിപ്പിച്ച് നാല് പുസ്തകം, ഒന്ന്, എദുക്കന്താത്തിൽ മുതിർന്ന പൈതങ്ങൾക്ക് പഠിപ്പാനും, മറ്റു മൂന്ന് ഞങ്ങൾക്ക് പഠിക്കുന്നതിനും തന്ന്, എഴുതാനും വായിപ്പാനും കാട്ടിയും ചൊല്ലിയും തന്നു; ഞങ്ങൾ കുറേശ്ശെ പഠിച്ചു തുടങ്ങി"*

*(കൂനമ്മാവ് നാളാഗമം. വാല്യം 1, പേജ് 152)*

# ഒൻപത്



## സ്ഥാപകൻ
## സ്നേഹവും വാത്സല്യവും നിറഞ്ഞ പിതാവ്

സർവ്വേശ്വരൻ തന്റെ ചുമതലയിൽ ഏല്പിച്ചിട്ടുള്ള മക്കളെ ദൈവൈക്യത്തിന്റെ പടിവാതിൽ വരെ എത്തിക്കുക എന്ന കർത്തവ്യം നിർവ്വഹിക്കുന്നതിൽ ഏറെ ശ്രദ്ധാലുവായിരുന്നു ചാവറയച്ചൻ. ദൈവൈക്യത്തിന്റെ അടുത്ത പടികളിലേക്ക് 'അപ്പൻ'തന്നെ നയിച്ചുകൊള്ളും എന്ന് അദ്ദേഹത്തിന് ഉറപ്പുണ്ട്. "അമ്മ ത്രേസ്യ ഏഴാം സദനത്തിലെത്തി; കൂടെയുണ്ടായിരുന്നവർ അഞ്ചും, ആറും കേറി നമ്മൾ നാലിലെങ്കിലും എത്തണം[123] എന്ന് മക്കളെ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ.

മഠത്തിൽചെന്ന് സിസ്റ്റേഴ്സിനോട് സംസാരിക്കുമ്പോൾ പ്രൊവിൻഷ്യൽ ഡലഗേറ്റായ ലെയോപോൾഡ് മൂപ്പച്ചനെ ബഹുമാനിച്ച്, വിധേയത്വത്തോടെ നീങ്ങിനില്ക്കുന്ന ചാവറയച്ചൻ, കത്തുകളിലൂടെ സ്ഥാപകൻ എന്ന നിലയിലുള്ള തന്റെ ദൗത്യം പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നു, ജീവിത സാക്ഷ്യത്തിലൂടെ മാതൃക നൽകുന്നു.

ii) ആരാധനാക്രമ സംബന്ധമായ കാര്യങ്ങൾ ചാവറ പിതാവുതന്നെ നിർവ്വഹിക്കുന്നതായി കത്തുകളിലൂടെ, നാളാഗമങ്ങളിലൂടെ വ്യക്തമാക്കാം.

- ത്രികാലജപം (ഉയിർപ്പ് മുതൽ പരി. ത്രിത്വത്തിന്റെ തിരുനാൾവരെ) [124]

- കാനോന നമസ്കാരം ചൊല്ലേണ്ട ക്രമം പഠിപ്പിക്കുന്നു.[125]
- ഊട്ടുമുറി നമസ്കാരം തുടങ്ങുന്നു.[126]
- ലുത്തിനിയ ചൊല്ലാൻവേണ്ടി എഴുതികൊടുക്കുന്നു.[127]
- ശ്ലോംലേക് പാടാൻ പഠിപ്പിക്കുന്നു.[128]
- വിശുദ്ധ വാരത്തിലെ കുരിശുവര നടത്താൻ മഠത്തിലേക്ക്.[129]
- സ്ഥൈര്യലേപന പരിപാടികൾ.[130]
- കോന്തുരുത്തി മറിയത്തിന്റെ സഭാവസ്ത്രധാരണ പരിപാടികൾക്കുള്ള കർമ്മാനുഷ്ഠാനങ്ങളെല്ലാം എഴുതിയുണ്ടാക്കുന്നു, കാർമ്മികനും ചാവറതന്നെ.[131]

പനമ്പു മഠത്തിന്റെ വെഞ്ചരിപ്പുദിവസം "ഞാൻ സുറിയാനിയിലും, ലെയോപോൾഡച്ചൻ ലത്തീനിലും സ്തോത്രഗീതം പാടി" [132]കൊണ്ട് സുറിയാനി-ലത്തീൻ ഐക്യം ദൃഢപ്പെടുത്തുവാനും ചാവറയച്ചൻ ശ്രമിക്കുന്നുണ്ട്.

## a) സ്ഥാപകന്റെ ഒരു ഉപദേശം

കാനോന നമസ്കാരം ചൊല്ലുമ്പോൾ ശ്രദ്ധിക്കേണ്ടവ:[133]

- ശേഷം നമസ്കാരങ്ങളൊക്കെക്കായിലും അധികം ഫലമുള്ളതാകുന്നു എന്ന് ഓർത്ത് ഭക്തിയോടെ ചൊല്ലുക.
- ഹന്നാൻ വെള്ളത്താലെ, നമ്മിലുള്ള അല്പമായ കുറ്റങ്ങളൊക്കെയും നീക്കണമെ എന്നപേക്ഷിക്കുക.
- സ്വർഗ്ഗത്തിലുള്ള സകല മാലാഖമാരും, വിശുദ്ധന്മാരും, ഭൂമിയിലുള്ള ശുദ്ധമാക്കപ്പെട്ടവരും, കൂടെ പ്രാർത്ഥിക്കുന്നവരുടെ (കൂടപ്പിറപ്പുകളുടെ) കാക്കുന്ന മാലാഖമാരും കർത്താവിനെ സ്തുതിക്കുന്നു; അവരുടെ സ്തുതികളോടുകൂടെ ഞാനും ഈ

നമസ്ക്കാരത്തെ ചേർത്തുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നുവെന്ന് ഓർക്കുക.

- നമസ്കാരം തുടങ്ങുമ്പോൾ ഓരോ മൊഴികളുടെ അർത്ഥം ഓർത്ത് ചൊല്ലുകയും, കർത്താവിന്റെ പീഢാനുഭവത്തോട് ചേർത്ത് കാഴ്ച വെയ്ക്കുകയും ചെയ്യുക.

b) **അദ്ധ്യാത്മിക കാര്യങ്ങൾ മാത്രമല്ല, സിസ്റ്റേഴ്സിനാവശ്യമായ ഏതുകാര്യവും സാധിച്ചുകൊടുക്കുവാൻ സ്ഥാപകൻ തയ്യാറായിരുന്നു.**

- കുളത്തിലെ വെള്ളം മോശമായപ്പോൾ കിണർ കെട്ടിക്കുന്നു.[134]
- നികുതി കൊടുക്കാൻ പണമില്ലാതെ വിഷമിച്ചിരുന്നപ്പോൾ കടം വാങ്ങി 120 രൂപ കൊടുക്കുന്നു.[135]
- പറമ്പിലെ ജോലികൾ ചെയ്യേണ്ടവിധം മനസ്സിലാക്കി കൊടുക്കുന്നു. [136]
- കണക്കുകൾ കൃത്യമായി എഴുതാൻ സിസ്റ്റേഴ്സിനെ നിർബന്ധിക്കുന്നു. [137]
- ക്രാഫ്റ്റ് പഠിപ്പിക്കാൻ മുത്തിയെ കിട്ടിയതിലുള്ള സന്തോഷം അറിയിക്കുന്നു. [138]

ഒരു സ്നേഹമുള്ള പിതാവിന് സ്വന്തം മക്കളോട് എല്ലാ വിശേഷങ്ങളും പറഞ്ഞാലെ തൃപ്തിയാകൂ. കത്തുകളിലൂടെ അറിയിച്ചതുതന്നെ ഉദാഹരണങ്ങളായിട്ടെടുക്കാം.

- കാർമൽ കൊവേന്തയിലെ ബർണ്ണർഡിൻ അച്ചന്റെ മരണം (VII/3) .
- കർമ്മലീത്ത ജനറാൾ ഡൊമിനിക് അച്ചന്റെ മരണം (VII/18).
- ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ രോഗവിവരങ്ങൾ സവിസ്തരം അറിയിച്ച് പ്രാർത്ഥന ആവശ്യപ്പെടുന്നു. (VII/15,16).
- സ്വന്തം രോഗങ്ങൾ മാത്രമല്ല ക്ഷീണം വന്നാൽപോലും മക്കളോട് പറയുന്നു. (VII/2,3,5,19-22).

- ബോർഡിംഗ് കുട്ടികളെക്കുറിച്ചുള്ള പരാമർശം സിസ്റ്റേഴ്സിന് എഴുതിയ ഭൂരിഭാഗം കത്തുകളിലും കാണുന്നു.

c) മക്കളുടെ അടുക്കൽ അന്ത്യയാത്ര പറയുവാൻ മൂന്നുവട്ടം വരുന്നതിന്റെ വിവരണങ്ങൾ വായിക്കുമ്പോൾ, അവർ തമ്മിലുള്ള സ്നേഹബന്ധം എത്ര ആഴപ്പെട്ടതാണെന്ന് വ്യക്തമാകും. ദീനത്തിന്റെ ക്ഷീണത്താൽ തളർന്ന് അവശനായിരിക്കുന്നു. എന്നിട്ടും, നൂലും ചായവും കൊണ്ടുവരുകയും ചായം മുക്കേണ്ടവിധം പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു. മൂന്നാം പ്രാവശ്യം വന്നുപോകുമ്പോൾ "ഞങ്ങളോടെല്ലാം യാത്ര ചൊല്ലി. എളിമയും ഭക്തിയും പ്രകാശിക്കുന്ന ഒരു പുഞ്ചിരിയോടുകൂടെ ഞങ്ങളുടെ പക്കലേക്ക് തിരിഞ്ഞ്. പതിവില്ലാത്തവിധത്തിൽ തലകുനിഞ്ഞ് ആചാരം ചെയ്ത്, വാഴ്വും തന്നുകൊണ്ടാണ് പോയത്" [139]

d) സ്ഥാപകൻ എഴുതിയ അവസാനകത്ത് (സ്വന്തം കൈപ്പടയിൽ) "പ്രിയ മക്കളെ, കർത്താവ് നിങ്ങളെ ആശീർവദിക്കട്ടെ. പ്രിയപ്പെട്ട മക്കളെ, ക്ഷമയ്ക്കായി പ്രാർത്ഥിക്കുക" [140]

g) സ്ഥാപകന്റെ അവസാന സന്ദേശം (ജരാർദ് മൂപ്പച്ചൻവഴി) "പുത്തനാണ്ടു പിറക്കുന്നു എന്നും, പുണ്യങ്ങളൊക്കെയും പുത്തനാക്കണമെന്നും, കർത്താവിന്റെ പുത്തൻ പിറവിയോടുകൂടെ അവരുടെ ജീവിതത്തെയും പുത്തനാക്കണമെന്നും, ഞാൻ അവർക്ക് വാഴ്വ് കൊടുത്തിരിക്കുന്നുവെന്നും അവരോട് പറയുക" [141]

സി.എം.ഐ. സഭയുടെ രണ്ടാം പ്രിയോർ സാക്ഷിക്കുന്നു: "യാക്കോബ് പിതാവ് കടശി പുത്രനായ ബെഞ്ചമിനെ അധികം സ്നേഹിച്ചതുപോലെ അവരെ (സിസ്റ്റേഴ്സിനെ) ഏറ്റമായി സ്നേഹിക്കയും. തള്ള മക്കളെ വളർത്തുന്നതുപോലെ അവരെ വളർത്തി പരിപാലിച്ചു വരികയും ചെയ്തിരുന്നു". [142]

മക്കളോടുള്ള സ്നേഹത്തെപ്രതി അദ്ധ്വാനിക്കുന്ന ഒരു പിതാവിന് സ്വന്തം ആരോഗ്യം നഷ്ടപ്പെടുന്നതിൽ പരിഭവമുണ്ടാകുമൊ? കൂനമ്മാവിൽ നമ്മുടെ മഠം പുതുക്കി പണിയുവാൻവേണ്ടി ധർമ്മം യാചിക്കാൻ പോയപ്പോഴാണ് ചേരാനല്ലൂർ വച്ച് വാതപ്പനി പിടിച്ച് ബോധം പോയതും, കിടപ്പിലായതും. തുടർന്നുള്ള കഠിനാധ്വാനത്തിൽ അദ്ദേഹത്തിന്റെ ആരോഗ്യം പെട്ടെന്ന് ക്ഷയിച്ചുപോയി. യാത്രാ

സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. ആ കാലഘട്ടത്തിൽ മലയാളത്തിലെ പള്ളികളിലും, ദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്ന ക്രൈസ്തവരുടെ മുമ്പിലും കൈകൾ നീട്ടാൻ നമ്മുടെ പിതാവ് മടിച്ചില്ല. "മഠത്തിന്റെ പണി തുടങ്ങുന്നതിന് കല്ലൂർക്കാട്ട് ചെന്ന് 100 രൂപ വാങ്ങിച്ച്, പുളിങ്കുന്നിലെ കൊവേന്തയുടെ പണിയും കണ്ട് ചേന്നൻകരി വഴി... പിറ്റേ ദിവസം കാലമെ യാത്ര പുറപ്പെട്ട് മുട്ടത്തും അർത്തുങ്കലും മേലെ ഴുതിയ ധർമ്മത്തിനായിട്ട് കരേറി ധർമ്മവും വാങ്ങി പോയി".[143]

പിടിയരികൊണ്ടും ദാനധർമ്മംകൊണ്ടും പണിതുതീർത്ത കൂനമ്മാവു മഠം ലത്തീൻകാർക്ക് കൊടുക്കാത്തതിനാൽ ഉണ്ടായ വിപ്ലവത്തെക്കുറിച്ച് കൂനമ്മാവ് മഠം നാളാഗമം വാല്യം 2, പേജ് 131-136ൽ രേഖപ്പെടുത്തിയിട്ടുള്ളവ വായിക്കുക. (ഈയിടെയായി സി.റ്റി.സി.ക്കാർ ഈ വിവാദത്തെക്കുറിച്ച് എഴുതി പ്രസിദ്ധീകരിക്കുന്നവയ്ക്ക് ഉത്തരം പറയുവാൻ സി.എം.സി.ക്കാർ തയ്യാറാകുകയും വേണം).

### സി.എം.ഐ., സി.എം.സി. ബന്ധം

കൂനമ്മാവ് മഠത്തിന്റെ ആരംഭദശ ഉദാഹരണങ്ങൾ:

a) മഠത്തിന്റെ ആരംഭദശയിൽ പനമ്പു മഠത്തിലേയ്ക്ക് സിസ്റ്റേഴ്സിന്റെ ഉപയോഗത്തിനായി, കൂനമ്മാവ് കൊവേന്തയിൽനിന്നും "നമ്മുടെ പുതു സന്യാസികളുടെ നൊവിസ്യാത്തിൽ ഇരുന്ന ഉണർത്തു മണിയും... ശേഷവും കൊണ്ടുപോയി".[144]

b) മഠം പണിത സ്ഥലത്തിന്റെ ഒരു ഭാഗം കൊവേന്തയുടേതായിരുന്നു.[145]

c) ചാവറയച്ചന്റെ 'ആൺ മക്കൾക്കു' കൊടുക്കുന്നവയുടെ ഒരു പങ്ക് 'പെൺമക്കൾ'ക്കും കൊടുക്കുന്നതിലെ പിതൃസ്നേഹവായ്പ് നമ്മൾ കണ്ടതാണ് (പേജ് 73) കൊവേന്തയിൽ ധനപുഷ്ടിയൊ, ഭക്ഷണ സാധനങ്ങളുടെ സമൃദ്ധിയൊ ഉള്ള സമയത്തല്ല ചാവറ പിതാവ് തന്റെ ഔദാര്യമനസ്കത കാണിച്ചത്. കൊവേന്തയിലെ അച്ചന്മാർക്ക് അക്കാര്യത്തിൽ പരിഭവമൊന്നും ഉണ്ടായിരുന്നില്ല എന്ന് പിൽക്കാലചരിത്രം തെളിയിക്കുന്നു. മുത്തോലിമഠം പണിയുന്നതിന് രണ്ടാം പിയോർ ചെയ്ത കാര്യങ്ങൾ, ചാവറ പിതാവിന്റെ മരണശേഷം കൂനമ്മാവിലെ സിസ്റ്റേഴ്സിനെ സഹായിക്കാൻ ശ്രമിച്ചതിന്റെ പരിണതഫലങ്ങൾ തുടങ്ങിയവ അതിന് ഉദാഹരണങ്ങളാണ്.[146]

**മഹാരാജ സ്ത്രീകളെ!**

സാധാരണയായി ചാവറ പിതാവ് സിസ്റ്റേഴ്സിന് കത്തെഴുതുമ്പോൾ 'മക്കളെ' 'കുഞ്ഞുങ്ങളെ' എന്നൊക്കെയാണ് അഭിസംബോധന ചെയ്യുക. എന്നാൽ ചാവറപിതാവും സി.എം.സി. മക്കളും തമ്മിലുള്ള സ്നേഹബന്ധം അതിന്റെ ഔന്നത്യത്തിലെത്തുന്നത് "ഓ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ" എന്നുള്ള വിളിയിൽ ആണ്. അവിടെ, 'എന്റെ കർത്താവിലും, എന്റെ തമ്പുരാനിലും' തനിക്കുള്ള ബന്ധത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കിത്തരുന്നു. ഈ ആഴപ്പെട്ട ബന്ധത്തിൽനിന്നും ഉൽഭൂതമായ, തികച്ചും ആത്മീയമായ ഒരു ബന്ധമാണ് സിസ്റ്റേഴ്സിനോടുണ്ടായിരുന്നത്. സ്വാർത്ഥ സ്നേഹത്തിന്റെ നിഴൽപോലും തട്ടാത്ത സ്നേഹത്തിലുള്ള ബന്ധം; താൻ സ്വന്തമാക്കിയ തമ്പുരാനിലേയ്ക്കും കർത്താവിലേക്കും സിസ്റ്റേഴ്സിനെ വലിച്ചടുപ്പിക്കുന്ന ബന്ധം. ഈ വിളിയോടൊപ്പം നമുക്കു നൽകുന്ന സന്ദേശത്തിന് ജീവിതസാക്ഷ്യം നൽകുവാൻ സ്ഥാപകൻ നമ്മെ നിർബന്ധിക്കുന്നുണ്ട്. "ഓ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ! നിങ്ങൾ കരേറിയിരിക്കുന്ന ഈ ജീവിതാവസ്ഥ എത്രയും ഉന്നതവും സ്തുത്യർഹവുംതന്നെ".[147] ഈ വിളിയുടെ പ്രതിധ്വനി നമ്മുടെ കാതുകളിൽ സദാ മുഴങ്ങട്ടെ.

**1869 ഡിസംബർ 9**

*"ഞാൻ ഇവിടെ വന്നപ്പോൾ കന്യാസ്ത്രീ മഠത്തിന്റെതായി 120 രൂപ കരം കൊടുക്കുന്ന കാര്യത്തിൽ സിസ്റ്റേഴ്സ് വിഷമിച്ചിരിക്കുന്നതായി കണ്ടു. ഞാൻ കടം വാങ്ങിച്ച് കരം കൊടുത്തു".*

*(മാന്നാനം ആലോചന പുസ്തകം. പേജ് 121)*

# അനുബന്ധം

## വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചൻ

| | | |
|---|---|---|
| ഇടവക | - | ചെന്നങ്കരി - കൈനകരി |
| സ്ഥലം | - | കൈനകരി |
| വീട്ടുപേര് | - | ചാവറ |
| ജനനതീയതി | - | 10-02-1805 |
| മരണതീയതി | - | 03-01-1871 |

**കുടുംബാംഗങ്ങൾ**

| | | |
|---|---|---|
| മാതാപിതാക്കൾ | - | കുര്യാക്കോസ്, മറിയം |
| സഹോദരൻ | - | ജോസഫ് |
| സഹോദരിമാർ | - | 4 പേർ |
| സെമിനാരിയിലേക്ക് | - | 1816 ? |
| അസ്തപ്പാട്ട് പാട്ടം കൊടുത്തത് | - | പീറ്റർ അല്ക്കാന്ത്ര മെത്രാൻ |
| വൈദികപട്ടം തീയതി | - | 29-11-1829 |
| സ്ഥലം | - | അർത്തുങ്കൽ (മാർസ്ലീവ പള്ളി) |
| മെത്രാൻ | - | മാർ മൗറേലിയസ് സ്തബലീനി |
| ഒന്നാം കുർബാന അർപ്പിച്ചത് | - | ചേന്നങ്കരി പള്ളിയിൽ |
| ഒന്നാം കുർബാന - ദിവസം | - | മംഗളവാർത്ത ഒന്നാം ഞായർ |

മാന്നാനം (സി.എം.ഐ) ആശ്രമം കല്ലിട്ടത് - 11-05-1831

പാലയ്ക്കൽ തോമാ മല്പാൻ മരിച്ചത് - 16-06-1841

പോരൂക്കര തോമാ മല്പാൻ മരിച്ചത് - 08-06-1846

ചാവറയച്ചൻ ഉൾപ്പെടെ 11 പേരുടെ വ്രതവാഗ്ദാനം - 08-12-1855
(അന്നുതന്നെ ചാവറയച്ചനെ പ്രിയോർ ജനറലാക്കി)

ചാവറയെ സുറിയാനിക്കാരുടെ വികാർ ജനറലാക്കിയ മെത്രാൻ
- മാർ ബർണ്ണർദീനോസ് ബച്ചെല്ലി (1861)

ചാവറയെ അഭിനന്ദിച്ച് കത്ത് എഴുതിയ മാർപ്പാപ്പ - 9-ാം പിയൂസ് മാർപ്പാപ്പ

ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ മാന്നാനത്തേക്ക് മാറ്റിയത്-24-05-1888

ചാവറയെ വാഴ്ത്തപ്പെട്ടവനാക്കിയത് - ജോൺപോൾ രണ്ടാമൻ പാപ്പ (08-02-1986)

പോസ്റ്റൽ സ്റ്റാമ്പ് ഇറക്കിയത് - 20-12-1987

**ചാവറ പിതാവിന്റെ സമ്പൂർണ്ണ കൃതികൾ :**

വാല്യം 1 - **നാളാഗമങ്ങൾ**

(മാന്നാനം ആശ്രമചരിത്രം, പാലയ്ക്കൽ അച്ചന്റെ ജീവചരിത്രം, 1841 മുതൽ 1864 വരെ മാന്നാനം ആശ്രമത്തിലും തുടർന്ന് 1865വരെ കൂനമ്മാവിലും നടന്ന പ്രധാന സംഭവങ്ങൾ, ചില പഴയ ചരിത്രങ്ങൾ, കൂനമ്മാവ് മഠം നാളാഗമം ആദ്യ 16 പേജുകൾ).

വാല്യം 2 - **സാഹിത്യ കൃതികൾ**

(ആത്മാനുതാപം, മരണവീട്ടിൽ പാടുന്ന പാന, അനസ്തയുടെ രക്തസാക്ഷിത്വം)

വാല്യം 3 - **ആദ്ധ്യാത്മിക കൃതികൾ**

(ധ്യാനസല്ലാപങ്ങൾ, വിവിധ വിഷയങ്ങളിന്മേൽ ധ്യാനം, പ്രാർത്ഥനകൾ, പ്രാർത്ഥനാ ക്രമങ്ങൾ.

വാല്യം 4 - **കത്തുകൾ**

(മാർപ്പാപ്പ മുതൽ പലർക്കായി എഴുതിയ 86 കത്തുകൾ)

*1867 മീനം 1-ാം തീയതി. സർവ്വേശ്വരൻ ഇന്ന് ഏറിയ അനുഗ്രഹം ചെയ്തു. എനിക്കും എന്റെ ആത്മഗുരു പെ. ബ. ദെലഗാത്തായ മൂപ്പച്ചനും എത്രയും വലിയ ഒരു ദുഃഖം വന്നാറെ, നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ട് 3 പരിശുദ്ധ രാജ്ഞി, 3 എത്രയും ദയയുള്ള മാതാവേ എന്ന ജപവും അപേക്ഷിപ്പിച്ചു. ഉടൻ ഈ ഉണ്ടായ മലപോലെ വന്ന കാര്യം, മാതാവ് പൂപോലെ ആക്കുകയും ചെയ്തു.* *(ധ്യാനസല്ലാപങ്ങൾ പേജ് 46)*

# പരാമർശ സൂചിക


1. *ചാവറയച്ചന്റെ കത്തുകൾ* VII/6 പേജ് 159 (എഡിറ്റഡ്). ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. & സി. ജോസി സി.എം.സി. ചാവറ സെൻട്രൽ സെക്രട്ടേറിയേറ്റ്, കാക്കനാട്. 8 ഫെബ്രുവരി 2011
   (ഈ പുസ്തകത്തിൽനിന്നും തുടർന്നുവരുന്ന ഉദ്ധരണികൾക്ക് ചാ. കത്ത് നമ്പർ, പേജ് എന്നു മാത്രമായിരിക്കും പരമർശ സൂചികയിൽ എഴുതുക).
2. *ചാവറ സാഹിത്യ കൃതികൾ* വാല്യം 1, പേജ് 25
   (ഈ പുസ്തകത്തിൽനിന്നും തുടർന്നുവരുന്ന ഉദ്ധരണികൾക്ക് *മാന്നാനം നാളഗമങ്ങൾ*, പേജ്... എന്നായിരിക്കും എഴുതുക)
3. സി. ജോസി സി.എം.സി., *അത്യുന്നതന്റെ തണലിൽ*, പേജ് 21. മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ. 1991
4. Ibid. പേജ് 22
5. 'ഒരു സുറിയാനി വൈദികൻ എത്ര വലിയ കുടുംബത്തിൽ ജനിച്ചവ നായിരുന്നാലും, എത്ര പണ്ഡിതനായിരുന്നാലും എത്ര വയസ്സനാ യിരുന്നാലും ഒരു യൂറോപ്യൻ മിഷനറി അദ്ദേഹത്തെ തന്റെ കൂടെ ഇരുത്തുകയില്ലായിരുന്നു. ഒരു യുവ മിഷനറിയുടെ മുൻപിൽപോലും അദ്ദേഹം നിന്നുകൊണ്ട് വേണ്ടിയിരുന്നു കാര്യമുണർത്തിക്കാൻ... സുറിയാനി വൈദികർക്ക് ഒരിക്കലും മിഷനറിമാരുടെ കൂടെയിരുന്ന് ഭക്ഷണം കഴിക്കാൻ പാടില്ലായിരുന്നു. സഹഭോജനം മിഷനറി വൈദികരുടെ ഔൽകൃഷ്ടൃത്തിന് സാരമായ വിഘാതം വരുത്തു മെന്നായിരുന്നു അവരുടെ ഭാവം" (ഐ.സി. ചാക്കൊ *മാർ ലൂയിസ് പഴേപറമ്പിൽ - ജീവിതവും കാലവും* പേജ് 132)
6. *കേരള കർമ്മല സന്യാസിനിസഭ* (2nd Edition 1987) അനുബന്ധം 2, പേജ് 14 മൗണ്ട് കാർമ്മൽ ജനറലേറ്റ്, ആലുവ.
7. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 1, പേജ് 7
8. *ചാ. കത്ത്* VII/2, പേജ് 152
9. Ibid. VII/8 പേജ് 161
10. *ഫാ. ലെയോപോൾദ് അച്ചന്റെ ഡയറി* (1871 ജനുവരി 3 - ചാവറയച്ചൻ മരിച്ച ദിവസം)
11. ഫാ. വലേറിയൻ ക.നി.മൂ.സ. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം*, സെന്റ് ജോസഫ്സ് പ്രസ്, മാന്നാനം. 1939. പേജ് 324. (തുടർന്നു വരുന്ന ഉദ്ധരണികൾക്ക് '*മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം*' പേജ്... എന്നായിരിക്കും എഴുതുക).

12. *സ്ഥാപക പിതാക്കന്മാർ*, സെന്റ് ജോസഫ്സ് പ്രസ്, മാന്നാനം 1905. പേജ് 35
13. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം.* പേജ് 238-239 & 264. (a, b, c, d-യിലെ അനുഭവസാക്ഷ്യങ്ങൾ)
14 Ibid. പേജ് 257
15 Ibid. പേജ് 240- 241
16 *മാന്നാനം ആലോചനാ പുസ്തകം* പേജ് 206
17 *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 20
18 *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം.* പേജ് 334-335
19. Ibid. പേജ് 334
20. *മാന്നാനം നാളാഗമങ്ങൾ* പേജ് 42-44.
21 Ibid. പേജ് 96
22. Ibid. പേജ് 42-44., ച. കത്ത് പേജ് 190-192
23. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 23
24. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം.* പേജ് 294, 303
25. *ചാ. സ. കൃ.* വാല്യം 2 (*ആത്മാനുതാപം*) രണ്ടാം പാദം 311-336 (തുടർന്നുള്ള ഉദ്ധരണികൾക്ക് ആത്മാ. പാദം നമ്പർ, വരി നമ്പർ മാത്രമായിരിക്കും എഴുതുക)
26. *സ്ഥാപക പിതാക്കന്മാർ*, പേജ് 31
27. *ചാ. കത്ത്* VI/5 പേജ് 144
28. Ibid. IX/10 പേജ് 210
29. ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. *ചാവറയച്ചൻ ഒരു രേഖാചിത്രം.* പേജ് 73. സി.എം.ഐ. ജനറൽ സെക്രട്ടറിയേറ്റ് എറണാകുളം 08-12-2004.
30. *മാന്നാനം നാളാഗമങ്ങൾ* പേജ് 191
31. Ibid. പേജ് 192-208.
32. സി.എം.സി. ജനറലേറ്റിൽവച്ച് നടത്തിയ പ്രസംഗം.
33. വിശുദ്ധ അമ്മത്രേസ്യ *സുകൃത സരണി, 16-2.* വിവ. ഫാ. ഹെർമൻ ഒ.സി.ഡി. കാർമ്മൽ പബ്ലിഷിംഗ് സെന്റർ, തിരുവനന്തപുരം 1985.
34. ബിഷപ്പ് മർസലിൻ, *മലയാളത്തിലെ സത്യവേദ ചരിത്രം.* പേജ് 301-303. കൂനമ്മാവ് 1872.
35. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 106
36. *ചാവറ സാഹിത്യ കൃതികൾ* പേജ് 13, വാല്യം 3, സി.എം.ഐ. പ്രസാധക കമ്മിറ്റി എറണാകുളം 1981. (തുടർന്നുവരുന്ന ഈ പുസ്തകത്തിലെ ഉദ്ധരണികൾക്ക് *ധ്യാനസല്ലാപങ്ങൾ, പേജ്* ... എന്നായിരിക്കും എഴുതുക.

37. ചാ. കത്ത് VI/5 പേജ് 146; *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 589.
38. *മാന്നാനം നാളാഗമങ്ങൾ* പേജ് 27-30.
39. Ibid. പേജ് 71-72.
40. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 229
41.. *ആത്മാനുതാപത്തിലെ* ഉദ്ധരണികൾ ആവർത്തിച്ചാവർത്തിച്ചു വരുന്നതിനാൽ പരാമർശ സൂചികയിൽ പെടുത്തിയിട്ടില്ല. അതാതു സ്ഥലത്ത് ആത്മാ. പാദനമ്പർ, വരികൾ എന്നിങ്ങനെ എഴുതിയിരിക്കുന്നു.
42. *ധ്യാനസല്ലാപങ്ങൾ* പേജ് 16,17,18
43. Ibid. *പേജ് 37*
44. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 264
45. *ധ്യാനസല്ലാപങ്ങൾ* പേജ് 18-23
46. വി. അമ്മത്രേസ്യ, *ആഭ്യന്തരഹർമ്മ്യം, 4-1-6* (വിവ. ഫാ. ഹെർമൻ ഒ.സി.ഡി., കാർമ്മൽ പബ്ലിഷിങ്ങ് സെന്റർ, തിരുവനന്തപുരം 1982)
47. Ibid. *പേജ് 6-7-10*
48. Ibid. *പേജ് 6-8-2, 5*
49. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 315
50. ഫാ. ജി. അരഞ്ഞാണിയിൽ സി.എം.ഐ. '*ആത്മാനുതാപവും സിസ്റ്റർ മരിയ അഗ്രതായുടെ ദൈവത്തിന്റെ നഗരവും*' in പ്രഭയും പ്രതിഭയും എഡിറ്റഡ് സി.എം.ഐ.-സി.എം.സി. സമിതി. പേജ് 29-53, കൊച്ചി 1996.
51. *മാന്നാനം നാളാഗമങ്ങൾ* പേജ് 137
52. *ധ്യാനസല്ലാപങ്ങൾ* പേജ് 13
53. Ibid. പേജ് 18
54. Ibid. പേജ് 38-40
55 വി. അമ്മത്രേസ്യ, *ആഭ്യന്തരഹർമ്മ്യം* 6-7-1
56. Ibid. Ref. 7-7- 4 to 6
57 ഫാ. ഹെർമൻ ഒ.സി.ഡി. (വിവർത്തകൻ) *നവമാലിക*. കാർമ്മൽ പബ്ലിഷിംഗ് സെന്റർ, തിരുവനന്തപുരം 1990. പേജ് 135-136.
58 *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 248
59. Ref. വി. അമ്മത്രേസ്യ *ആഭ്യന്തരഹർമ്മ്യം* 6-6-8
60. *ധ്യാനസല്ലാപങ്ങൾ* പേജ് 22-23
61. Ibid. പേജ് 23
62. Ibid
63. വി. അമ്മത്രേസ്യ, *ആഭ്യന്തരഹർമ്മ്യം* 7-3-4

64. സി. മേരിയ ഏയ്ഞ്ചൽ സി.എം.സി. *ശതാബ്ദി സ്മരണിക.* സെന്റ് ജോസഫ്സ് കാർമ്മലൈറ്റ് കോൺവെന്റ്, മുത്തോലി 1888–1988, കോട്ടയം 1988. പേജ് 20.
65. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 289
66. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 2, പേജ് 14–15
67. വി. അമ്മത്രേസ്യ, *ആഭ്യന്തരഹർമ്മ്യം* Ref. 7-3-2&3
68. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 2, പേജ് 21
69. *ധ്യാനസല്ലാപങ്ങൾ* പേജ് 36, 40
70. Ibid. പേജ് 23
71. 1844 ഫെബ്രുവരി 16-ാം തീയതി മാർ ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലിത്ത ചാവറയച്ചനെയും പോരൂക്കര തോമാച്ചനെയും മല്പാനും വൈദികരുടെ പരീക്ഷകനുമാക്കി. *മാന്നാനം നാളാഗമങ്ങൾ* പേജ് 44.
72. *മാന്നാനം നാളാഗമങ്ങൾ* പേജ് 85–86, 89
73. *ധ്യാനസല്ലാപങ്ങൾ* പേജ് 13.
74. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 1, പേജ് 7
75. *ചാ. കത്ത്* VII/2 പേജ് 152
76. Ibid. VI/5. പേജ് 143
77. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 13
78. *ചാ. കത്ത്* IX/10 പേജ് 218
79. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 10
80. ചാവറയച്ചന്റെ കത്തുകൾ 10 ഗ്രൂപ്പുകളായിട്ടാണ് പ്രസിദ്ധം ചെയ്തിരിക്കുന്നത്. നമ്പർ VII-ൽ കാണുന്നവ സിസ്റ്റേഴ്സിന് എഴുതിയവയാണ്.
81. *ചാ. കത്ത്,* VII/6, പേജ് 159
82. Ibid. VII/7. പേജ് 160
83. Ibid VII/2. പേജ് 151
84. Ibid VII/12. പേജ് 165–166
85. Ibid VII/19. പേജ് 173
86. Ibid VII/12. പേജ് 166–167
87. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 13
88. *ചാ. കത്ത്,* VII/2 പേജ് 152
89. മണവാളത്തെക്കുറിച്ചുള്ള (ബ്രഹ്മചര്യവ്രതം) ഉദ്ധരണികൾ, നമ്മുടെ ജീവിതാന്തസ്സ് ഭാഗ്യപ്പെട്ടതാകുന്നു എന്നതിലും അനുയോജ്യമായതുകൊണ്ട് ചില ആശയങ്ങളുടെ ആവർത്തനം വന്നിട്ടുണ്ട്.
90. *ചാ. കത്ത്* VII/7 പേജ് 160
91. Ibid VII/2 പേജ് 152

64. സി. മേരിയ ഏയ്ഞ്ചൽ സി.എം.സി. *ശതാബ്ദി സ്മരണിക*. സെന്റ് ജോസഫ്സ് കാർമ്മലൈറ്റ് കോൺവെന്റ്, മുത്തോലി 1888–1988, കോട്ടയം 1988. പേജ് 20.
65. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 289
66. *കൂനമ്മാവ് മഠം നാളാഗമം*. വാല്യം 2, പേജ് 14–15
67. വി. അമ്മത്രേസ്യ, *ആഭ്യന്തരഹർമ്മ്യം* Ref. 7–3–2&3
68. *കൂനമ്മാവ് മഠം നാളാഗമം*. വാല്യം 2, പേജ് 21
69. *ധ്യാനസല്ലാപങ്ങൾ* പേജ് 36, 40
70. Ibid. പേജ് 23
71. 1844 ഫെബ്രുവരി 16–ാം തീയതി മാർ ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലിത്ത ചാവറയച്ചനെയും പോരൂക്കര തോമാച്ചനെയും മല്പാനും വൈദികരുടെ പരീക്ഷകനുമാക്കി. *മാന്നാനം നാളാഗമങ്ങൾ* പേജ് 44.
72. *മാന്നാനം നാളാഗമങ്ങൾ* പേജ് 85–86, 89
73. *ധ്യാനസല്ലാപങ്ങൾ* പേജ് 13.
74. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 1, പേജ് 7
75. *ചാ. കത്ത്* VII/2 പേജ് 152
76. Ibid. VI/5. പേജ് 143
77. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 13
78. *ചാ. കത്ത്* IX/10 പേജ് 218
79. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 10
80. ചാവറയച്ചന്റെ കത്തുകൾ 10 ഗ്രൂപ്പുകളായിട്ടാണ് പ്രസിദ്ധം ചെയ്തിരിക്കുന്നത്. നമ്പർ VII–ൽ കാണുന്നവ സിസ്റ്റേഴ്സിന് എഴുതിയവയാണ്.
81. *ചാ. കത്ത്,* VII/6, പേജ് 159
82. Ibid. VII/7. പേജ് 160
83. Ibid VII/2. പേജ് 151
84. Ibid VII/12. പേജ് 165–166
85. Ibid VII/19. പേജ് 173
86. Ibid VII/12. പേജ് 166–167
87. *കൂനമ്മാവ് മഠം നാളാഗമം* വാല്യം 2, പേജ് 13
88. *ചാ. കത്ത്,* VII/2 പേജ് 152
89. മണവാളത്തെക്കുറിച്ചുള്ള (ബ്രഹ്മചര്യവ്രതം) ഉദ്ധരണികൾ, നമ്മുടെ ജീവിതാന്തസ്സ് ഭാഗ്യപ്പെട്ടതാകുന്നു എന്നതിലും അനുയോജ്യമായതുകൊണ്ട് ചില ആശയങ്ങളുടെ ആവർത്തനം വന്നിട്ടുണ്ട്.
90. *ചാ. കത്ത്* VII/7 പേജ് 160
91. Ibid VII/2 പേജ് 152

92. Ibid VII/12 പേജ് 165-166
93. *ധ്യാനസല്ലാപങ്ങൾ* പേജ് 22; ആത്മാ. പേജ് 70-99
94. *ചാ. കത്ത്* VII/5 പേജ് 156
95. Ibid
96. Ibid VII/6 പേജ് 158-159
97. Ibid VII/11 പേജ് 164
98. Ibid VII/10 പേജ് 163
99. Ibid VII/8. പേജ് 161
100. Ibid VII/8. പേജ് 161-162
101. Ibid
102. Ibid
103. Ibid VII/10. പേജ് 163
104. Ibid
105. Ibid VII/11 പേജ് 164
106. Ibid
107. Ibid VII/6. പേജ് 158
108. Ibid VII/1 പേജ് 149
109. Ibid
110. Ibid VII/8. പേജ് 162
111. Ibid VII/9. പേജ് 163
112. Ibid VII/4. പേജ് 155
113. Ibid VII/12. പേജ് 167
114. Ibid VII/2 പേജ് 152
115. Ibid VII/6 പേജ് 158
116. Ibid VII/3 പേജ് 153
117. Ibid VII/5 പേജ് 157
118. Ibid VII/3. പേജ് 153-154 (വാതപ്പനിയിൽനിന്നുണ്ടായ സഹനങ്ങളാണ് കത്തിൽ വിവരിക്കുന്നത്)
119. Ibid
120. Ibid VII/6. പേജ് 158
121. *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം* പേജ് 267-268
122. വി. അമ്മത്രേസ്യ, *ആഭ്യന്തരഹർമ്മ്യം* 6-5-10&11
123. *ചാ. കത്ത്* VII/8. പേജ് 162
124. Ibid VII/1 പേജ് 149
125. Ibid VII/5 പേജ് 156; *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 1, പേജ് 31

126. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 1, പേജ് 31
127. *ചാ. കത്ത്* VII/13 പേജ് 168
128. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 2, പേജ് 14
129. *ചാ. കത്ത്* VII/2 പേജ് 152
130. Ibid VII/17 പേജ് 172
131. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 1, പേജ് 67-68
132. *മാന്നാനം നാളാഗമങ്ങൾ* പേജ് 127.
133. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 1, പേജ് 71-72
134. Ibid പേജ് 174-175.
135. *മാന്നാനം ആലോചനപുസ്തകം* പേജ് 121
136. *ചാ. കത്ത്* VII/5 പേജ് 156
137. Ibid VII/7 പേജ് 160
138. Ibid VII/1 പേജ് 150; *കൂനമ്മാവ് മഠം നാളാഗമം* വാല്യം 1, പേജ് 64.
139. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 2, പേജ് 10-17
140. Ibid പേജ് 14.
141. *കൂനമ്മാവ് മഠം നാളാഗമം.* വാല്യം 2, പേജ് 19
142. *സ്ഥാപക പിതാക്കന്മാർ* പേജ് 35.
143. *മാന്നാനം ആലോചന പുസ്തകം* പേജ് 105-106.
144. *മാന്നാനം നാളാഗമങ്ങൾ* പേജ് 126.
145. Ibid പേജ് 132.
146. *മുത്തോലി മഠം നാളാഗമങ്ങൾ, സി.എം.ഐ. സഭ ആദിമ ദശാബ്ദങ്ങളിലൂടെ* എന്നീ പുസ്തകങ്ങൾ വായിക്കുക.
ഫാ. ബർണാദ് T.O.C.D.; *സി.എം.ഐ. സഭ ആദിമ ദശാബ്ദങ്ങളിലൂടെ* The C.M.I. General Department for the media of communication, Prior General's House, Cochin. 1989.
147. *ചാ. കത്ത്* VII/2 പേജ് 151

"തിരുകുടുംബം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ"



ചാവറ പിതാവിന്റെ മുറിയിൽ അനേക വർഷങ്ങൾ സൂക്ഷിച്ചിരുന്ന തിരുകുടുംബ രൂപത്തിന്റെ ഫോട്ടോ

## കുനമ്മാവ് മഠത്തിലെ ആദ്യ അമ്മമാർ

(ക. നി. മൂ. സ.)



*മദർ ഏലീശ്വാ



സി. അന്ന



സി. ത്രേസ്യാ



സി. ക്ലാര

1867 മാർച്ച് 27-ാം തീയതി സഭാവസ്ത്രം സ്വീകരിച്ചു.

1868 ജൂലൈ 16-ാം തീയതി പറഞ്ഞോപ്പ് ചെയ്തു.

* കുനമ്മാവ് മഠസ്ഥാപനത്തിന്റെ ആരംഭത്തിൽ സുപ്പീരിയർ ആയി നിയോഗിക്കപ്പെട്ടത് മദർ ഏലീശ്വാ ആണ്. തുടർന്നുവന്ന തെരഞ്ഞെടുപ്പുകളിലൊന്നും സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടതായി നാളാഗമങ്ങളിൽ കാണുന്നില്ല.



# എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ!

സി.എം.ഐ., സി.എം.സി. സന്ന്യാസ സമൂഹങ്ങളുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെക്കുറിച്ച് അറിയുക, അദ്ദേഹത്തോടുള്ള ഭക്തി പ്രചരിപ്പിക്കുക, അത് എനിയ്ക്ക് ഒരു ഹരമായിരുന്നു.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ! കേരളസഭയ്ക്കു ഒരു വലിയ നിധി! 'നിധി' മറഞ്ഞിരിക്കുന്ന വയലിൽ എന്റെ മനസ്സും ആത്മാവും ഒരു തിരയോട്ടം നടത്തി. ചാവറ മണ്ണിന്റെ ആദ്ധ്യാത്മികസമ്പത്ത് തന്റെ മക്കൾക്കായി 'അപ്പൻ' വീതിച്ചു നല്കിയ അമൂല്യനിധി, നല്ല ദൈവം തന്ന ഉൾക്കാഴ്ചകളിലൂടെ വാക്കുകളായി ഒഴുകിയെത്തുന്നതാണ് ഈ ചെറുഗ്രന്ഥം- "എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ"!

സ്ഥാപകന്റെ ഈ വിളി എല്ലാ മക്കളുടെയും കാതുകളിൽ സദാ മുഴങ്ങിക്കേൾക്കട്ടെ.

**സി. ഹാരിയറ്റ് സി.എം.സി.**
**മേരിമാതാ പ്രോവിൻസ്**
**അങ്കമാലി.**